# HISTORY OF INDIA

## PART II

FOR

## FORM II

5 87

V. V. PUBLISHING HOUSE,
ERNAKULAM.

# HISTORY OF INDIA

## PART II FOR FORM II

# ഇന്ത്യാചരിത്രം

## രണ്ടാംഭാഗം

Edited by
A. E. THOMAS B. A. L. T.,

V. V. PUBLISHING HOUSE
ERNAKULAM.

No; 587

# വിഷയവിവരം.


| അദ്ധ്യായം | | പുറം |
|---|---|---|
| 1 | ബേബർ. | 1 |
| 2 | ഹുമയൂനും ഷേഷയും | 4 |
| 3 | അക്ബർ | 11 |
| 4 | ഷാജിഹാൻ | 18 |
| 5 | അറംഗസീബു് | 22 |
| 6 | നാനക്കും സിക്കുകാരും | 29 |
| 7 | ചൈതന്യൻ | 32 |
| 8 | രാമദാസനും തുകാരാമനും | 35 |
| 9 | ശിവാജി | 39 |
| 10 | പീഷ്വമാർ | 45 |
| 11 | ഡൂപ്ലേയും ക്ലൈവും | 51 |
| 12 | വാറൻഹേസ്ത്തിങ്ങ്സ് | 57 |
| 13 | ഹൈദരാലിയും ടിപ്പുസുൽത്താനും | 61 |
| 14 | നാനാഫർനാവിസ്സ് | 65 |
| 15 | ബലഭദ്രസിംഹൻ | 69 |
| 16 | രാമമോഹൻ റോയിയും വില്യംബെൻടിക്കുപ്രഭുവും | 71 |
| 17 | ബ്രിട്ടീഷുബർമ്മ | 77 |
| 18 | ഒന്നാം ആഫ് ഗൻയുദ്ധം | 82 |
| 19 | രണജിതസിംഹൻ | 85 |
| 20 | ജാൻസിയിലെ റാണി | 89 |

| അദ്ധ്യായം | | പുറം |
|---|---|---|
| 21 | ഇന്ത്യൻനാഷണൽ കോൺഗ്രസ്സ് | 92 |
| 22 | ഭാരതീയസംസ്കാരം. | 102 |
| 23 | കേഴ്സൻപ്രഭു | 112 |
| 24 | ജോർജ്ജുപഞ്ചമനും ദൽഹിദർബാറും | 116 |
| 25 | യൂറോപ്പിലെ ഘോരസമരം | 118 |
| 26 | ഭാരതീയമഹാന്മാർ | 121 |

# ഇന്ത്യാചരിത്രം

## രണ്ടാം ഭാഗം

### അദ്ധ്യായം 1

## ബേബർ.

മുഗിളനായ തിമൂരിന്റെ വംശക്കാരനാണു് ബേബർ. അദ്ദേഹം 1483-ൽ ജാതനായി. സഹറുദ്ദീൻ മുഹമ്മദെന്നായിരുന്ന അദ്ദേഹത്തിന്റെ പേർ. 12 വയസ്സായപ്പോഴേക്കുതന്നെ അദ്ദേഹം പിതാവിന്റെ വഴിക്കു് ഫർഗാനയിലെ രാജാവായി. 1497-ൽ അദ്ദേഹം സമർക്കണ്ടിലേയും രാജസ്ഥാനം കൈക്കലാക്കി. എന്നാൽ അധികം താമസിക്കാതെ രണ്ടു രാജ്യങ്ങളും അദ്ദേഹത്തിനു നഷ്ടപ്പെട്ടു.

1502-ൽ അദ്ദേഹം ഹിന്തുക്കുഷ് മലനിര കടന്നു. അന്നു കാബൂലിൽ (ഇന്നത്തെ ആഫ്ഗനിസ്ഥാൻ) നാനാതരത്തിലുള്ള കുഴപ്പങ്ങളുണ്ടായിരുന്നു. ബേബർ കാബൂലിലെത്തിയപ്പോൾ അവിടത്തുകാർ അദ്ദേഹത്തെ രാജാവാക്കി. പിന്നേ അദ്ദേഹം കണ്ടഹാറും ഹീരറും

സ്വാധീനപ്പെട്ടുത്തി. അതിനു ശേഷം 1519-ൽ ബേബർ ഇന്ത്യയിലേയ്ക്കു പുറപ്പെട്ടു. അന്നു് അദ്ദേഹം ചീനാബു നദിവരെ മാത്രമേ എത്തിയുള്ളു. അന്നു് എബ്രാഹിം ലോഡിയായിരുന്ന ദൽഹിയിലെ രാജാവു്. അദ്ദേഹത്തിന്റെ നയദോഷത്താൽ ജനങ്ങൾ അതൃപ്തരായിരുന്നു. അതുകൊണ്ടു് അവർ ഇന്ത്യയെ ആക്രമിക്കുവാൻ ബേബരെ ക്ഷണിക്കുകകൂടിയുണ്ടായി. 1524-ൽ ബേബർ ലാഹ്വർ കരസ്ഥമാക്കി. പിന്നെ അദ്ദേഹം ദൽഹിയിലേയ്ക്കു പുറപ്പെട്ടു. അന്നു പാനിപ്പറിൽവച്ചുണ്ടായ യുദ്ധത്തിൽ ബേബർ വിജയിയായി. അങ്ങിനെ അദ്ദേഹം ദൽഹിയിലെ സിംഹാസനത്തിൽ ആരോഹണംചെയ്തു.

പിന്നെ ബേബർ ഹിന്ദുസ്ഥാനമാസകലം കരസ്ഥമാക്കാൻ ഉത്സാഹിച്ചു. രാജപുത്രന്മാരോടാണു് അദ്ദേഹത്തിനു് ഒന്നാമതായ്ത്തന്നെ യുദ്ധം ചെയ്യേണ്ടിവന്നതു്. അവരുടെ നായകൻ സംഗ്രാമസിംഹനായിരുന്നു. മീവാരത്തിലെ റാണാവാണു് അദ്ദേഹം. അന്നുണ്ടായ യുദ്ധത്തിൽ രാജപുത്രന്മാർ തോറ്റു. പിന്നെ ബേബർ അഫ്ഗൻകാരുമായി യുദ്ധത്തിനു പുറപ്പെട്ടു. ആ യുദ്ധത്തിലും ബേബർ പൂർണ്ണവിജയിയായി. രാജ്യം കൂടുക്കൂടി വലുതാക്കിയാൽ കൊള്ളാമെന്നു ബേബർക്കു് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ, അതു സാധിക്കുന്നതിനു മുമ്പു് അദ്ദേഹം 1530-ൽ ചരമഗതി പ്രാപിച്ചു.

തന്റെ ജ്യേഷ്ഠപുത്രനായ ഹുമയൂൺ രോഗപീഡിതനായ്ത്തീർന്നപ്പോൾ ബേബർക്കു് ദുസ്സഹമായ ദുഃഖമു



ബെബർ

ണ്ടായിയെന്നും, മകന്റെ ആ രോഗം തന്നിലേയ്ക്കു പകരേണമേ എന്ന് അദ്ദേഹം പ്രാർത്ഥിച്ചുവെന്നും അപ്രകാരമാണ് രോഗം ബാധിച്ച് അദ്ദേഹം മരിച്ചതെന്നും ഐതിഹ്യമുണ്ട്.

കായ്നിവ്വാഹണത്തിൽ ബെബർ ഏറ്റവും സമർത്ഥനായിരുന്നു. സംഗീതം മുതലായ കലകളിൽ അദ്ദേഹത്തിനും നൈപുണ്യം ക്രൂടും. ബാല്യത്തിൽ പല കഷ്ടപ്പാടുകളും അനുഭവിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ മനസ്സിനു ദാർഢ്യം വർദ്ധിച്ചു. യുദ്ധത്തിൽ പല പ്പോഴും അപജയം നേരിട്ടിട്ടും അദ്ദേഹം നിരാശനായി

ട്ടില്ല. പരാജിതന്മാരിൽ അദ്ദേഹത്തിന്നു് അനുകമ്പ ക്രൂരം. രാജപുത്രന്മാരോടു പൊരുതേണ്ടിവന്നപ്പോൾ അവരുടെ ക്രൂരത്തോടെയുള്ള മരണം കണ്ടു് വിഷാദമുണ്ടാകയാൽ അതിന്റെ പ്രതിവിധിയായി അദ്ദേഹം മദ്യപാനത്തെ പരിത്യജിക്കയുണ്ടായി. പ്രകൃതിസൌന്ദര്യത്തിൽ അനന്ദിക്കയെന്നതു് അദ്ദേഹത്തിനു പതിവായിരുന്നു. അദ്ദേഹം നല്ലൊരു സാഹിത്യകാരൻകൂടിയാണു്. തന്റെ ജീവിതത്തിലെ മുഖ്യസംഭവങ്ങളെക്കുറിച്ചു് ഏടയംഗമമായ രീതിയിൽ അദ്ദേഹം കുറിപ്പുകൾ എഴുതിവെച്ചിട്ടുണ്ടു്. അതിൽനിന്നു് അദ്ദേഹത്തിന്റെ പല ഗുണങ്ങളും മനസ്സിലാക്കാവുന്നതാണു്

---

## അദ്ധ്യായം 2.

## ഹുമയൂനും ഷേർഷായും.

ബാബർ മരിച്ചതിനു ശേഷം അദ്ദേഹത്തിന്റെ പുത്രന്മാർ തമ്മിൽ വഴക്കുണ്ടാകയാൽ സാമ്രാജ്യത്തെ രണ്ടു ഖണ്ഡങ്ങളാക്കി. ബാബരുടെ മൂത്തപുത്രനായ ഹുമയൂൻ ഹിന്ദുസ്ഥാനത്തിലെ രാജാവായി. ഹുമയൂനിന്റെ അനുജനായ കമ്രാൻ കന്ദഹാരം, കാബൂൾ, പഞ്ചാബു് എന്നിവിടങ്ങളിലെ രാജാവുമായി. ഇങ്ങിനെ വന്നതുകൊണ്ടു ഹുമയൂനിനു അഫ്ഗനിസ്ഥാനത്തുനിന്നു സൈന്യസഹായം ഇല്ലെന്നുവന്നു.



ഹുമയൂൻ

സ്ഥാനാരോഹണസമയത്തു ഹുമയൂനിന്നു 23 വയസ്സു മാത്രമേ പ്രായമായിരുന്നുള്ളുവെങ്കിലും, അദ്ദേഹത്തിന്

അസാമാന്യമായ ഭരണസാമർത്ഥ്യമുണ്ടായിരുന്നു. അദ്ദേഹം 1531-ൽ ബീഹാരത്തിൽ കടന്നു മുഹമ്മദുലോഡിയെ തോല്പിച്ചു. പിന്നെ, ചൂനാർ എന്ന നഗരം അദ്ദേഹം വളഞ്ഞു പിടിച്ചു ആ നഗരം കരസ്ഥമാക്കി. ആ വിജയത്തോടെ യുദ്ധമെല്ലാം നിത്തിവെച്ചു് അദ്ദേഹം രാജധാനിയിലേക്കു മടങ്ങി.

ബീഹാരത്തിൽ നിന്നു ഓടിയ ലോഡി ഗുജറത്തിലാണു് അഭയം പ്രാപിച്ചിരുന്നതു്. അന്നു് അവിടെ രാജാവായിരുന്ന ബഹദൂർഷാ സൈന്യങ്ങളെക്കൊണ്ടു് ലോഡിയെ സഹായിച്ചു. ലോഡിയും ഹുമയൂനും തമ്മിലുണ്ടായ ഒരു യുദ്ധത്തിൽ ബഹദൂർഷായുടെ പുത്രനായ താട്ടർഖാൻ ഹതനായി. ലോഡി തോല്ക്കുകയും ചെയ്തു. ബഹദൂർഷാ അപ്പോഴം പോർത്തുഗീസ്സുകാരുടെ സ്ഥലമായ ഡ്യൂവിൽ അഭയം പ്രാപിച്ചു.

ഗുജറാട്ടിലേയും ബീറാറിലേയും രാജാവായി ഉയർന്നുകൊണ്ടു് ഷേർഖാൻ എന്ന അഫ്ഘൻ പ്രധാനി അയൽനാടുകളം പിടിച്ചടക്കിക്കൊണ്ടു് ഹുമയൂനിനോടു ലഹള യ്ക്കാരുങ്ങി. ഷേർഖാൻ ഗൌർ കരസ്ഥമാക്കി. ഇതിനിടയിൽ ഹുമയൂൻ എതിർത്തുവന്നു് ചൂനാർ നഗരം വളഞ്ഞു. ചൂനാർനഗരത്തെ രക്ഷിപ്പാൻ ഷേർഖാൻ പുത്രനായ ജലാൽഖാനിനെ ഏല്പിച്ചു. ഷേർഖാൻ പിന്നെ റോട്ടസ്സു എന്ന കോട്ടയിൽ അഭയം പ്രാപിച്ചു. ഇതുയുമായപ്പോഴം ജലാൽഖാൻ ചൂനാർ ഉപേക്ഷിച്ചു റോട്ടസ്സിലെത്തി. ഹുമയൂൻ അവരെ പിന്തുടർന്നു ബങ്കാളത്തിലേക്കു് കടന്നു. ഗൌർ സ്വാധീനമാക്കിയ ശേഷം അദ്ദേ



ഷേർഷ

ഹം അവിടെ താമസിച്ചു. ഇതിനിടയിൽ ഷേർഖാൻ ഹുമയൂനിന്റെ ഗതാഗതസൌകര്യമില്ലാതാക്കി. അതു കൊണ്ട് ഹുമയൂൻ ബീഹാറിലേക്കു തന്നെ മടങ്ങി. പക്ഷേ, ഷേർഖാൻ അദ്ദേഹത്തെ 1539-ൽ ബക്സാറിനു സമീപമുള്ള ചൌസറിൽ വച്ചു തോല്പിച്ചു. 1540-ൽ കന്യാകുബ്ജത്തിൽ വച്ചുണ്ടായ യുദ്ധത്തിലും ഹുമയൂൻ തോറ്റു. പിന്നെ അദ്ദേഹം ലാഹൂരിലേക്കു പോയി. സഹോദരനായ കമ്രാൻ വല്ലസഹായവും ചെയ്യുമെന്നു അദ്ദേഹം ആഗ്രഹിച്ചു. പക്ഷേ, ഷേർഖാനിനെ ഭയപ്പെട്ട് കമ്രാൻ തന്നെയും കാബൂലിലേക്കു മാറുകയാണുണ്ടായത്.

ഇപ്രകാരം, മുഗിളന്മാരുടെ ഇന്ത്യാസാമ്രാജ്യം നഷ്ടമായി. ഹുമയൂൻ സിന്ധിലെ മരുഭൂമികളിൽ അലഞ്ഞു

തിരിഞ്ഞു അമർക്കോട്ട് എന്ന സ്ഥലത്തെത്തി. അവിടെ അദ്ദേഹത്തിന് ഒരു പുത്രൻ ജനിച്ചു. ആ പുത്രനാണ് അക്ബർ. ഹുമയൂൻ പിന്നെ പേർഷ്യയിലേക്കു പോയി.

അനന്തരം 15 കൊല്ലത്തോളം കാലം ഷേർഖാനും അദ്ദേഹത്തിന്റെ വംശക്കാരുമായിരുന്ന ഹിന്ദുസ്ഥാനത്തിലെ നായകന്മാർ. അവരുടെ വംശത്തിനു സൂർവംശമെന്നുപേർ. സൂർവംശക്കാരിൽ പ്രധാനി ഷേർഖാൻ തന്നെയായിരുന്നു. അദ്ദേഹത്തെ ചരിത്രകാരന്മാർ ഷേർഷാസൂർ എന്നാണ് വിളിക്കുന്നതു്. അദ്ദേഹം 5 കൊല്ലമേ ഭരിച്ചുള്ളുവെങ്കിലും, അക്കാലത്തിനിടയ്ക്കു അദ്ദേഹം ചെയ്ത പ്രവൃത്തികളുടെ ശ്രേഷ്ഠത ആലോചിക്കുമ്പോൾ അദ്ദേഹത്തെ ഇന്ത്യയിലെ ഏറ്റവും മഹാനായ ഒരു രാജാവായ്ത്തന്നെ കരുതേണം. ഷേർഷായുടെ പിൻഗാമിയായ അക്ബരുടെ കാലത്തു നടപ്പിൽ വരുത്തിയ ഭരണസംബന്ധവും ധനസംബന്ധവുമായ പരിഷ്കാരങ്ങളും ആസകലവും തുടങ്ങിയതു ഷേർഷ തന്നെയാണ്.

1486-ൽ ആണ് അദ്ദേഹം ജാതനായതു്. ഫരീദ എന്നായിരുന്ന മാതാപിതാക്കന്മാർ കൊടുത്തപേർ. ഫരീദിന്റെ മുത്തച്ഛനായ എബ്രാഹിം ദൽഹിക്കു സമീപമുള്ള ഹിസ്സാരിലാണ് വസിച്ചിരുന്നതു്. എബ്രാഹിമിന്റെ പുത്രനായ ഹസ്സനായിരുന്ന ഫരീദിന്റെ പിതാവു്. ഹസ്സൻ 500 പടയാളികളുടെ നായകനായിരുന്നു. അന്നു സൈന്യോദ്യോഗസ്ഥന്മാർക്കു ഇന്നത്തെപ്പോലെയല്ല ശമ്പളം കൊടുത്തിരുന്നതു്. അന്നു അവർക്കു നിലംപതിച്ചു

കൊടുക്കുകയായിരുന്നു പതിവു്. അതുകൊണ്ടു ഹസ്സനു ധാരാളം ഭൂമി കരസ്ഥമായിരുന്നു. ഫരീദിനെ ഹസ്സനു അധികം സ്നേഹമുണ്ടായിരുന്നില്ല. അതുകൊണ്ടു പിതാവിനോടു മുഷിഞ്ഞു ഫരീദു ജോൻപുരത്തു ചെന്നു താമസമാക്കി. കുറെ കഴിഞ്ഞപ്പോൾ ഹസ്സൻ ഫരീദിനു സസ്രം, കാവസ്സപുരം എന്നിവിടങ്ങളിലെ നിലങ്ങൾ ഏല്പിച്ചു കൊടുത്തു. ആ നിലങ്ങളെ ഫരീദു യഥാവിധി ഭരിച്ചുവന്നു. അതിനിടയിൽ ഫരീദു ഹസ്സനുമായി വീണ്ടും വഴക്കിനു പുറപ്പെട്ടു. അന്നു ഫരീദു ബീഹാറിലെ ഗവർണരായ ബഹർഖാനിന്റെ കീഴിൽ ഉദ്യോഗത്തിനു പോയി. അന്നു ഒരു പുലിയെ കൊന്നതുകൊണ്ടാണത്രെ ഫരീദിനു ഷേർഖാൻ എന്നു പേർ കിട്ടിയതു്. ബഹർഖാനിന്റെ കീഴിൽ ഷേർഖാൻ 4 കൊല്ലം ഉദ്യോഗം വഹിക്കുകയുണ്ടായി. 1528-ൽ ബേബർ ബീഹാരത്തെ ആക്രമിച്ചപ്പോൾ ഷേർഖാൻ ബഹർഖാനിനു വളരെ സഹായം ചെയ്തുകൊടുത്തു.

ബഹർഖാൻ മരിച്ചപ്പോൾ പുത്രനായ ജലാൽഖാൻ ഒരു മൈനരായിരുന്നു. അതുകൊണ്ടു് ഷേർഖാൻ ജലാൽഖാനിന്റെ രക്ഷിതാവായി. അക്കാലത്തു് ബങ്കാളത്തിലെ നസ്രറുഖാൻ അന്തരിച്ചു; പുത്രനായ ഫിറോസഷാ ബങ്കാളത്തിലെ അധിപനായി. അന്നുണ്ടായ ബങ്കാളത്തിലെ ആഭ്യന്തരകലഹത്തിൽ ഷേർഖാനും ഒരു പങ്കുണ്ടായിരുന്നു. ഫിറോസഷായെ സ്ഥാനഭ്രഷ്ടനാക്കി മുഹമ്മദുഷാ സ്ഥാനാരോഹണം ചെയ്തു. ബീഹാരത്തിലെ ജലാൽഖാൻ മുഹമ്മദുഷായുടെ അധീനത്തിലു

നായി. അപ്പോൾ ഷേർഖാൻ ബീഹാരത്തിലെ ആധിപത്യത്തിലേക്കുയർന്നു. ബിഹാരത്തെ കീഴടക്കുവാൻ മുഹമ്മദുഷാ ഉത്സാഹിച്ചതിൽ അദ്ദേഹം പരാജിതനാകയാണുണ്ടായതു്. പിന്നീടാണു് ഈ അദ്ധ്യായത്തിന്റെ തുടക്കത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നതു്.

ഷേർഷാ 1545-ൽ ചരമഗതി പ്രാപിച്ചതിനു ശേഷം പുത്രനായ ജലാൻഖാൻ സുൽത്താനായി. അദ്ദേഹം 1553-വരെ രാജ്യം ഭരിച്ചു. അദ്ദേഹത്തിന്റെ നിര്യാണത്തിനു ശേഷം അദ്ദേഹത്തിന്റെ പുത്രൻ സ്ഥാനാരോഹണംചെയ്തുവെങ്കിലും ജലാൻഖാനിന്റെ ജ്യേഷ്ഠനായ അധിൽഖാൻ ആ സുൽത്താനെ സ്ഥാനഭ്രഷ്ടനാക്കി. അധിൽഖാനിന്റെ പ്രധാന മന്ത്രിയായിരുന്നു ഹെമു എന്ന ഹിന്ദു. അന്നു് ഏബ്രാഹിംസൂരി, സിക്കാണ്ടർസൂരി എന്നിങ്ങനെ മഹാരാജപുത്രന്മാർക്രൂടി രാജ്യാവകാശികളായി പുറപ്പെട്ടു. അതിനിടയിൽ ഹുമയൂൻ വീണ്ടും ഇന്ത്യയിലെത്തി സിക്കാണ്ടർസൂരിയെ തോല്പിച്ചു് സുൽത്താനായി. പക്ഷേ അദ്ദേഹം 1556-ൽ മരണം പ്രാപിച്ചു.

അദ്ധ്യായം 3.

# അക്ബർ

സ്ഥാനാരോഹണസമയത്തു് അക്ബർക്കു് 14 വയസ്സു മാത്രമേ പ്രായമായിരുന്നുള്ളുവെങ്കിലും അദ്ദേഹത്തിന്റെ ഭരണസാമർത്ഥ്യംകൊണ്ടു് അദ്ദേഹം ഇന്ത്യയിലെ മുഹമ്മദീയരാജാക്കന്മാരിൽ പ്രഥമഗണനീയനായിത്തീർന്നു.

ഹുമയൂൻ സിക്കാണ്ടർസൂരിയെ തോല്പിച്ചുവെന്നു പറഞ്ഞുവല്ലോ. അപ്പോൾ സിക്കാണ്ടർ പഞ്ചാബിൽ അഭയം പ്രാപിച്ചു. അക്ബർ അദ്ദേഹവുമായി യുദ്ധം ചെയ്കയായിരുന്നു. ആ സമയത്താണു് ഹുമയൂനിന്റെ നിര്യാണവാർത്ത അക്ബർ ധരിച്ചതു്. അക്ബരുടെ രക്ഷിതാവായി ബൈറാംഖാൻ എന്നൊരാളുണ്ടായിരുന്നു. അദ്ദേഹം ഉടനെ അക്ബരുടെ കിരീടധാരണത്തിനു വട്ടംകൂട്ടി. 1556 ഫെബ്രുവരി 14-നാണു-യാണു് അക്ബരുടെ കിരീടധാരണം നടന്നതു്. എങ്കിലും ചക്രവർത്തിയുടെ സ്ഥാനം സുരക്ഷിതമായിരുന്നില്ല. തോറ്റുപോയ സിക്കാണ്ടർസൂരി രാജസ്ഥാനാവകാശം കൈവെടിഞ്ഞിരുന്നില്ല. കിഴക്കുഭാഗത്തു് മുഹമ്മദുഷാ അദാലിയെന്നും ഹെമുവെന്നും രണ്ടു ശത്രുക്കളുണ്ടായിരുന്നു. രാജപുത്രന്മാരും മറ്റനവധി മുഹമ്മദീയരും എന്താണു് ആലോചിച്ചുറച്ചതു് എന്നതിനെ അറിവുണ്ടായിരുന്നില്ല.

ഹുമയൂൻ മരിച്ചുവെന്നു കേട്ടപ്പോൾ ഹെമു ബങ്കാളത്തിൽനിന്നു പുറപ്പെട്ടു് ആഗ്രയിലെത്തി. പിന്നെ അദ്ദേ



അക്ബർ

ഹം ദൽഹിയിൽ ചെന്ന് അവിടത്തെ ഗവണ്ണരെ തോല്പിച്ച് ആ നഗരം കരസ്ഥമാക്കി; വിക്രമാദിത്യൻ എന്ന നാമധേയത്തോടുകൂടി രാജാവായി വാണു. ഈ വിവരമറിഞ്ഞു് അക്ബർ അലിക്കുലിഖാനിന്റെ കീഴിൽ ഒരു സൈന്യത്തെ ദൽഹിയിലേക്കയച്ചു. ആ സൈന്യവുമായുണ്ടായ യുദ്ധത്തിൽ ഹെമുവിനു വളരെ നഷ്ടം പറ്റി. സിക്കാണ്ടർസൂരി ലാഹളയുടെ പുറപ്പെടാതിരിപ്പാൻ വേണ്ടതുക മുൻകരുതലുകൾ ചെയ്തു് അക്ബരും ദൽഹിയിലേക്കു പുറപ്പെട്ടു. അന്നു് പാനിപ്പട്ടിൽ വച്ചുണ്ടായ യുദ്ധത്തിൽ ഹെമു തോറ്റു. അതു കഴിഞ്ഞു് അക്ബർ ദൽഹിയിൽ പ്രവേശിച്ചു. 1557-ൽ

ബീഹാരത്തിലെ അഡിൽഷാ മരിച്ചു. സിക്കാണ്ടർസൂരി അക്ബക്ക് കീഴടങ്ങുകയും ചെയ്തു. ഇങ്ങിനെ 1558-ന്റെ തുടക്കത്തിൽ അക്ബരുടെ പ്രധാന ശത്രുക്കളെല്ലാം രംഗത്തുനിന്നു മറഞ്ഞു.

പിന്നെ അക്ബർ ഗ്വാളിയോർ, അജമീർ എന്നീ കോട്ടകളും ജോൺപൂരവും സ്വാധീനമാക്കി. 1562-ൽ മാൾവയും മുഗിളന്മാക്കധീനമായി. ഗോണ്ട്വാനയും അവർ കരസ്ഥമാക്കി. ഗോണ്ട്വാനയിലെ റാണിയായിരുന്ന ചരിത്രപ്രസിദ്ധയായ ദുർഗ്ഗാവതി.

പിന്നെ അക്ബർ ബൈറാംഖാനിനെ പിരിച്ചയച്ചു നേരിട്ടു ഭരണം നടത്തുവാൻ തുടങ്ങി.

അക്ബക്ക് മുഗിളന്മാരിൽത്തന്നെ വളരെ ശത്രുക്കളുണ്ടായിരുന്നു. അവരിലൊരാളാണ് ഖാൻസാമൻ. അദ്ദേഹത്തെ അക്ബർ 1560-ൽ ബങ്കാളത്തിലേക്കയച്ചു. അന്നു ബങ്കാളത്തിലെ ഷേർഷാ ദ്വിതീയൻ ലഹളയുണ്ടാക്കുകയായിരുന്നു. ആ ലഹള ഖാൻസാമൻ ഒതുക്കിയെങ്കിലും അദ്ദേഹം അക്ബരുടെ കല്പനകളെ അനുസരിച്ചില്ല. അപ്പോൾ അക്ബർ ഖാൻസാമന്റെ നേരെ യുദ്ധത്തിനു ചെന്നു അദ്ദേഹത്തെ തോല്പിച്ചു.

മാൾവയിൽ ബസ്ബഹദ്ദൂർ എന്നു പേരായി ഒരു അഫ്ഗാൻ രാജാവുണ്ടായിരുന്നു. അദ്ദേഹത്തെ തോല്പിക്കുവാൻ പോയ ആദംഖാൻ എന്ന മുഗിളൻ ചക്രവർത്തിയുടെ കല്പനകളെ അനാദരിച്ചുതുടങ്ങി. അപ്പോൾ ചക്രവർത്തി മാൾവയിൽ ചെന്നു ആദംഖാനിനെ തോ

ല്പിച്ചു. പിന്നെ അക്ബർ മാഹംവയിലെ ഭരണത്തിനു ഉസ്ബഗ് എന്നൊരാളെ നിയമനം ചെയ്തു. ഈ ഉസ്ബഗും അനന്തരകാലങ്ങളിൽ ലഹളക്കു പുറപ്പെടാതിരുന്നില്ല. എങ്കിലും അക്ബർ ആ ലഹളയും വേഗം ഒതുക്കി.

മുഗിളന്മാരെക്കൊണ്ടു ഉപദ്രവമാണു് സിദ്ധമാകാൻ എളുപ്പമെന്നു കണ്ടപ്പോൾ ചക്രവത്തി ഹിന്തുക്കളേയും അഫ്ഗൻകാരേയും സ്വാധീനപ്പെടുത്തുവാൻ ശ്രമിച്ചു. അദ്ദേഹം അവക്കു മാന്യമായ ഉദ്യോഗങ്ങൾ കൊടുത്തു. അതുകൊണ്ടു അവർ രാജഭക്തന്മാരായി ഇണങ്ങി. രാജപുത്രന്മാരായിരുന്നു അന്നു് ഹിന്തുക്കളിൽ പ്രധാനികൾ. അവരെ സ്വാധീനമാക്കുന്നതിൽ ചക്രവത്തിക്കു രണ്ടു ഉദ്ദേശങ്ങളുണ്ടായിരുന്നു. ആയോധനപ്രിയന്മാരായ അവർ സ്വാധീനമായാൽ ഹിന്തുക്കളിൽനിന്നു ലഹള ഉണ്ടാകുന്നതല്ലല്ലൊ. മുഗിളന്മാരും അഫ്ഗൻകാരും ലഹളയ്ക്കു പുറപ്പെട്ടാൽ രാജപുത്രന്മാർ ചക്രവത്തിയെ സഹായിക്കുമായിരുന്നു.

ജയപുരത്തിലെ റാണാവായ ബിർമാലിന്റെ പുത്രിയെ 1562-ൽ അക്ബർ വിവാഹം ചെയ്തു. ആ ബിർമാലിന്റെ കുടുംബത്തിലെ അംഗങ്ങളായ മാനസിംഹനും ഭഗവൽസിംഹനും ചക്രവത്തി മാന്യമായ ഉദ്യോഗങ്ങൾ കൊടുത്തു. 1570-ൽ ചക്രവത്തി ബിക്കാനിർ, ജെയ്സൽമർ എന്നിവിടങ്ങളിൽനിന്നും രാജപുത്രകന്യകമാരെ വിവാഹം ചെയ്തുണ്ടായി.

മീവാരത്തിലെ രാജപുത്രന്മാർ മാത്രം ചക്രവത്തിക്കു വഴിപ്പെട്ടില്ല. അവരുടെ പ്രധാന നഗരം ചിതോരായിരുന്നു. ചക്രവത്തി ആ നഗരം വളഞ്ഞു. അപ്പോൾ അവിടത്തെ റാണാവായ ഉദയസിംഹൻ ചിതോറിൽ നിന്നു ഓടി. ജയമല്ലനായിരുന്ന ചിതോരിലെ സൈന്യാധിപൻ. അദ്ദേഹത്തെ ചക്രവത്തി യുദ്ധത്തിൽ കൊന്നു കളഞ്ഞു. അങ്ങിനെ ചിതോർ മുഗിളന്മാക്കധീനമായി. പിന്നെ, രാൻതംപോർ, കലഞ്ചർ എന്നീ കോട്ടകളും മുഗിളന്മാർ സ്വാധീനപ്പെട്ടുത്തി.

1572-ൽ ഉദയസിംഹൻ ചരമഗതി പ്രാപിച്ചപ്പോൾ പ്രതാപസിംഹൻ റാണാവായി. അദ്ദേഹം ചിതോരിനെ വീണ്ടെടുക്കുവാൻ ആവുന്നയത്നം ചെയ്തു. എങ്കിലും അതു സാധിക്കാതെതന്നെ അദ്ദേഹം 1597-ൽ ചരമഗതി പ്രാപിച്ചു.

അക്ബർ ഇതിനിടയിൽ ഗുജറത്തും സ്വാധീനമാക്കി.

അക്ബരുടെ കാലത്തു ബങ്കാളത്തിലെ രാജാവു ദൗദ് ഖാനായിരുന്നു. അദ്ദേഹം മുഗിളന്മാരുടെ വകയായ സിമിന എന്ന കോട്ട പിടിച്ചടക്കി. അപ്പോൾ ചക്രവത്തി ടോഡർമാളിനെ അയച്ചു് ബങ്കാളമാസകലം കരസ്ഥമാക്കി. 1595 ആയപ്പോഴേക്കും കാബൂൾ, കാശ്മീരം, സിന്ധ്, കന്ദഹാരം, ഒറീസ്സ എന്നീ സ്ഥലങ്ങളും ചക്രവത്തിക്കധീനമായി.

# ഹിന്ദുസ്ഥാനിലെ ഇൻഡ്യാ

ഇങ്ങിനെ ഉത്തരേന്ത്യ മുഴുവനും സ്വാധീനമാക്കി, അക്ബർ ദക്ഷിണേന്ത്യയെ അധീനമാക്കാൻ പുറപ്പെട്ടു. അന്നു ദക്ഷിണേന്ത്യയിൽ 5 മുഹമ്മദീയരാജ്യങ്ങളുണ്ടായിരുന്നു. അവ ബീറാർ, അഹമ്മദ്നഗരം, ബീഡർ, ഗൊൽക്കൊണ്ട, ബീജപുരം എന്നിവയായിരുന്നു. അവയെല്ലാം തന്നെ പണ്ടത്തെ ഭാമിനിരാജ്യത്തിന്റെ വിഭാഗങ്ങളാണു്. അവയെ നയം കൊണ്ടു സ്വാധീനമാക്കാമെന്നാണു് അക്ബർ കരുതിയതു്. അതിനു സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ ചക്രവർത്തി അഹമ്മദ്നഗരത്തെ ആക്രമിച്ചു. അന്നു അവിടെ ചാന്ദസുൽത്താനയായിരുന്നു ഭരിച്ചിരുന്നതു്. മുഗിളന്മാർ അന്നു തോറ്റതേയുള്ളു. പക്ഷേ, സുൽത്താനയുടെ മരണശേഷം അഹമ്മദ്നഗരം മുഗിളന്മാക്കധീനമായി. പിന്നെ അക്ബർ കാൻഡേഷ്, ബീറാർ എന്നീ പ്രദേശങ്ങളും കൈവശപ്പെടുത്തി.

1605-ൽ ചക്രവർത്തി ചരമഗതി പ്രാപിച്ചപ്പോൾ മുഗിം സാമ്രാജ്യം തെക്കു ഗോദാവരി നദിവരെ നീണ്ടു കിടന്നിരുന്നു.

അദ്ധ്യായം 4

# ഷാജഹാൻ.

1605-ൽ അക്ബർ അന്തരിച്ചപ്പോൾ പുത്രനായ സലിം ജഹാംഗീർ എന്നപേരോടുകൂടി ചക്രവത്തിയായി. അദ്ദേഹം 1627-ൽ ചരമഗതിപ്രാപിച്ചപ്പോൾ പുത്രനായ കുറം ഷാജിഹാൻ എന്ന പേരോടുകൂടി സ്ഥാനാരോഹണം ചെയ്തു. കുറത്തിന്റെ സ്ഥാനാരോഹണത്തെപ്പറ്റി തക്കിക്കുവാൻ ഷാരിയർ എന്നൊരു അനുജനുണ്ടായിരുന്നു. രണ്ടു കുമാരന്മാക്കും രാജകുടുംബത്തിൽതന്നെ സഹായികളുമുണ്ടായിരുന്നു. ജഹാംഗീരിന്റെ റാണിയായിരുന്നു സുപ്രസിദ്ധയായ നുർജിഹാൻ. നുർജിഹാന്റെ പ്രഥമഭർത്താവിൽനിന്നു് ജാതയായ പുത്രിയുടെ ഭർത്താവാണു് ഷാരിയർ. നുർജിഹാന്റെ സഹോദരനായ ആസഫ് ഖാനിന്റെ ജാമാതാവായിരുന്നു ഷാജിഹാൻ. ജഹാംഗീരിന്റെ നിര്യാണസമയത്തു കുറം ദക്ഷിണഖണ്ഡത്തിലായിരുന്നു. ആസഫ് ഖാൻ ഷാരിയരെ തടവിലാക്കി. 1628-ൽ കുറം ഉത്തരേന്ത്യയിൽ ചെന്നു ചക്രവത്തിയുമായി.

അന്നു ദക്ഷിണഖണ്ഡത്തിലെ വൈസറോയി ഖാൻ ജഹാൻലോഡി എന്നൊരാളായിരുന്നു. അദ്ദേഹം അഹമ്മദനഗരത്തിലെ സുൽത്താന്റെ സഹായത്തോടുകൂടി ലഹളയുണ്ടാക്കി. അപ്പോൾ ഷാജിഹാൻ ദക്ഷിണഖണ്ഡത്തിലെത്തി. ഖാൻജഹാൻ ബീജപുരത്തിൽ അഭയം പ്രാപിച്ചു. അദ്ദേഹത്തിന്റെ സഹായികളായ സാഹജി, കലൂജിബോൺസലെ എന്നിവർ ചക്രവ

ത്തിക്കുകീഴടങ്ങി. ഖാൻജഹാൻ ബന്തൽ ഖണ്ഡത്തിലെ കലഞ്ചർ എന്ന സ്ഥലത്തുവച്ചു ഹതനായി.

പോർത്തുഗീസ്സുകാക്കു ഹുഗ്ലിയിൽ ഒരു വ്യാപാരസ്ഥല മുണ്ടായിരുന്നു. അവിടത്തെ പോർത്തുഗീസ്സുകർ അടിമ ക്കച്ചവടവും നടത്തിയിരുന്നു. 1632-ൽ അവർ രണ്ടു പെൺകുട്ടികളെ വിലയ്ക്കുവാങ്ങി. ആ പെൺകുട്ടികൾ ഷാജിഹാന്റെ റാണിയായ മുഹമ്മടസ് മഹാലിന്റെ ബന്ധുക്കളായിരുന്നു. ആ വിവരമറിഞ്ഞു് ചക്രവർത്തി പോർത്തുഗീസ്സു കോട്ട നശിപ്പിച്ചു കളഞ്ഞു.

അക്ബരുടെ കാലത്തുതന്നെ ദക്ഷിണഖണ്ഡത്തിൽ കാണ്ടേഷും അഹമ്മദുനഗരത്തിലൊരുഭാഗവും മുഗിളന്മാ ക്കധീനമായിട്ടുണ്ടു്. ഖാൻജിഹാന്റെ ലഹളയിൽ അഹ മ്മദുനഗരക്കാരുടെ സഹായമുണ്ടെന്നറിഞ്ഞു ഷാജിഹാൻ അഹമ്മദുനഗരത്തിനോടു യുദ്ധത്തിനു പുറപ്പെട്ടു. അതിനു അഹമ്മദുനഗരത്തിലെ മന്ത്രിയുടെ സഹായവുമുണ്ടായി രുന്നു. മന്ത്രി യജമാനനായ സുൽത്താനെ ഉപായത്തിൽ വധിച്ചുകളഞ്ഞു. പക്ഷേ, മന്ത്രി ഷാജിഹാനോടും വിശ്വാസത്തോടെയല്ല പെരുമാറിയതു. ബീജപുരത്തിലെ സുൽത്താൻ അഹമ്മദുനഗരത്തിലെ ദൌലറാബാദു എന്ന കോട്ട പിടിപ്പാൻ ചെന്നു. അപ്പോൾ മന്ത്രിയുടെ സഹായത്തിനു മുഗിൾ സൈന്യം വന്നു ചേർന്നു. ആ സൈന്യത്തെ മന്ത്രി എതിർക്കുകയാണു ചെയ്തതു്. പക്ഷേ, മുഗിൾ സൈന്യാധിപൻ കോട്ടകൈവശപ്പെ ടുത്തി. പിന്നെ ചക്രവർത്തി ബീജപുരത്തിലെ സുൽത്താ നോടു യുദ്ധത്തിനു പുറപ്പെട്ടു. മുഗിൾസൈന്യം സുൽ



ഷാജിഹാൻ

ത്താന്റെ തല സ്ഥാനം വളഞ്ഞു. സുൽത്താനെ തോല്പി
ക്കുവാൻ അത്ര എളുപ്പമല്ലെന്നു കണ്ടു ചക്രവത്തി അദ്ദേ
ഹവുമായി സന്ധിചെയ്തു. പിന്നെ ചക്രവത്തി പുത്രനായ

അറംഗസീബിനെ ദക്ഷിണഖണ്ഡത്തിലെ വൈസറോയിയാക്കി.

ഷാജിഹാന്റെ കാലത്തു മുഗിം പ്രതാപം ഉച്ചസ്ഥാനത്തെത്തിയിരുന്നുവെന്നു തന്നെ പറയാം. അദ്ദേഹം ഇന്ത്യയിൽ പല മനോഹര കെട്ടിടങ്ങളും പണിചെയ്യിക്കുകയുണ്ടായി. അവയിൽ ഏറ്റവും പ്രധാനമായതു താജ്മഹാളാണു്. റാണിയായ മുംതസ്മഹാളിന്റെ സ്മാരകമായി പണിചെയ്യിക്കപ്പെട്ട ആ കെട്ടിടം ലോകത്തിലെ 7 അദ്ഭുതവസ്തുക്കളിൽ ഒന്നാണു്. ദൽഹിയിലെ ജുംലാമസ്ജിദ് ഇന്ത്യയിലെ ഏറ്റവും വലിയ ഒരു പള്ളിയായി വിളങ്ങുന്നു. അതു ഷാജിഹാന്റെ കാലത്താണു് പണിചെയ്യപ്പെട്ടതു്. ആഗ്രയിലെ മോട്ടിമസ്ജിദ് ദൽഹിയിലെ കോവിലകം എന്നിവ ഷാജിഹാന്റെ കാലത്തു പണിചെയ്യപ്പെട്ട മറ്റു കെട്ടിടങ്ങളാണു്. ചക്രവർത്തിയുടെ മയൂരസിംഹാസനവും സുപ്രസിദ്ധമാണു്.

1657-ൽ ചക്രവർത്തിക്കു് അല്പം സുഖക്കേടായി. അദ്ദേഹത്തിനു 4-പുത്രന്മാരുണ്ടായിരുന്നു. അവർ ദാര, ഷൂജ, അറംഗസീബു്, മുറാദ് എന്നിവരായിരുന്നു. സീമന്തപുത്രനായ ദാര ചക്രവർത്തിയുടെകൂടെയാണു വസിച്ചിരുന്നതു്. ഷൂജ ബങ്കാളത്തിലേയും, അറംഗസീബു് ദക്ഷിണഖണ്ഡത്തിലേയും, മുറാദ് പശ്ചിമേന്ത്യയിലേയും വൈസറോയിമാരായിരുന്നു. പിതാവിനു് സുഖമില്ലെന്നു കേട്ടപ്പോൾ 4 പുത്രന്മാരും ചക്രവർത്തിസ്ഥാനം കാം

ക്ഷിച്ചു. പക്ഷെ, അറാഗസീബു മറ്റുള്ളവരെ തോല്പിച്ചു ചക്രവത്തിയായി. ഷാജിഹാനെ പുത്രൻ തടവിലാക്കി. അദ്ദേഹം 1666-ൽ മാത്രമേ ചരമഗതി പ്രാപിച്ചുള്ളൂ.

---

അദ്ധ്യായം 5

## അറംഗസീബു്.

പിതാവിന്നു സുഖമില്ലെന്നു കേട്ടപ്പോൾ അറംഗസീബു ദക്ഷിണഖണ്ഡത്തിൽനിന്നു പോന്നു് അനുജനായ മുറാദിനെ ആത്മ്യം സ്വാധീനമാക്കി. ഇരുവരും ചേന്നു ദാരയെ തോല്പിച്ചാൽ മുറാദിനു പകുതി രാജ്യം കൊടുക്കാമെന്നു് അറംഗസീബു പറഞ്ഞതിനെ മുറാദു വിശ്വസിച്ചു. ഇരുവരും കൂടിയാണു ദാരയെ തോല്പിച്ചതു്. പക്ഷെ, മുറാദിനു കാരാഗൃഹവാസവും മരണവുമായിരുന്നു പ്രതിഫലം.

യുദ്ധത്തിൽ തോറ്റോടിയ ദാര അലഞ്ഞുതിരിഞ്ഞു മൂന്നാട്ടാനിലെത്തി. അവിടെനിന്നു് അദ്ദേഹം താറായിലേയ്ക്കും പിന്നെ കച്ചിലേയ്ക്കും പോയി. കച്ചിൽനിന്നു് അദ്ദേഹം ഒരു സൈന്യം ശേഖരിച്ചു് അജമീരത്തുവച്ചു അറംഗസീബിന്റെ സൈന്യവുമായി വീണ്ടും ഒരു യുദ്ധംചെയ്തു. അന്നും അദ്ദേഹമാണു തോറ്റതു്. പിന്നെ സിന്ധിലേയ്ക്കു് ഓടിയ ദാരയെ അറംഗസീബിന്റെ



അറംഗസീബ്

അനഗാമികം തടവിലാക്കി. ചക്രവത്തി ദാരയുടെ ശിരസ്സു ഛേദിപ്പാൻ കല്പന കൊടുത്തു.

ഷാജിഹാന്റെ രണ്ടാമത്തെ പുത്രനായ ഷുജ ബങ്കാളത്തിലെ വൈസറോയിയായിരുന്നുവല്ലൊ. അദ്ദേഹത്തെയും അറംഗസീബു തോല്പിക്കുകയുണ്ടായി. പക്ഷെ

അദ്ദേഹം വീണ്ടും ഒരു സൈന്യം ശേഖരിച്ചു യുദ്ധ സന്നദ്ധനായി. മിർജുംല എന്ന മുഗിംസൈന്യാധിപൻ അദ്ദേഹത്തെ തോല്പിച്ചു. ഷൂജ കാട്ടിലേയ്ക്കു ഓടി, പിന്നെ അദ്ദേഹം രംഗപ്രവേശം ചെയ്കയുണ്ടായില്ല.

ദാരയുടെ മൂത്തപുത്രനായ സുലേമാനേയും അറംഗ സീബു കൊന്നുകളഞ്ഞു.

അറംഗസീബു ചക്രവത്തിയായ ഉടനെതന്നെ രാജ്യ ത്തിന്റെ കിഴക്കു ഭാഗത്തു കുഴപ്പങ്ങളുണ്ടായി. അന്നു് അവിടത്തെ ഗവർണ്ണർ മിർജുംല ആയിരുന്നു. അദ്ദേഹം 1663-ൽ നിര്യാതനായപ്പോൾ ഷൈയിസ്തഖാൻ ആ സ്ഥാനത്തു പ്രവേശിച്ചു. അദ്ദേഹം അരക്കാനിലെ രാജാ വുമായി യുദ്ധംചെയ്തു് ചിറ്റഗാങ്ങു് കരസ്ഥമാക്കി.

ഇതുമായപ്പോൾ ചക്രവത്തിയുടെ ശ്രദ്ധ ദക്ഷി ണഖണ്ഡത്തിലേയ്ക്കു തിരിഞ്ഞു. അവിടെ അന്നു മഹാ രാഷ്ട്രന്മാർ എന്ന പേരായി പ്രബലരായ ഒരുകൂട്ടം ജനങ്ങളുണ്ടായിരുന്നു. അവരുടെ നായകൻ ശിവാജിയാ യിരുന്നു.

അന്നു മഹാരാഷ്ട്രന്മാക്കു പൊതുവായ ഒരു രാജ്യ മുണ്ടായിരുന്നില്ല. അവർ ദക്ഷിണഖണ്ഡത്തിലെ ഏതു രാജ്യത്തും താമസിച്ചിരുന്നു. അവക്കു് ഒരു രാജാവുമു ണ്ടായിരുന്നില്ല. ഒരു മഹാരാഷ്ട്രരാജ്യം സ്ഥാപിച്ചു് അവിടത്തെ രാജാവാകേണമെന്നതായിരുന്നു ശിവാജി യുടെ ആഗ്രഹം. അന്നു ബീജപുരത്തിലെ രാജാവു്

തീരെ അശക്തനായിട്ടാണിരുന്നതു്. ശിവാജി ബീജപൂരത്തുകാരുടെ തോരണാ, റെയിഗാരം, പുരന്ദരം, കൊണ്ടാന എന്നീ കോട്ടകൾ കൈവശപ്പെടുത്തി. പിന്നെ അദ്ദഹം കൊങ്കണത്തിൽ കടന്നു കല്യാൺ എന്ന കോട്ട പിടിച്ചു. അപ്പോൾ ബീജപൂരത്തുകാർ യുദ്ധസന്നദ്ധരായി. അവർ ശിവാജിയുടെ പിതാവിനെ തടവിലാക്കി. പക്ഷെ, സ്നേഹിതന്മാരുടെ സഹായംകൊണ്ടു ശിവാജി പിതാവിനെ തടവിൽനിന്നു വിടുവിച്ചു. പിന്നേയും ബീജപൂരത്തുകാരും ശിവാജിയും തമ്മിൽ വഴക്കായി. ബീജപൂരത്തെ സൈന്യാധിപനായ അഫ്സൽഖാനിനെ ശിവാജി വധിച്ചുകളഞ്ഞു. പിന്നെ ദക്ഷിണഖണ്ഡത്തിൽ തന്റെ സ്ഥാനം സുസ്ഥിരമായെന്നു കണ്ടപ്പോൾ മഹാരാഷ്ട്രനായകൻ മുഗിളന്മാരുടെ രാജ്യത്തു കടന്നു കൊള്ളചെയ്തു. അതറിഞ്ഞു ചക്രവർത്തി ഷൈയിസ്റ്റഖാനിനെ ശിവാജിയുടെ നേരെ അയച്ചു. ആയുദ്ധത്തിൽ ഷൈയിസ്റ്റഖാൻ തോറ്റോടി. അപ്പോൾ ചക്രവർത്തി ജയസിംഹനെ ദക്ഷിണ ഖണ്ഡത്തിലേക്കയച്ചു. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം ശിവാജി ചക്രവർത്തിയെ കാണ്മാൻ ചെന്നു. ചക്രവർത്തി അദ്ദേഹത്തെ തടവിലിട്ടു. ശിവാജി തടവിൽനിന്നു പുറത്തുചാടി ദക്ഷിണഖണ്ഡത്തിലെത്തി മഹാരാഷ്ട്രനായകനായി അഭിഷേകം നടത്തി. അദ്ദേഹം 1680-ൽ ചരമഗതി പ്രാപിച്ചു.

പിന്നെ മഹാരാഷ്ട്രരാജാവായ സമ്പൂജിയും മുഗിം രാജ്യത്തു കടന്നു കൊള്ളചെയ്തു. ചക്രവർത്തിയുടെ പുത്ര

നായ അക്ബർ പിതാവിനോട് പിണങ്ങി മഹാരാഷ്ട്രത്തിൽ അഭയംപ്രാപിക്കയും ചെയ്തിരുന്നു. 1681-ൽ ചക്രവർത്തിതന്നെ ദക്ഷിണഖണ്ഡത്തിലേയ്ക്കു പുറപ്പെട്ടു. അന്നു ചക്രവർത്തി ബീജപുരവും, ഗോൽക്കൊണ്ടയും കൈവശപ്പെടുത്തി.

ചക്രവർത്തിയുടെ മകനായ മൂവാസാം രാജകുമാരൻ മഹാരാഷ്ട്രന്മാരുടെ നേരെ യുദ്ധത്തിനു പുറപ്പെട്ടതിൽ അദ്ദേഹത്തിനു തോൽമയാണു സിദ്ധമായതു്. അതു കൊണ്ടു ചക്രവർത്തിതന്നെ അങ്ങോട്ടു പുറപ്പെട്ടു. സമ്പൂജിയെ ചക്രവർത്തി തടവിലാക്കി. പിന്നെ ചക്രവർത്തി അദ്ദേഹത്തിന്റെ തല വെട്ടുകയും ചെയ്തു. സമ്പൂജിയുടെ പുത്രനായ സാഹുവും മറ്റും തടവുകാരായി. ശിവാജിയുടെ സഹോദരനായ രാജറാം ജിഞ്ചിയിൽ അഭയം പ്രാപിച്ചു. ആ കോട്ട 1697-ൽ മുഗിളന്മാർക്കു് അധീനമായപ്പോൾ രാജറാം സത്താറയിലേക്കു പോയി. ആ സ്ഥലം പിടിപ്പാൻ ഉത്സാഹിച്ചുകൊണ്ടിരുന്നതിനിടയിൽ 1707-ൽ ചക്രവർത്തി ചരമഗതി പ്രാപിച്ചു.

അന്നു ബ്രാഹ്മണർ പൊതു നിരത്തുകളിൽ വച്ചു മതപ്രസംഗങ്ങൾ ചെയ്യാറുണ്ടു്. മൂൾട്ടാൻ, കാശി എന്നിവിടങ്ങളിലെ ബ്രാഹ്മണർ അങ്ങിനെ ചെയ്യുവെന്നറിഞ്ഞു് 1669-ൽ ചക്രവർത്തി അവിടങ്ങളിലെ ക്ഷേത്രങ്ങൾ നശിപ്പിക്കുവാൻ കല്പന കൊടുത്തു. അന്നു് ഏതാണ്ടു് 240 ക്ഷേത്രങ്ങളെ മുസ്ലിം ഗവർണർമാർ നശിപ്പിക്കുകയുണ്ടായത്രെ. 1679-ൽ ചക്രവർത്തി പണ്ടത്തെ ജസിയാ നികുതി വീണ്ടും ചുമത്തി. മുസ്ലിമുകളല്ലാത്ത

പ്രജകളേവരും കൊട്ടത്തു വന്നിരുന്ന ഒരു മതനികൃതി യായിരുന്നു ജെസിയ. അക്ബരുടെ കാലത്തു് അതു തീരെ നിറുത്തൽ ചെയ്തു. അറംഗസീബു് ഇപ്പോൾ അതു് വീണ്ടും ചുമത്തിത്തുടങ്ങി. 1695-ൽ രാജപുത്രന്മാരൊഴിച്ചു ബാക്കി യാതൊരു ഹിന്തുവും ആയുധങ്ങൾകൊണ്ടുനടക്കുവാൻ പാടില്ലെന്നും ചക്രവത്തി കല്പന കൊടുത്തു.

ഇങ്ങിനെയെല്ലാം ചെയ്തതുകൊണ്ടു് ഹിന്തുക്കൾ കുപിതരായതിൽ അത്ഭുതമില്ലല്ലൊ. 1672-ൽ സത്യനാമികളുടെ ഒരു ലഹള ഉണ്ടായി. അന്നത്തെ ലഹള ഒതുക്കുവാൻ അനവധി പണം ചെലവുചെയ്യേണ്ടി വന്നു.

1679-ൽ ജോഡ്പുരത്തിലെ യസവന്തസിംഹൻ എന്ന മഹാരാണ അന്തരിച്ചു. അപ്പോൾ അറംഗസീബു സ്വന്തം ഇഷ്ടംപോലെ ഒരാളെ അവിടത്തെ രാജാവാക്കി. യസവന്തസിംഹന്റെ റാണിമാക്കു റാണയുടെ മരണസമയത്തു് ഗർഭമുണ്ടായിരുന്നു. അവർ യഥാകാലം രണ്ടു രാജപുത്രന്മാരെ പ്രസവിച്ചു. റാണിമാരേയും രാജപുത്രന്മാരേയും തന്റെ കോവിലകത്തു താമസിപ്പിക്കണമെന്നു ചക്രവത്തി കല്പന കൊടുത്തു. രാജപുത്രന്മാർ വഴിപ്പെട്ടില്ല. അവർ റാണിമാരെ ജോഡ്പുരത്തിൽ കൊണ്ടുചെന്നാക്കി. അതിനിടയിൽ കുമാരന്മാരിൽ ഒരാൾ മരിച്ചിരുന്നു. മറേറ കുമാരനായ അജിതസിംഹനും സ്വരാജ്യത്തെത്തി. മുൻ പറഞ്ഞ മതകല്പനകൾകൊണ്ടുതന്നെ രാജപുത്രന്മാർ കോപിച്ചിരുന്നു. ഇതുക്രുടിയും ആയപ്പോൾ രാജപുത്രന്മാർ യുദ്ധത്തിന്നൊരുങ്ങി. അന്നാ

ത്തെ യുദ്ധം 1679-മുതൽ 1681-വരെ നീണ്ടുനിന്നു. ചക്രവത്തിയുടെ പുത്രന്മാരായ 3 രാജകുമാരന്മാർ സൈന്യാധിപന്മാരായിരുന്നു. അവരിലൊരാളായിരുന്ന അക്ബർ. അദ്ദേഹം അച്ഛന്റെ നേരെ ലഹളയുടെ പുറപ്പെട്ടു് രാജപുത്രകക്ഷിയിൽ ചേർന്നു. മകന്റെ പുറപ്പാടു് രാജപുത്രന്മാരെ വഞ്ചിപ്പാനായിരുന്നുവെന്നു് ചക്രവത്തി അവരെ അറിയിച്ചു. അതു് അദ്ദേഹത്തിന്റെ ഉപായമായിരുന്നു. രാജപുത്രന്മാർ അപ്പോൾ അക്ബരെ ഉപേക്ഷിച്ചു. അപ്പോൾ അദ്ദേഹം മുൻ പറഞ്ഞപ്രകാരം മഹാരാഷ്ട്രത്തെ അഭയംപ്രാപിച്ചു. അതോടുകൂടി രാജപുത്രയുദ്ധവും ചക്രവത്തി അവസാനിപ്പിച്ചു.

1680-മുതൽ 1707-വരെയുള്ള കാലം മുഴുവനും അറംഗസീബു തെക്കേ ഇന്ത്യയിലായിരുന്നു. അന്നു് വടക്കേഇന്ത്യയിലെ ഭരണം യഥാവിധി നടന്നിരുന്നില്ല. അതുകൊണ്ടു് മുഗിൾസാമ്രാജ്യത്തിന്റെ അധഃപതനം അന്നുമുതൽ തന്നെ തുടങ്ങിയെന്നു പറയാം.

അദ്ധ്യായം 6.

# നാനക്കും സിക്കുകാരും.

15-ാംശതാബ്ദത്തിൽ ഇന്ത്യയിൽ മതസംബന്ധമായ ഒരു ഉണർവുണ്ടായി. അക്കാലത്തു ജീവിച്ചിരുന്ന ഒരു മഹാനായിരുന്നു നാനക്കു്. അദ്ദേഹം 1469-ൽ ആണു് ജനിച്ചതു്. അദ്ദേഹത്തിന്റെ പിതാവു് ഒരു കച്ചവടക്കാരനായിരുന്നു. നാനക്കിനു യഥായോഗ്യമായ വിദ്യാഭ്യാസം സിദ്ധിച്ചു. നാനക്കു് സമർത്ഥനായ ഒരു കച്ചവടക്കാരനായിത്തീരേണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം. പക്ഷേ, ദൈവഹിതം മറിച്ചായിരുന്നു. അദ്ദേഹത്തിനു ലൌകികകാര്യങ്ങളിൽ യാതൊരു താല്പര്യവുമുണ്ടായിരുന്നില്ല. നാനക്കിനു മതകാര്യങ്ങളിൽ മാത്രമേ ശ്രദ്ധയുണ്ടായിരുന്നുള്ളൂ.

അങ്ങനെയിരിക്കുമ്പോൾ ഒരു സംഭവം നടന്നു. നാനാക്കു് സാധാരണയായി ഒരു പുഴയിലാണു് കുളിച്ചിരുന്നതു്. ഒരു ദിവസം അങ്ങനെ കുളിച്ചുകൊണ്ടിരിക്കുമ്പോൾ നാനക്കു് വെള്ളത്തിൽ താഴ്ന്നു പോകുമെന്നു തന്നെ സംശയമായി. പക്ഷേ, ദൈവസഹായം കൊണ്ടു അന്നു നാനക്കു രക്ഷപ്പെട്ടു. അന്നു മുതൽ നാനക്കു ഒരു സന്യാസിയായി; മതകാര്യങ്ങളെപ്പറ്റി പ്രസംഗിച്ചുനടന്നു. കബിർ എന്ന മഹാന്റെ ആദർശങ്ങളെയാണു് നാനക്കു സ്വീകരിച്ചതു്. ഹിന്തുക്കളും മുസ്ലീമുകളും തമ്മിൽ വൈരമില്ലാതെ കഴിക്കേണമെന്നായിരുന്നു



ഗുരു നാനക്ക്

കബീറിന്റെ ഉദ്ദേശം. നാനക്കും അങ്ങിനെ തന്നെ ആഗ്രഹിച്ചിരുന്നതിനാൽ അദ്ദേഹത്തിനു ഹിന്തുക്കളും മുസ്ലിമുകളുമായ അനവധി ശിഷ്യന്മാരുണ്ടായി. അവരെയാണു് സിക്കുകാർ എന്നു പറയുന്നതു്. സിക്കു എന്ന പദത്തിനു ശിഷ്യൻ എന്ന മാത്രമേ അർത്ഥമുള്ളൂ. ദൈവം ഒന്നേയുള്ളുവെന്നും, അദ്ദേഹത്തെ ഓരോരുത്തർ ഓരോ പേർ വിളിക്കയാണെന്നുമായിരുന്നു നാനക്കിന്റെ പ്രധാനസിദ്ധാന്തം. ആ സിദ്ധാന്തം ഹിന്തുക്കൾക്കും മുസ്ലിമുകൾക്കും ഒരു പോലെ സ്വീകാര്യയോഗ്യമാണല്ലൊ. അതുകൊണ്ടു മതദ്വേഷം ഇല്ലാതാക്കാൻ നാനക്കിന്റെ പ്രയത്നം സഹായിച്ചുവെന്നു സിദ്ധമായി. നാനക്കു 60-ാമത്തെ വയസ്സിൽ ചരമഗതി

പ്രാപിച്ചു. നാനക്കായിരുന്നു സിക്കുകാരുടെ പ്രഥമഗുരു. പിന്നെ സിക്കുകാർക്കു 9 ഗുരുക്കന്മാർ കൂടി ഉണ്ടായി.

നാനക്കിനെ അനുഗമിച്ചു ഗുരുസ്ഥാനത്തു പ്രവേശിച്ചതു അംഗദനായിരുന്നു. അദ്ദേഹമാണു് ഗുരുമുഖി എന്ന ലിപി കണ്ടു പിടിച്ചതു്. ഇന്നു സിക്കുകാരുടെ സകല ഗ്രന്ഥങ്ങളും ഈ ലിപിയിലാണു് എഴുതുന്നതു്. അംഗദൻ 1552-ൽ ചരമഗതി പ്രാപിച്ചപ്പോൾ അമരദാസൻ ഗുരുവായി. സിക്കുകാരെ അനവധിഗ്രാമക്കാരായി വിഭാഗിച്ചു ഓരോ വിഭാഗത്തിനും ഓരോ ഗുരുപ്രതിനിധിയെ നിശ്ചയിച്ചതു അമരദാസനാണു്. അദ്ദേഹം 1574-ൽ ചരമഗതിപ്രാപിച്ചപ്പോൾ രാമദാസൻ ഗുരുവായി. അമൃതസരസെന്ന നഗരം സ്ഥാപിച്ചതു രാമദാസനാണു്. അദ്ദേഹത്തെ അനുഗമിച്ചു 1581-ൽ അർജ്ജുനദേവൻ ഗുരുവായി.

അർജ്ജുനദേവന്റെ കാലത്തു സിക്കുകാർ ഒരു പ്രത്യേക സമുദായവും ഒരു പ്രത്യേകജനവുമായി. അദ്ദേഹം പഞ്ചാബിൽ വളരെ പ്രബലനായ ഒരു പുരുഷനായിത്തീർന്നു. അതുകൊണ്ടു അന്നത്തെ ലാഹൂരിലെ പ്രധാനമന്ത്രി അദ്ദേഹത്തിന്റെ ബന്ധുത്വംകാംക്ഷിച്ചു. ഗുരു വഴിപ്പെട്ടില്ല. അന്നു ജഹാംഗീരായിരുന്ന മുഗിളചക്രവർത്തി. അദ്ദേഹത്തിനു ഖുസ്രു എന്ന പേരായി ഒരു പുത്രനുണ്ടായിരുന്നു. ആ പുത്രൻ ജഹാംഗീർ ചക്രവർത്തിയായ ഉടനെ തന്നെ ലാഹളയുണ്ടാക്കി. രാജകുമാരൻ പഞ്ചാബിലെത്തിയപ്പോൾ അർജ്ജുനദേവൻ അദ്ദേഹത്തെ സഹായിച്ചു. ആ വിവരമറിഞ്ഞു ജഹാംഗീർ

ഗുരുവിനോടു 2 ലക്ഷം ഉറുപ്പിക പിഴയായി ആവശ്യപ്പെട്ടു. ഗുരു അതു കൊടുത്തില്ല. ജഹാംഗീർ അദ്ദേഹത്തെ വധിച്ചുകളഞ്ഞു. മുൻ പറഞ്ഞ ലാഹ്ലൂരിലെ മന്ത്രി അതിനു ജഹാംഗീരിനെ സഹായിച്ചുവെന്നുകൂടി പ്രസ്താവമുണ്ട്.

---


അദ്ധ്യായം 7.

## ചൈതന്യൻ.

---

ക്രി. ഡി. 1486-ൽ ആണു് ചൈതന്യൻ ജാതനായതു്. നവദ്വീപമായിരുന്നു അദ്ദേഹത്തിന്റെ ജനനസ്ഥലം. അദ്ദേഹത്തിന്റെ പിതാവു് ജഗന്നാഥമിശ്രനും മാതാവു ശചീദേവിയുമാണു്. മാതാപിതാക്കന്മാർ കുട്ടിക്കു കൊടുത്ത പേർ നിമായി എന്നായിരുന്നുവെന്നു ചിലരും വിശ്വംഭരൻ എന്നായിരുന്നുവെന്നു മറ്റു ചിലരും അഭിപ്രായപ്പെടുന്നു.

8 വയസ്സു മുതൽ വിശ്വംഭരൻ സംസ്കൃതം പഠിച്ചുതുടങ്ങി. വിദ്യാഭ്യാസകാലത്തു് അദ്ദേഹം വലിയൊരു വാചാലനും ഫലിതക്കാരനുമായിരുന്നു. വിദ്യാഭ്യാസം പൂർത്തിയാകുന്നതിനു മുമ്പുതന്നെ വിശ്വംഭരന്റെ പിതാവു ചരമഗതി പ്രാപിച്ചിരുന്നു. മാതാപിതാക്കന്മാർക്കു് അന്നു വിശ്വംഭരൻ മാത്രമേ ഒരു പുത്രനായുണ്ടായിരുന്നുള്ളു. ഭർത്താവിന്റെ മരണശേഷം ശചീദേവിക്കു് ഏകാശ്രയം



ചൈതന്യൻ

പുത്രനായി. അതുകൊണ്ട് വിശ്വംഭരൻ സ്വന്തമായ ഒരു പാഠശാല സ്ഥാപിച്ചു. അദ്ദേഹം യഥാകാലം വിവാഹിതനുമായി. പക്ഷേ, ഈശ്വരഭക്തി എന്തെന്ന് അദ്ദേഹം അക്കാലത്തു അറിഞ്ഞിരുന്നില്ല. അന്ന് അദ്ദേഹം വളരെ ശ്രമങ്ങളെഴുതുകയുമുണ്ടായി.

പിന്നെ അദ്ദേഹം കിഴക്കൻബങ്കാളമാസകലം സഞ്ചരിച്ചു. അന്നു കണ്ടെത്തിയ സകല പണ്ഡിതന്മാരുമായി അദ്ദേഹം വാദപ്രതിവാദം നടത്തി. അന്ന് വിശ്വംഭരൻ വളരെ പണവും സമ്പാദിച്ചു. പക്ഷേ, അദ്ദേഹം മടങ്ങിയെത്തുന്നതിനു മുമ്പുതന്നെ അദ്ദേഹത്തിന്റെ

പ്രാണപ്രിയ പരലോകം പ്രാപിച്ചിരുന്നു. അന്നുമുതൽ അദ്ദേഹം വലിയൊരു ഭക്തനായിയെങ്കിലും അമ്മയുടെ ആവശ്യപ്രകാരം അദ്ദേഹം വീണ്ടും വിവാഹംചെയ്തു. പിന്നെ അദ്ദേഹം ഗയയിലേക്കു പുറപ്പെട്ടു. ഗയയിൽ ചെന്നപ്പോൾ അദ്ദേഹം ഈശ്വരപൂരിയെ കണ്ടു. ഈശ്വരപൂരി വലിയൊരു വിഷ്ണുഭക്തനായിരുന്നു. അദ്ദേഹത്തെ കണ്ടതു മുതൽ വിശ്വംഭരൻ വിഷ്ണുഭക്തനായി.

അദ്ദേഹം യഥാകാലം നവദ്വീപത്തിൽ തിരിച്ചെത്തി. അന്നു് അവിടെ ഒരു വിഷ്ണുഭക്തസംഘമുണ്ടായിരുന്നു. വിശ്വംഭരൻ അതിലെ ഒരു അംഗമായിച്ചേർന്നു. ഉടനേതന്നെ അദ്ദേഹം അതിലെ നാഥനുമായി. കീർത്തനങ്ങളും ചൊല്ലുകയായിരുന്നു അവരുടെ പ്രവൃത്തി. അവക്കു് എതിരാളികളുണ്ടായിരുന്നു. ആ എതിരാളികൾ അവരുടെ പ്രവൃത്തിയെ തടയുവാൻ അന്നത്തെ ഗവണ്മെൻറിനെക്കൊണ്ടു പ്രേരിപ്പിച്ചു. അന്നു് ബങ്കാളം മുസ്ലിംരാജാക്കന്മാരുടെ കീഴിലായിരുന്നു. കീർത്തനങ്ങൾ ചൊല്ലാൻ പാടില്ലെന്നു് കാസി (മജിസ്ട്രേറ്റു്) കല്പന കൊടുത്തു. പക്ഷേ, വിശ്വംഭരൻ ആ കല്പനയെ നിരസിച്ചു് തെരുവിൽക്കൂടി കീർത്തനങ്ങൾ ചൊല്ലി നടന്നു. മജിസ്ട്രേറ്റു് അത്ഭുത വിവശനാകയാണുണ്ടായതു്.

1510-ൽ വിശ്വംഭരൻ സന്ന്യാസിയായി. കേശവഭാരതി എന്ന മഹാനാണു് അദ്ദേഹത്തിനു സന്ന്യാസം കൊടുത്തതു്. അന്നുമുതല്ക്കാണു് വിശ്വംഭരനു ശ്രീകൃഷ്ണചൈതന്യൻ എന്ന പേർ ലഭിച്ചതു്. പിന്നെ അദ്ദേഹം ജഗന്നാഥത്തിലേക്കുപുറപ്പെട്ടു. അവിടെവച്ചു അദ്ദേഹം

വിശ്വനാഥസാവ്വ്ഭൌമനെന്ന അദ്വൈതിയെ വിഷ്ണുഭക്തനാക്കി. പിന്നെ ചൈതന്യൻ തെക്കെ ഇന്ത്യയാസകലം സഞ്ചരിച്ചു. അന്നു അദ്ദേഹം ശ്രീരംഗം, രാമേശ്വരം മുതലായ പുണ്യസ്ഥലങ്ങളിൽ വരുകയുണ്ടായി. തെക്കെ ഇന്ത്യയിൽനിന്നു ശൃംഗേരിവഴി വൃന്ദാവനത്തിൽ ചെന്നു അദ്ദേഹം ജഗന്നാഥത്തിൽതന്നെ തിരിച്ചെത്തി. അവിടെ അദ്ദേഹം പിന്നെ 18 കൊല്ലം വസിച്ചു. എ. ഡി. 1533-ൽ 47-ാമത്തെ വയസ്സിൽ സ്വർഗ്ഗാരോഹണം ചെയ്തു.

ശ്രീകൃഷ്ണചൈതന്യനെ ഗൌരംഗൻ എന്നുകൂടി വിളിച്ചിരുന്നു. ബങ്കാളത്തിൽ വൈഷ്ണവമതത്തിനു ഇത്രയധികം പ്രചാരം വരുത്തിയതു ചൈതന്യസ്വാമികളാണു്.

---

അദ്ധ്യായം 8

## രാമദാസനും തുകാരാമനും.

പതിനാറാം ശതാബ്ദത്തിന്റെ അപരാർദ്ധത്തിൽ ഗോദാവരി തീരത്തുള്ള ജന്മഭവനം എന്ന സ്ഥലത്തു സൂര്യ്യാജിപാന്തൻ എന്നൊരു ബ്രാഹ്മണൻ വസിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രാണപ്രിയയായിരുന്ന രണുബായി. അവൎക്കു രണ്ടു പുത്രന്മാർ ജാതരായി. അവരിൽ രണ്ടാമത്തെ പുത്രനു അവർ നാരായണൻ എന്നു പേരിട്ടു. നാരായണൻ 5-ാംവയസ്സിൽ ഉപനയനം കഴിഞ്ഞു വേദ

പഠനം ആരംഭിച്ചു. നാരായണൻ വേദം വളരെ വേഗം പഠിച്ചു തീർത്തു.

നാരായണനു 6 വയസ്സായപ്പോൾതന്നെ പിതാവു ചരമഗതി പ്രാപിച്ചു. പിന്നെ നാരായണന്റെ വിദ്യാഭ്യാസത്തിനു അല്പം തടസ്ഥം നേരിട്ടു. അദ്ദേഹത്തിനു ഗൃഹകൃത്യങ്ങൾ നോക്കേണ്ടതായിവന്നു. എങ്കിലും ഒഴിവു സമയത്തെല്ലാം നാരായണൻ ഗോദാവരിയുടെ തീരത്തു ചെന്നിരുന്നു ഓരോന്നു ആലോചിച്ചുകൊണ്ടിരുന്നു. അതിനു അദ്ദേഹത്തിനു പ്രഹരംതന്നേയും സമ്മാനമായി കിട്ടാറുണ്ടു്.

ഒരു ദിവസം നാരായണൻ പതിവു സമയത്തും മടങ്ങിയെത്തിയില്ല. അദ്ദേഹത്തെ അന്വേഷിച്ചു പുറപ്പെട്ട ജ്യേഷ്ഠൻ അദ്ദേഹത്തെ ഗോദാവരിതീരത്തു കണ്ടെത്തി. നാരായണൻ എന്തോ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ജന്മഭൂമിയുടെ ഉണർത്തിനുവേണ്ടി തന്റെ ആയുഷ്കാലം ഉപയോഗിക്കേണമെന്നും അതിനു സന്യാസം സ്വീകരിക്കേണമെന്നുമായിരുന്നു നാരായണന്റെ ആലോചന. ആലോചനയിൽ നിന്നു ജ്യേഷ്ഠനാണു് നാരായണനെ ഉണർത്തിയതു്. തന്നെ സന്യസിക്കാൻ അനുവദിക്കേണമെന്നു നാരായണൻ ജ്യേഷ്ഠനോടു അപേക്ഷിച്ചു. അപ്പോൾ ജ്യേഷ്ഠൻ അതിനു സമ്മതിച്ചു. പക്ഷെ, നാരായണനെ ഗൃഹസ്ഥനാക്കാനായിരുന്നു വീട്ടുകാരുടെ ശ്രമം. നാരായണൻ വിഷമത്തിലായി. ഒരു ദിവസം അദ്ദേഹം പതിവുപോലെ നദീതീരത്തു ചെന്നിരുന്നു. നാരായണനെ കാണാതെ അന്വേഷിച്ചു പുറപ്പെട്ട

ജ്യൂൺ, നദീതീരത്തു ചെന്നു നാരായണൻ എന്നു ഉറക്കെ വിളിച്ചു. ആരോ ഒരാൾ അപ്പോൾ നദിയിലേക്കു ചാടി. ആളെ നോക്കിയപ്പോഴാണു് അതു നാരായണനെന്നു ജ്യൂണു മനസ്സിലായതു്.

നാരായണനെ ഗൃഹസ്ഥനാക്കാൻ മാതാവു പിന്നേയും ശ്രമിച്ചു. നാരായണൻ വിവാഹത്തിനു സമ്മതിക്കുകയും ചെയ്തു. പക്ഷെ, വിവാഹമന്ത്രം പുരോഹിതൻ ഉച്ചരിച്ചുകൊണ്ടിരുന്നതിനിടയിൽ നാരായണൻ പന്തലിൽ നിന്നു ഓടിക്കളഞ്ഞു. അദ്ദേഹം പിന്നെ നാസികയിലെത്തി ഒരു സന്യാസിയായി. അന്നുമുതൽക്കാണു് അദ്ദേഹത്തിനു രാമദാസനെന്ന പേർ സിദ്ധമായതു്. അദ്ദേഹം തെക്കെ ഇന്ത്യയിലാസകലം സഞ്ചരിക്കുകയുണ്ടായിട്ടുണ്ടു്. അങ്ങിനെ 12 കൊല്ലം കഴിഞ്ഞു.

മഹാരാഷ്ട്രനായകനെന്നു സുപ്രസിദ്ധനായ ശിവാജി അന്നാണല്ലോ ജീവിച്ചിരുന്നതു്. അദ്ദേഹത്തിനു സന്യാസിയെ കണ്ടാൽ കൊള്ളാമെന്നാഗ്രഹമായി. ശിവാജി രാമദാസനെ കണ്ടു മടങ്ങാറായപ്പോൾ രാമദാസൻ അദ്ദേഹത്തിനു ഒരു നാളികേരം, കുറെ വെള്ളം, കുറെ മണ്ണു, കുറെ കല്ലുകൾ, കുറെ കുതിരച്ചാണകം എന്നിവ കൊടുത്തു. മണ്ണും വെള്ളവും ഭൂമിയെ ഉദ്ദേശിച്ചും, കല്ലുകൾ കോട്ടകളെ ഉദ്ദേശിച്ചും, കുതിരച്ചാണാം ശിവാജിയുടെ കുതിരപ്പട്ടാളത്തെ ഉദ്ദേശിച്ചുമായിരുന്നു. 1659-ലാണു് ഈ കൂടിക്കാഴ്ച നടന്നതു്.

ഒരിക്കൽ ഭിക്ഷയാചിച്ചു സമീപത്തെത്തിയ രാമദാസനു ശിവാജി തന്റെ രാജ്യമാസകലം തന്നെ ഭിക്ഷ

യായി കൊടുത്തുവത്രെ. ആശ്ചര്യഭരിതനായ സന്യാസി രാജ്യം ശിഷ്യനുതന്നെ മടക്കിക്കൊടുത്തു. അതു യഥോചിതം ഭരിപ്പാൻ അദ്ദേഹത്തെ ഉപദേശിച്ചു. അന്നു മുതൽ ശിവാജിയുടെ കൊടി ഒരു സന്യാസിയുടെ വസ്ത്രമായി. ശിവാജിയുടെ മരണശേഷം 1681-ൽ 73-ാമത്തെ വയസ്സിലാണ് രാമദാസൻ ചരമഗതി പ്രാപിച്ചതു്.

തുകാരാമനും മഹാരാഷ്ട്രത്തിലെ ഒരു ഭക്തനായിരുന്നു. അദ്ദേഹം രാമദാസനേക്കാൾ അല്പം പ്രായമേറിയ ഒരാളാകകൊണ്ടു് അദ്ദേഹത്തിന്റെ കീർത്തനങ്ങൾക്കാണ് മഹാരാഷ്ട്രത്തിൽ ഒന്നാമതായി പ്രചാരം സിദ്ധിച്ചതു്. മഹാരാഷ്ട്രനായകനായ ശിവാജിയും തുകാരാമന്റെ ഭക്തനായിരുന്നു. തുകാരാമൻ ഭക്തിമാർഗ്ഗത്തെപ്പറ്റിയും സന്യാസവൃത്തിയെപ്പറ്റിയും പ്രസംഗിക്കുന്നതു കേട്ടു് ശിവാജി രാജ്യഭാരംതന്നെ ഉപേക്ഷിപ്പാൻ തീർച്ചയാക്കി. അന്നു് ശിവാജിയുടെ മാതാവായ ജീജീബായി ജീവിച്ചിരിപ്പുണ്ടായിരുന്നു. പുത്രന്റെ നിശ്ചയം കേട്ടു് അവൾക്കു വ്യസനമായി. അവർ ഉടനെ തുകാരാമന്റെ അടുക്കൽചെന്നു ശിവാജിയുടെ നിശ്ചയത്തെപ്പറ്റി അദ്ദേഹത്തോടു പറഞ്ഞു. അന്നു രാത്രി താൻ സ്വധർമ്മാനുഷ്ഠാനത്തെപ്പറ്റി പ്രസംഗിക്കാമെന്നു തുകാരാമൻ ഏറ്റു. അന്നു തുകാരാമന്റെ പ്രസംഗം കേട്ടു ശിവാജി വീണ്ടും രാജ്യഭാരം ചെയ്യാൻതന്നെ തീർച്ചയാക്കി. തുകാരാമന്റെ പുത്രന്മാർക്കു ശിവാജി മൂന്നു ഗ്രാമങ്ങൾ പതിച്ചുകൊടുത്തതായും കാണുന്നു. തുകാരാമന്റെ പിൻ

ഗാമികം ഇന്നും ആ സ്വാത്തു് അനുഭവിച്ചു വരുന്നു പോൽ. തുകാരാമന്റെ നിയ്യാണത്തിനു ശേഷമാണു് ശിവാജി രാമദാസനെ ഗുരുവായി വരിച്ചതെന്നു് ചിലർ അഭിപ്രായപ്പെടുന്നു. തുകാരാമൻ 1608-ൽ ജനിച്ചു 1649-ൽ നിയ്യാതനായി.

---

അദ്ധ്യായം 9

# ശിവാജി

ഷാജിഹാന്റെ കാലത്തു ഹജി എന്ന മഹാരാഷ്ട്രൻ ദക്ഷിണേന്ത്യയിൽ ഉണ്ടായിരുന്നു. അദ്ദേഹമായിരുന്നു നമ്മുടെ കഥാനായകന്റെ പിതാവു്. ശിവാജിയുടെ മാതാവു് ജീജീഭായിയുമാണു്. യാദവ വംശത്തിലെ ഒരു രാജകുമാരിയാണു് ആ മഹതി. സാഹജിയും ഒരു ക്ഷത്രിയനായിരുന്നു. ഇങ്ങിനെയുള്ള മാതാപിതാക്കന്മാരുടെ പുത്രനായി ജനിച്ച ശിവാജിയിൽ ക്ഷാത്രതേജസ്സു് പരിപൂർണ്ണമായി ശോഭിച്ചു. 1627-ലാണു് കഥാനായകൻ ജാതനായതു്.

മുൻകാലത്തു ദക്ഷിണേന്ത്യയിലുണ്ടായിരുന്ന രാഷ്ട്രകൂടന്മാരാണു് ഇക്കാലത്തു മഹാരാഷ്ട്രന്മാരായതു്. അന്നു അവർക്കു ഒരു രാജ്യമുണ്ടായിരുന്നില്ല. ദക്ഷിണേന്ത്യയിലെ മുഹമ്മദീയ രാജാക്കന്മാരുടെ പ്രജകളായിരുന്നു അവർ. സാഹജിയും ശിവാജിയും ബീജപുരം

സുൽത്താന്റെ പ്രജകളായിരുന്നു. സാഹജി ബീജപുരം സൈന്യത്തിലെ ഒരു നായകനുമായിരുന്നു. തങ്ങളുടെ സ്വന്തം വകയായ ഒരു രാജ്യം സ്ഥാപിച്ചാൽ കൊള്ളാമെന്നു മഹാരാഷ്ട്രന്മാർക്ക് ആഗ്രഹമുണ്ടായി. അതിനു അവർ തരം നോക്കിക്കൊണ്ടിരിക്കുമ്പോഴാണ് 1627-ൽ ശിവാജി ജാതനായതു്. ജീജിബായി വളരെ ഈശ്വരഭക്തിയുള്ള ഒരു സ്ത്രീയാണ്. അവൾക്കു ഇതിഹാസപുരാണങ്ങളിൽ വളരെ വിശ്വാസമുണ്ടായി. രാമായണാദിക ഗ്രന്ഥം അവർ പുത്രനെവായിച്ചു കേൾപ്പിച്ചു. അതിൽ നിന്നു് രാമനെപ്പോലെയുള്ള ഒരു രാജാവായി വാഴുവാൻ ശിവാജിക്കു ആഗ്രഹമുണ്ടായി.

രാജ്യമുണ്ടായിട്ടുവേണമല്ലോ രാജാവാകുവാൻ. അതു കൊണ്ടു രാജ്യം സമ്പാദിപ്പാനാണ് ശിവാജി ഒന്നാമതായി ഉത്സാഹിച്ചതു്. ശിവാജിയുടെ ഗുരുനാഥനായ ദാദാജികൊണ്ടദേവൻ എന്ന ബ്രാഹ്മണൻ അദ്ദേഹത്തിനു വേണ്ടതക്ക ഉപദേശങ്ങളും നൽകി.

ബീജപുരത്തിലെ ഒരു സൈന്യാധിപനായിരുന്നു സാഹജി. അന്നു ഉദ്യോഗസ്ഥന്മാർക്കു നിലങ്ങളും പതിച്ചുകൊടുത്താണ് ശമ്പളമെണ്ണം കൊടുത്തിരുന്നതു്. സാഹജിക്കു അങ്ങിനെ കുറെ സ്വത്തുക്കളുണ്ടായിരുന്നു. അവയെ വർദ്ധിപ്പിക്കുക മാത്രമേ ശിവാജി ചെയ്യേണ്ടതായിരുന്നുള്ളൂ. അന്നത്തെ ബീജപുരം ശമ്പളമെണ്ണം തീരെ ബലഹീനമായ ഒന്നായിരുന്നു. അതുകൊണ്ടു ബീജപുരത്തു കടന്നു കൊള്ളചെയ്യാൻ ശിവാജിക്കു ഭയമുണ്ടായില്ല. 1646-ൽ ശിവാജി തോരണം എന്ന കോട്ട കരസ്ഥ



ശിവാജി

മാക്കി. പിന്നെ റെയിഗാരം എന്ന കോട്ടയും അദ്ദേഹം സ്വാധീനമാക്കി. സാഹജിയുടെ രണ്ടാമത്തെ ഭാര്യയുടെ സഹോദരനായ സമ്പൂജിയുടെ പക്കൽനിന്ന ശിവാജി സൂപ എന്ന കോട്ട പിടിച്ചെടുത്തു. ഇത്രയുമായപ്പോൾ

ശിവാജിയുടെ പിതൃസ്വത്തു സുരക്ഷിതമായി. പിന്നെ ശിവാജി ബാരമതി, ഇന്ദുപുരം, പുരന്ദർ, കൊണ്ടാണ എന്നീ കോട്ടകളും സ്വാധീനമാക്കി. അപ്പോഴേക്കും ബീജപുരത്തിലെ സുൽത്താൻ കൃപിതനായി. പക്ഷേ, ശിവാജിയുടെ പിതൃസ്വത്തു രക്ഷിപ്പാനാണ് അദ്ദേഹം അങ്ങിനെ ചെയ്തതെന്നു കേട്ടപ്പോൾ സുൽത്താൻ സമാധാനപ്പെട്ടു. പിന്നെ കഥാനായകൻ കൊങ്കണത്തിൽ കടന്നു കല്യാൺ എന്ന കോട്ട പിടിച്ചു. അപ്പോൾ പ്രതിക്രിയയായി ബീജപുരത്തുകാർ സാഹജിയെ തടവിലാക്കി. ആ സമയത്തു ശിവാജി മുഗിംവൈസറോയിയായ മുറാദ്രാജകുമാരനെ ചെന്നു കണ്ടു അച്ഛനെ വിടുവിച്ചു. പിന്നെ 1655 വരെ ശിവാജി ബീജപുരത്തു കടക്കുകയുണ്ടായില്ല.

1656-ൽ ബീജപുരത്തിലെ സുൽത്താൻ അന്തരിച്ചു. പിന്നെ സുൽത്താനായതു ചെറുപ്പക്കാരനായ ഒരാളായിരുന്നു. അന്നു ദക്ഷിണഖണ്ഡത്തിലെ വൈസറോയി അറംഗസീബാണ്. ആ തരം നോക്കി അറംഗസീബു ബീജപുരം ആക്രമിച്ചു. ബീജപുരത്തുകാർ മുഗിളന്മാക്കു നല്ലൊരു സംഖ്യ കൊടുത്തു അവരെ സമാധാനപ്പെടുത്തി. 1657-ൽ അറംഗസീബു വടക്കെ ഇന്ത്യയിലേക്കു പോയി.

അപ്പോൾ ബീജപുരത്തുകാർ ശിവാജിയുടെ നേരെ പുറപ്പെട്ടു. അന്നു ബീജപുരം സൈന്യത്തിലെ നായകൻ അഫ്സൽഖാനാണ്. ശിവാജി അദ്ദേഹത്തെ തോല്പിച്ചു ബീജപുരരാജ്യത്തിന്റെ തലസ്ഥാനമായ ബീജ

പുരം വരെ എത്തി. ശിവാജിയുടെ ഈ പുറപ്പാടിനെ തടയുവാൻ ബീജപുരത്തുകാർ ചെയ്ത പരിശ്രമങ്ങളും നിഷ്ഫലങ്ങളായി. അപ്പോൾ സുൽത്താൻ സാഹജിയെ അയച്ച് ശിവാജിയുമായി ഒരു സന്ധിചെയ്തു. അതുപ്രകാരം ശിവാജി അന്നുവരെ പിടിച്ചെടുത്തിട്ടുണ്ടായിരുന്ന പ്രദേശങ്ങളും ശിവാജിക്കുതന്നെ വിട്ടുകൊടുത്തു.

ഇങ്ങിനെ ദക്ഷിണേന്ത്യയിലെ മുസ്ലിം രാജാക്കന്മാരെക്കൊണ്ട് തന്റെ രാജസ്ഥാനം സമ്മതിപ്പിച്ച് ശിവാജി മുഗിംരാജ്യത്തു കടന്നു കൊള്ളചെയ്തു. 1660-ൽ ഷെയിസ്തഖാൻ ദക്ഷിണഖണ്ഡത്തിലെ വൈസറോയിയായി വന്നുചേർന്നു. ശിവാജിയെ അമർത്തണമെന്നു വൈസറോയിക്കു പ്രത്യേകം കല്പനയുണ്ടായിരുന്നു. ഷെയിസ്തഖാൻ മഹാരാഷ്ട്രന്മാരുടെ ചില കോട്ടകളും സ്വാധീനമാക്കുകയുണ്ടായി. എന്നാൽ മടങ്ങിപ്പോകുമ്പോഴെല്ലാം മഹാരാഷ്ട്രന്മാർ മുഗിംസൈന്യത്തെ ഉപദ്രവിച്ചിരുന്നു. എന്താണ് ചെയ്യേണ്ടതെന്നറിയാതെ വൈസറോയി പൂനയിൽ താമസമാക്കി. അദ്ദേഹം താമസമാക്കിയതു ശിവാജിയുടെ സ്വന്തം ഭവനത്തിലായിരുന്നു. ഒരു രാത്രി ശിവാജി ആ ഭവനത്തിൽ കടന്നുചെന്നു. അന്നുണ്ടായ ലഹളയിൽ ഷെയിസ്തഖാനിന്റെ പുത്രൻ മരിച്ചു. ഖാനു് മൂന്നു വിരലുകളും നഷ്ടമായി. പിന്നെ അറംഗസീബു ഷെയിസ്തഖാനെ വടക്കെ ഇന്ത്യയിലേക്കുതന്നെ പറഞ്ഞയച്ചു. 1664-ൽ ശിവാജി സൂറത്തു നഗരം കൊള്ളചെയ്തു.

അപ്പോഴേക്കും അറംഗസീബു ജയസിംഹനെ തെക്കേ ഇന്ത്യയിലെ സൈന്യാധിപനായി നിയമനംചെയ്തു. അദ്ദേഹം വന്ന ഉടനെ ശിവാജിയുടെ പുരന്ദരം കോട്ടയും റെയിഗാരവും സ്വാധീനമാക്കാൻ നോക്കി. ഗത്യന്തരമില്ലെന്നു കണ്ടു 1665-ൽ ശിവാജി മുഗിളന്മാരുമായി സന്ധിചെയ്തു. അതിനു 1665-ലെ പുരന്ദരം സന്ധിയെന്നാണ് പേർ. അതുപ്രകാരം ബീജപുരത്തു നിന്നു ചെറുത്ത് പിരിപ്പാനുള്ള അധികാരം ശിവാജിക്കു സിദ്ധമായി. പിന്നെ 1666-ൽ ശിവാജി ആഗ്രയിൽ ചെന്നു ചക്രവർത്തിയെ കണ്ടു. ചക്രവർത്തി അദ്ദേഹത്തെ അപമാനിക്കുകയും തടവിലാക്കുകയും ചെയ്തു. ശിവാജി ഉപായത്താൽ തടവിൽനിന്നു പുറത്തുചാടി രക്ഷപ്പെട്ടു. 1668-നും, 1669-നും മദ്ധ്യേ ശിവാജിയും മുഗിളന്മാരുമായി സ്നേഹമായിരുന്നു. 1670-ൽ വീണ്ടും യുദ്ധം തുടങ്ങി. അന്നു ശിവാജി മുഗിളരാജ്യമായ കാണ്ടേഷിൽ കടന്നു ചെറുത്ത് പിരിച്ചു.

1674-ൽ അദ്ദേഹം കിരീടധാരണവും നടത്തി. 6 കൊല്ലം രാജ്യംഭരിച്ചു അദ്ദേഹം 1680-ൽ ചരമഗതി പ്രാപിച്ചു. അദ്ദേഹത്തിന്റെ രാജ്യത്തുനിന്നു കൊല്ലംതോറും 9 കോടി ഉറുപ്പിക വരവുണ്ടായിരുന്നു.

മഹാരാഷ്ട്രന്മാരെ ഒന്നിച്ചു ചേർത്തു പുതുതായ ഒരു രാജ്യം സ്ഥാപിച്ചു അതിനെ യഥാവിധി ഭരിച്ച ശിവാജി വളരെ യോഗ്യനായ ഒരാൾ തന്നെയായിരുന്നു.

അദ്ധ്യായം 10

# പീഷ്വാമാർ.

1707-ൽ ഉണ്ടായ അറംഗസീബിന്റെ മരണസമയത്തു് അദ്ദേഹം മഹാരാഷ്ട്രന്മാരുമായി യുദ്ധംചെയ്യുകയായിരുന്നുവെന്നുപറഞ്ഞുവല്ലൊ. അന്നു് അദ്ദേഹം സംഭാജിയുടെ പുത്രനായ സാഹുവിനെ തടവിലാക്കി. അറംഗസീബിനു ശേഷം ബഹദൂർഷാ ചക്രവത്തിയായപ്പോൾ അദ്ദേഹം സാഹുവിനെ വിമുക്തനാക്കി. അദ്ദേഹം (സാഹു) സറാറയിൽ ചെന്നപ്പോൾ രാജാരാമന്റെ ഭാര്യയായ താരാബായി രാജ്യം സാഹുവിനു് ഒഴിഞ്ഞുകൊടുത്തില്ല. അന്നു മഹാരാഷ്ട്രത്തിൽ കലഹമായി. ഗത്യന്തരമില്ലെന്നു കണ്ട താരാബായി സറാറാ സാഹുവിനു് ഒഴിഞ്ഞു കൊടുത്തു കൊൽഹാപൂരത്തേയ്ക്കു പോയി. സാഹു സറാറയിലെ രാജാവുമായി.

സാഹുവിനു രാജ്യകാര്യങ്ങളിൽ വളരെ ശ്രദ്ധയുണ്ടായിരുന്നില്ല. അദ്ദേഹം ഭരണഭാരം പ്രധാന മന്ത്രിയായ പീഷ്വയെ ഏല്പിച്ചു. ഒന്നാമത്തെ പീഷ്വ ബാലാജി വിശ്വനാഥനായിരുന്നു. അദ്ദേഹം 1708-മുതൽ 1720-വരെ പീഷ്വയായിരുന്നു. അദ്ദേഹത്തിന്റെ ഭരണത്തിൽ മറ്റു മഹാരാഷ്ട്രന്മാർക്കു് തൃപ്തിയുണ്ടായിരുന്നതു്. അന്നു മഹാരാഷ്ട്രന്മാർ പ്രബലമായ ഒരു ശക്തിയായി. അന്നു ഡൽഹിയിലെ കാര്യങ്ങളിൽക്കൂടി പീഷ്വ കൈകടത്തിയിരുന്നു. ഡൽഹിയിൽ ചക്രവത്തിമാരെ അ

ഭിഷേകംചെയ്യിച്ചിരുന്നതു് സയ്യദ് സഹോദരന്മാരായിരുന്നു. അവർ 1719-ൽ പീഷ്വയുടെ സഹായം ആവശ്യപ്പെട്ടു. അന്നു മുഹമ്മദ്ഷായായിരുന്നു മുഗിളം ചക്രവർത്തി. മുഹമ്മദ്ഷാ പീഷ്വയ്ക്കു് മൂന്നധികാരങ്ങളം കൊടുത്തു. അവ (1) ചൌത്തു പിരിപ്പാനുള്ള അധികാരം; (2) സർദേശമുഖി പിരിപ്പാനുള്ള അധികാരം; (3) രാജസ്ഥാന സമ്മതം എന്നിവയായിരുന്നു. ചൌത്തു് എന്നു പറയുന്നതു നികുതിയിൽ നാലിലൊന്നാണു്. ഹൈദരബാദ്, മൈസൂർ, കരനാടകം എന്നിവിടങ്ങളിൽ നിന്നാണു് ചൌത്തു് പിരിച്ചിരുന്നതു്. അവിടെ നിന്നുതന്നെയാണു് അവർ സർദേശമുഖിയും പിരിച്ചിരുന്നതു്. അതു് ചൌത്തിനും പുറമെ നികുതിയിൽ പത്തിലൊന്നായിരുന്നു. രാജസ്ഥാനവുംക്രുടി സമ്മതിച്ചു കിട്ടിയതിൽ മഹാരാഷ്ട്രന്മാക്കു് ആവശ്യമുള്ളതൊക്കെയുമായി.

1720-ൽ ബാലാജി വിശ്വനാഥൻ ചരമഗതിപ്രാപിച്ചപ്പോൾ പുത്രനായ ബാജിറാവു പീഷ്വയായി. പീഷ്വമാരിൽ ഏറ്റവും യോഗ്യൻ അദ്ദേഹമായിരുന്നു. അദ്ദേഹം മഹാരാഷ്ട്രസൈന്യത്തെ പരിഷ്കരിച്ചു് 1731-ൽ മാൾവയിൽ കടന്നു കൊള്ളചെയ്തു. പിന്നെ അദ്ദേഹം ബന്തൽഖണ്ഡം സ്വാധീനമാക്കി. 1737-ൽ പീഷ്വ ദൽഹിയിലോളം എത്തി. മുഗിളചക്രവർത്തിയെ സ്വാധീനമാക്കാനാണു് പീഷ്വ അവിടെ ചെന്നതു്. ആ വിവരം ധരിച്ചു ദക്ഷിണഖണ്ഡത്തിൽ നിന്നു നൈസാം ദൽഹിയിലേയ്ക്കു ചെന്നു. ബോപ്പാലിനു്

സമീപംവെച്ചുണ്ടായ യുദ്ധത്തിൽ നൈസാം തോറ്റു. 1739-ൽ ബാജിറാവു ബസ്സീനെന്ന ദ്വീപും കരസ്ഥമാക്കി. 1740-ൽ ബാജിറാവു മരിച്ചു.

പിന്നെ പീഷ്വയായത് ബാലാജി ബാജിറാവുവായിരുന്നു. അദ്ദേഹത്തെ സഹായിപ്പാൻ സദാശിവഭാവു എന്നൊരാളുണ്ടായിരുന്നു. ആ പീഷ്വയുടെ കാലത്താണ് ഗെക്കവാർ മുതലായ മഹാരാഷ്ട്രകുടുംബങ്ങളുടെ ഉത്ഭവമുണ്ടായത്. ഗെക്കവാർ മുതലായവർ പീഷ്വയുടെ സൈന്യത്തിലെ നായകന്മാരായിരുന്നു. അന്ന് ഗെക്കവാർ, സിന്ധ്യ, ഹോൾക്കാർ, ബോൺസലെ എന്നിങ്ങനെ 4 മഹാരാഷ്ട്രന്മാർ സ്വതന്ത്രരാജ്യങ്ങൾ സ്ഥാപിച്ചു. അന്നു ബോൺസലെ മദ്ധ്യേന്ത്യയാസകലം കൊള്ളചെയ്തു ബങ്കാളത്തിലെത്തി. ബങ്കാളത്തിലെ അപ്പോഴത്തെ നവാബ് ആലിവർഡിഖാനായിരുന്നു. നവാബു മഹാരാഷ്ട്രന്മാക്ക് ഒറീസ്സ വിട്ടുകൊടുത്തു. മഹാരാഷ്ട്രന്മാർ ബങ്കാളത്തുനിന്നും ബീഹാരത്തുനിന്നും ചൌത്തു പിരിപ്പാനും തുടങ്ങി. മുഗൾ ചക്രവർത്തിയുടെ നികുതിയിൽ നാലിലൊന്നു മഹാരാഷ്ട്രന്മാക്കു കൊടുക്കാമെന്നു 1758-ൽ അദ്ദേഹവും ഏറ്റു. അങ്ങിനെയിരിക്കുമ്പോഴാണ് പാനിപ്പറ്റിൽവെച്ചു മൂന്നാമതൊരു യുദ്ധം നടന്നതു്. അന്ന് ആഫ്ഗനിസ്ഥാനത്തിലെ രാജാവു് അഹമ്മദ്ഷാ അബ്ദാലിയായിരുന്നു. അദ്ദേഹം ഇന്ത്യയെ 3 തവണ ആക്രമിക്കുകയുണ്ടായി. ഒടുവിലത്തെ ആക്രമണമുണ്ടായതു് 1761-ൽ ആണ്. അന്നു് പഞ്ചാബു് മഹാരാഷ്ട്രന്മാരുടെ അധീനത്തിലാ

# ഹിന്ദുസ്ഥാൻ



യിരുന്നു. ആ സ്ഥലം തന്റേതാണെന്നു വാദിച്ചുകൊണ്ടാണു് അഹമ്മദുഷാ യുദ്ധസന്നദ്ധനായതു്. അദ്ദേഹത്തിന്റെ സൈന്യത്തിൽ 35,000 കാലാളും 40,000 കുതിരപ്പട്ടാളക്കാരുമുണ്ടായിരുന്നു. മഹാരാഷ്ട്ര സൈന്യത്തിൽ 15,000 കാലാളും, അത്രതന്നെ പിന്താരികളും, 35,000 കുതിരപ്പട്ടാളക്കാരുമാണുണ്ടായിരുന്നതു്. ഇരുകക്ഷികളുടെ പക്കലും തോക്കുകളും സുലഭമായിരുന്നു. സദാശിവറാവുവായിരുന്നു മഹാരാഷ്ട്ര സൈന്യാധിപൻ. തോക്കുകൊണ്ടു് എന്തും സാധിക്കാമെന്നായിരുന്നു അദ്ദേഹത്തിന്റെ ബോധം. ആ ബോധം അദ്ദേഹത്തിന്റെ തോൽമയ്ക്കു കാരണമായി. അന്നുണ്ടായ യുദ്ധത്തിൽ ആഫ്ഗൻകാരുടെ സൈന്യത്തിന്റെ വലത്തുഭാഗവും മദ്ധ്യഭാഗവും തോറ്റു. മറ്റുള്ള സൈന്യം അപ്പോൾ മുമ്പിലേയ്ക്കു കയറി. ആ സമയത്തുണ്ടായ യുദ്ധത്തിൽ സദാശിവറാവുവും പീഷ്വയുടെ പുത്രനായ വിശ്വനാഥറാവുവും ഹതരായി. മഹാദ്ജി സിന്ധ്യയും മൽഹർ റാവു ഹോൾക്കരും ഓടി രക്ഷപ്രാപിച്ചു. ഈ വ്യസനവൃത്താന്തം കേട്ടു പീഷ്വയും അന്തരിച്ചു.

പിന്നെ മാധവറാവു പീഷ്വയായി. അദ്ദേഹം 1772 വരെ രാജ്യം ഭരിച്ചു. അനന്തരം പീഷ്വയായ നാരായണറാവുവിനെ അമ്മാമനായ രഘുനാഥറാവു കൊല്ലിച്ചു. അപ്പോൾ മഹാരാഷ്ട്രത്തിൽ കലഹമായി. ചിലർ രഘുനാഥറാവുവിനേയും, മറ്റു ചിലർ നാരായണറാവുവിന്റെ പുത്രനേയും സഹായിച്ചു. രഘുനാഥറാവു ഇംഗ്ലീഷുകാരുടെ സഹായം ആവശ്യപ്പെട്ടു.

അവർ രഘുനാഥറാവുവിന്റെ പക്ഷത്തിൽ ചേർന്നു. അങ്ങിനെ ഒന്നാം മഹാരാഷ്ട്രയുദ്ധം ഉണ്ടായി. യുദ്ധം 1782-ൽ സന്ധിപ്രകാരം അവസാനിച്ചു. രഘുനാഥറാവു പീഷ്വാസ്ഥാനത്തുനിന്നു പിരിഞ്ഞു. നാരായണറാവുവിന്റെ പുത്രൻ മാധവറാവുനാരായണൻ പീഷ്വായായി. അദ്ദേഹം 1795-ൽ ചരമഗതി പ്രാപിച്ചു. പിന്നെ ബാജിറാവു ദ്വിതീയൻ പീഷ്വായായി.

അങ്ങിനെയിരിക്കുമ്പോൾ മഹാരാഷ്ട്രന്മാർ തമ്മിൽ വീണ്ടും വഴക്കു തുടങ്ങി. പീഷ്വാ ഇംഗ്ലീഷുകാരെ അഭയം പ്രാപിച്ചു. അന്നു വെല്ലസ്ലിപ്രഭുവായിരുന്നു ഗവർണർജനറൽ. അദ്ദേഹം പീഷ്വായെ സഹായിച്ചു. അന്നും ഇംഗ്ലീഷുകാരും മഹാരാഷ്ട്രന്മാരും തമ്മിൽ ഒരു യുദ്ധം നടന്നു. അതിന്റെ അവസാനത്തിൽ മഹാരാഷ്ട്രന്മാർ ഇംഗ്ലീഷുകാരുമായി സന്ധിചെയ്തു.

1814-ൽ ഹേസ്റ്റിംഗ്സ് പ്രഭുവായിരുന്നു ഗവർണ്ണർജനറൽ. അക്കാലത്തു് ഇന്ത്യയിൽ പിന്താരികളെന്നൊരുകൂട്ടം ജനങ്ങളുണ്ടായിരുന്നു. അവർ മഹാരാഷ്ട്രന്മാരുടെ ആശ്രിതന്മാരാണു്. അവരെ ഹേസ്റ്റിംഗ്സ് പ്രഭു നശിപ്പിച്ചുകളഞ്ഞു. അതു കണ്ടു പീഷ്വാ യുദ്ധസന്നദ്ധനായി. അനന്തരമുണ്ടായ യുദ്ധത്തിൽ പീഷ്വാ തോറ്റു. ഗവർണ്ണർജനറൽ പീഷ്വായെ പെൻഷൻ കൊടുത്തു പിരിച്ചു. അതോടുകൂടി പീഷ്വാസ്ഥാനവും നാമാവശേഷമായി.

അദ്ധ്യായം 11

# ഡൂപ്ലേയും ക്ലൈവും

1498-ൽ വാസ്കോഡിഗാമ യൂറോപ്പിൽനിന്നു് കപ്പൽ മാർഗ്ഗമായി ഇവിടെ എത്തുകയും അതിനെ തുടർന്നു് പോർത്തുഗീസുകാർ ഇന്ത്യയിൽ ഒരു സാമ്രാജ്യം സ്ഥാപിക്കയും ചെയ്തു. പോർത്തുഗീസ്സുകാരെ അനുകരിച്ചു് ലന്തക്കാർ, ഇംഗ്ലീഷുകാർ, പരന്ത്രീസ്സുകാർ എന്നിവരും കച്ചവടസംഘങ്ങൾ സ്ഥാപിച്ചു് ഇന്ത്യയുമായി കച്ചവടം തുടങ്ങി. ഒടുവിൽ പുറപ്പെട്ടു വന്നതു് പരന്ത്രീസ്സുകാരാണു്.

പരന്ത്രീസ്സുകാർക്കു് കിഴക്കെ തീരത്തു് പുതുശ്ശേരി, ചന്ദ്രനഗരം എന്നീ സ്ഥലങ്ങളും, പടിഞ്ഞാറെ തീരത്തു മയ്യഴി, സൂററു് എന്നീ ദേശങ്ങളുമുണ്ടായിരുന്നു. എന്നാൽ അന്നു് അവർക്കു് ഇവിടെ വലിയ പ്രാബല്യമൊന്നും ഉണ്ടായിരുന്നില്ല. അങ്ങിനെയിരിക്കുമ്പോഴാണു് 1741 ൽ ഡൂപ്ലേ എന്ന പരന്ത്രീസ്സുകാരൻ ഇവിടെ വന്നുചേർന്നതു്.

അന്നു യൂറോപ്പിൽ ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ എന്നും യുദ്ധമായിരുന്നു. അവിടെ യുദ്ധം തുടങ്ങിയാൽ ഇന്ത്യയിലും യുദ്ധം തീർച്ചയാണെന്നായി. കിഴക്കെ തീരത്തുള്ള മദ്രാസു് ഇംഗ്ലീഷുകാരുടെ വകയായിരുന്നു. ഇംഗ്ലീഷുകാരെ ഇന്ത്യയിൽനിന്നു് ഓടിക്കേണമെന്നായി



ഡ്യൂപ്ലേ

രുന്ന പരന്ത്രീസ്സുകാരുടെ ആഗ്രഹം. പരന്ത്രീസ്സുകാരെ ഇവിടെനിന്ന് ഓടിക്കേണമെന്ന് ഇംഗ്ലീഷുകാരും ആഗ്രഹിച്ചു. ഡ്യൂപ്ലേ വന്ന ഉടനെതന്നെ രണ്ടു കക്ഷികളും തമ്മിൽ യുദ്ധം തുടങ്ങി. ആ യുദ്ധത്തിൽ ഡ്യൂപ്ലേ മദ്രാസ് പിടിച്ചടക്കി. എന്നാൽ യൂറോപ്പിൽ സമാധാനമാകുകകൊണ്ട് മദ്രാസ് ഇംഗ്ലീഷുകാക്കുതന്നെ കിട്ടി.

അങ്ങിനെയിരിക്കുമ്പോഴാണ് 1748-ൽ നൈസാം അന്തരിച്ചതു്. നൈസാമിന്റെ പ്രതിനിധിയായി കരനാടകത്തിൽ ഒരു നവാബുണ്ടായിരുന്നു. അന്നത്തെ നവാബ് അനവരുദ്ദീൻ എന്നൊരാളാണ്. നൈസാം മരിച്ചപ്പോൾ നൈസാം സ്ഥാനത്തേയ്ക്ക് രണ്ടു് അവകാശികൾ പുറപ്പെട്ടു. അവർ നാസർജംഗും മുസഫർ ജംഗുമായിരുന്നു. അതിനിടയിൽ നവാബുസ്ഥാനത്തെ

പ്പററിയും തക്കമായി. ചന്ദാസാഹിബ് എന്നൊരാൾ താനാണ് നവാബ്സ്ഥാനത്തിന് അവകാശി എന്നു വാദിച്ചു. അതിലേയ്ക്ക് ചന്ദാസാഹിബ് ഡ്യൂപ്ലേയുടെ സഹായം ആവശ്യപ്പെട്ടു. അതു തനിക്കൊരു ഗുണമാണെന്നു ഡ്യൂപ്ലേയും കരുതി. പിന്നെ അദ്ദേഹം മുസഫർജംഗിനേയും തങ്ങളുടെ കക്ഷിയിൽ ചേർത്തു. അങ്ങിനെ ഡ്യൂപ്ലേ ഒരു സൈന്യത്തെ ചന്ദാസാഹിബ്ബിന്റെ സഹായത്തിന് അനവരുദ്ദീന്റെനേരെ അയച്ചു. അനവരുദ്ദീനാണ് നവാബ്സ്ഥാനത്തിനു മറെറാരു അവകാശി. അന്നുണ്ടായ യുദ്ധത്തിൽ അനവരുദ്ദീൻ ഹതനായി. അദ്ദേഹത്തിന്റെ പുത്രനായ മുഹമ്മദാലി തൃശ്ശിനാപ്പള്ളിയിൽ അഭയം പ്രാപിച്ചു. അപ്പോൾ ചന്ദാസാഹിബ് കരനാടകത്തിലെ നവാബായി. മുസഫർജംഗ് നൈസാം സ്ഥാനം സ്വയമേവ കയ്യേല്ക്കുകയും ചെയ്തു.

ഇതുമായപ്പോൾ തെക്കെ ഇന്ത്യയിലെ കായ്ങ്ങളിൽ ഇംഗ്ലീഷുകാരും കൈ കടത്തിത്തുടങ്ങി. അവരെ അതിന് ഉപദേശിച്ചതു ക്ലൈവാണ്.

1725-ാമാണ്ടിലാണ് ക്ലൈവു ജനിച്ചതു്. റോബർട്ട് എന്നായിരുന്നു അദ്ദേഹത്തിന്റെ പേർ. ക്ലൈവ് അദ്ദേഹത്തിന്റെ കുടുംബപ്പേരാണ്. ക്ലൈവ് ബാല്യത്തിൽ വലിയൊരു താന്തോന്നിയായിരുന്നു. താന്തോന്നികളെ ഇന്ത്യയിലേക്കയക്കുകയായിരുന്നു അന്നത്തെ പതിവ്. ക്ലൈവിന്റെ പിതാവും ക്ലൈവിനെ ഇന്ത്യയിലേക്കയച്ചു. ക്ലൈവ് ഇവിടെ വന്നു ഒരു ഗുമസ്തനായി

പണി നോക്കിത്തുടങ്ങി. ആ പണി അദ്ദേഹത്തിനു വളരെ നീരസമായ ഒന്നായിരുന്നു. അങ്ങിനെയിരിക്കുമ്പോഴാണു് ഡ്യൂപ്ലേ മദ്രാസു പിടിച്ചടക്കിയതു്. അന്നു ക്ലൈവു് ഒരു ഭടനായി യുദ്ധംചെയ്തു. ക്ലൈവു പിന്നേയും ഉദ്യോഗസ്ഥനായി. അങ്ങിനെ അഞ്ചു കൊല്ലം കഴിഞ്ഞപ്പോഴാണു് മുഹമ്മദാലി തൃശ്ശിനാപ്പള്ളിയിൽ അഭയംപ്രാപിച്ചതു്. മുമ്മഹമ്മദാലി ഇംഗ്ലീഷുകാരുടെ സഹായം ആവശ്യപ്പെട്ടു. കമ്പനിക്കാർ മുഹമ്മദാലിയെ സഹായിപ്പാൻ ക്ലൈവിനെ അയച്ചു. ക്ലൈവു കരനാടകത്തിലെ തലസ്ഥാനമായ ആക്കോടിനെ ആക്രമിക്കയാണു് ആദ്യം ചെയ്തതു്. യാതൊരു പ്രയാസവുമില്ലാതെ ക്ലൈവു് ആക്കാട്ടിൽ കടന്നു. ഈ വിവരമറിഞ്ഞു ചന്ദാസാഹിബിന്റെ സൈന്യം ആക്കാട്ടിലെത്തി. അതിനിടയിൽ മദ്രാസിൽനിന്നു് ഒരു സൈന്യം ക്ലൈവിനെ സഹായിപ്പാൻ വന്നെത്തി. ക്ലൈവു ചന്ദാസാഹിബിനെ തോല്പിച്ചു തൃശ്ശിനാപ്പള്ളിയിലെത്തി മുഹമ്മദാലിയെ രക്ഷിച്ചു. അങ്ങിനെ മുഹമ്മദാലി കരനാടകത്തിലെ നവാബുമായി. പിന്നെ ക്ലൈവു് ഇംഗ്ലണ്ടിലേക്കു പോയി.

ഇതിനിടയിൽ നാസർജംഗ് എന്നൊരാൾ നൈസാംസ്ഥാനത്തിനു് അവകാശിയായി പുറപ്പെട്ടു. അതിനു് നാസർജംഗ് ഇംഗ്ലീഷുകാരുടെ സഹായം ആവശ്യപ്പെട്ടു. അപ്രകാരം അവർ അദ്ദേഹത്തെ സഹായിപ്പാനൊരുങ്ങി. പക്ഷേ, 1750-ൽ അദ്ദേഹം ഹതനായി. അപ്പോൾ ഡ്യൂപ്ലേ മുസഫർജംഗിനെ നൈസാമാക്കി. നൈസാം ഡ്യൂപ്ലേയെ തെക്കേ ഇന്ത്യയിലെ വൈസറോയിയുമാ



ക്ലൈവ്

ക്കി. അതിനിടയിൽ മുസഫർ ജംഗ് മരിച്ചു. അപ്പോൾ ഡൂപ്ലേ സലബത്ത് ജംഗ് എന്നൊരാളെ നൈസാമാക്കി. അക്കാലത്തു കരനാടക നവാബും പരന്ത്രീസ്സുകക്ഷിക്കാര നായിരുന്നുവല്ലൊ. അതുകൊണ്ടു ഡൂപ്ലേയുടെ പ്രതാപം ഉച്ചസ്ഥാനത്തെത്തി. അതിനിടയിലാണ് ക്ലൈവു മുഹമ്മദാലിയെ രക്ഷിച്ചതു്. ഡൂപ്ലേയെ ഇന്ത്യയിൽ വച്ചുകൊണ്ടിരുന്നാൽ ഇംഗ്ലീഷു പരന്ത്രീസ്സുകലഹങ്ങൾ അവസാനിക്കുന്നതല്ലെന്നു കണ്ടു് പരന്ത്രീസ്സുകാർ ഡൂപ്ലേയെ ഫ്രാൻസിലേക്കയച്ചു.

ക്ലൈവു വീണ്ടും ഇന്ത്യയിലെത്തി. അദ്ദേഹം ഇവിടെ വന്നപ്പോൾ കല്ക്കത്തയിൽ സുരാജദ്ദൌള എന്ന നവാബ് കുറെ ഇംഗ്ലീഷുകാരോട് ഇടഞ്ഞുകൊണ്ടിരിക്കയായിരുന്നു. ഉടനെ ക്ലൈവു ബങ്കാളത്തിലേയ്ക്കു പുറപ്പെട്ടു. 1757-ൽ പ്ലാസ്സിയിൽവെച്ച് ഒരു യുദ്ധം നടന്നു. അതിൽ നവാബു തോറ്റു. അന്നാണ് ഇംഗ്ലീഷുകാരുടെ ഇന്ത്യാസാമ്രാജ്യത്തിനു കല്പിട്ടതു്. നവാബിന്റെ സൈന്യാധിപനായ മിർജാഫർ യുദ്ധസമയത്തു സൈന്യത്തിൽനിന്നു് പെട്ടെന്നു പിന്മാറുകയാൽ ആ യുദ്ധം നവാബിനു ദോഷമായ്ത്തീർന്നു. പിന്നെ ക്ലൈവു മിർജാഫറെ അവിടത്തെ നവാബാക്കി. മിർജാഫർ കല്ക്കത്തക്കു സമീപമുള്ള 20 വില്ലേജുകളും കമ്പനിക്കാർക്കു വിട്ടുകൊടുത്തു. കമ്പനിക്കാർ നവാബിനു കൊടുക്കേണ്ടുന്ന കരം ക്ലൈവിനു കൊടുപ്പാൻ നവാബു സമ്മതിക്കുകയും ചെയ്തു. അനന്തരം കമ്പനിക്കാർ ക്ലൈവിനെ കല്ക്കത്തയിലെ ഗവണ്ണരാക്കി. ക്ലൈവു വീണ്ടും ഇംഗ്ലണ്ടിലേക്കു പോയി. അന്നു് അദ്ദേഹത്തിനു പ്രഭുസ്ഥാനം സിദ്ധമായി.

ക്ലൈവു മൂന്നാമതും ഇന്ത്യയിൽ വന്നു. അന്നു് അദ്ദേഹം വന്നതു ബങ്കാളത്തിലെ ഗവണ്ണരായിട്ടാണു്. അദ്ദേഹം ബങ്കാളത്തിൽ നാനാതരത്തിലുള്ള പരിഷ്കാരങ്ങളും വരുത്തി. അതുകൊണ്ടു കമ്പനിയിലെ ഉദ്യോഗസ്ഥന്മാരുടെ അന്യായമായ ധനസമ്പാദനത്തിനു കുറവു വന്നു. അപ്പോൾ അവർക്കു ക്ലൈവിന്റെ പേരിൽ രസക്കേടായി.

അദ്ധ്യായം 12

# വാറൻ ഹെസ്റ്റിങ്ങ്സ്

വാറൻ ഹെസ്റ്റിങ്ങ്സ് 1732-ലാണു ജനിച്ചതു്. അദ്ദേഹത്തിനു നന്നേ ചെറുപ്പത്തിൽത്തന്നെ ഇന്ത്യയിൽ ഒരു ഉദ്യോഗം കിട്ടി. സുരാജദൌളയുമായുണ്ടായ യുദ്ധത്തിൽ വാറൻ ഹെസ്റ്റിങ്ങ്സും പങ്കുകൊണ്ടിരുന്നു. അന്നു് അദ്ദേഹം കാണിച്ച ധൈര്യംകണ്ടു സന്തോഷിച്ച കമ്പനിക്കാർ അദ്ദേഹത്തെ മിർജാഫരുടെ രാജധാനിയിലെ റസിഡണ്ടാക്കി. പിന്നെ അദ്ദേഹം കല്ക്കത്തയിലെ ആലോചനസഭയിലെ ഒരംഗമായി. അതു കഴിഞ്ഞു് അദ്ദേഹം ഇംഗ്ലണ്ടിലേക്കു പോയി. പിന്നെ അദ്ദേഹം മദ്രാസ്സിലെ സഭയിലെ ഒരംഗമായി വന്നു ചേർന്നു. അന്നു് അദ്ദേഹം പ്രകടിപ്പിച്ച ശ്രദ്ധാന്തി കണ്ടു സന്തോഷിച്ച കമ്പനിക്കാർ അദ്ദേഹത്തെ 1770-ൽ ബങ്കാളത്തിലെ ഗവണ്ണരാക്കി.

അന്നു ബങ്കാളത്തിലെ ഭരണവ്യവസ്ഥ തീരെ കുഴഞ്ഞുമറിഞ്ഞാണു കിടന്നിരുന്നതു്. നീതിപരിപാലനത്തിലും നീതിന്യായകാര്യത്തിലും യാതൊരു വ്യവസ്ഥയുമുണ്ടായിരുന്നില്ല. കവർച്ചക്കാരും തെണ്ടിക്കള്ളന്മാരും നാട്ടിലെങ്ങും നടന്നു ജനങ്ങളെ ഉപദ്രവിച്ചിരുന്നു.

കമ്പനിക്കാർക്കു് കൽക്കത്ത, ബോംബെ, മദ്രാസ് എന്നീ മൂന്നു പ്രധാന നഗരങ്ങളിലും കച്ചവടസ്ഥലങ്ങളു

ണ്ടായിരുന്നു. അവിടങ്ങളിൽ ഓരോന്നിലും ഓരോ ഗവണ്ണരുമുണ്ടായിരുന്നു. അവർ നാട്ടുകാരുടെ കായ്ക്കുങ്ങളിൽ പ്രവേശിച്ചിരുന്നു. അതുകൊണ്ട് ഒരു സ്ഥലത്തെ ഗവണ്ണർ മറെറാരു സ്ഥലത്തെ ഗവണ്ണർക്കു വിരോധമായി പ്രവർത്തിക്കേണമെന്നു വന്നുകൂടി. അങ്ങിനെ ചെയ്തിരുന്നതുകൊണ്ടു കമ്പനിക്കാർക്കു വലിയ കഷ്ടപ്പാടായി. അതുകൊണ്ട് ഗവണ്ണർമാരുടെ പ്രവൃത്തികളെ നിയന്ത്രിക്കുവാൻ ഒരാളെ നിയമിക്കണമെന്നു കമ്പനിക്കാർ തീർച്ചയാക്കി. ആ ആളിനു് ഗവണ്ണർ ജനറൽ എന്ന സ്ഥാനം സിദ്ധമായി. അങ്ങിനെയുണ്ടായ ഒന്നാമത്തെ ഗവണ്ണർ ജനറൽ ഹേസ്റ്റിങ്ങ്സാണു്.

ഹെസ്റ്റങ്ങിസിന്റെ കാലത്തു അദ്ദേഹത്തിനു പല തവണയും ഇന്ത്യൻരാജാക്കന്മാരുടെ കാര്യത്തിൽ ഏർപ്പെടേണ്ടിവന്നു. മഹാരാഷ്ട്രന്മാരുമായും, മൈസൂരിലെ രാജാക്കന്മാരായ ഹൈദർ, ടിപ്പു എന്നിവരുമായും; റോഹില്ലക്കാരുമായും കമ്പനിക്കാർ ഇടഞ്ഞു. റോഹില്ലക്കാർ റോഹിൽ ഖണ്ഡത്തിലെ നിവാസികളാണു്. അവരുടെ സമീപവാസിയായ അയോദ്ധ്യയിലെ നവാബുമായി അവർ വഴക്കടിച്ചാണു് കഴിഞ്ഞിരുന്നതു്. അന്നു മഹാരാഷ്ട്രന്മാർ വടക്കെ ഇന്ത്യയിൽ പ്രവേശിച്ചിരുന്നു. അവർ റോഹിൽഖണ്ഡം ആക്രമിക്കുമെന്നു റോഹില്ലക്കാർക്കു ഭയമായി. അങ്ങിനെ ഒരാക്രമണം ഉണ്ടായാൽ അയോദ്ധ്യയിലെ നവാബു അവരെസഹായിക്കാമെന്നേറ്റു. അതിനു അവർ അദ്ദേഹത്തിനു 40 ലക്ഷം ഉറുപ്പിക പ്രതിഫലം കൊടുക്കേണമെന്നായിരുന്നു നിശ്ചയം. 1773-ൽ



വാറൻ ഹെസ്റ്റിങ്ങ്സ്

മഹാരാഷ്ട്രന്മാർ റോഹിൽഖണ്ഡം ആക്രമിച്ചപ്പോൾ നവാബു റോഹില്ലക്കാരെ സഹായിച്ചു. പ്രതിഫലം ചോദിച്ചതിൽ റോഹില്ലക്കാർ വഴിപ്പെട്ടില്ല. അപ്പോൾ നവാബു ഇംഗ്ലീഷുകാരുടെ സഹായം ആവശ്യപ്പെട്ടു. അതിനു പ്രതിഫലം കൊടുക്കാമെന്നും നവാബേറ്റു. അപ്രകാരം 1774-ൽ നവാബു റോഹിൽ ഖണ്ഡം ആക്രമിച്ചു. ഹെസ്റ്റിങ്ങ്സ് നവാബിനെ സഹായിക്കുകയും ചെയ്തു. ഹെസ്റ്റിങ്ങ്സിന്റെ ഈ പ്രവൃത്തി കമ്പനിയിലെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ വലിയ ആക്ഷേപത്തിനു കാരണമായി.

1773-ൽ കമ്പനിക്കാർ ഒരു നിയമം പാസ്സാക്കുകയുണ്ടായി. റഗുലേററിംഗ് ആക്ട് എന്നാണു് അതിന്റെ പേരു്. അതനുസരിച്ചു് കല്ക്കത്തയിൽ ഒരു സുപ്രീം കോടതി സ്ഥാപിതമായി. ആ ആക്ടിലെ നിശ്ചയപ്രകാരം ഗവർണർജനറലിനെ നയിക്കുവാൻ ഒരു സഭ 1774-ൽ ഏർപ്പെട്ടുത്തി. സഭാംഗങ്ങളിൽ 3 പേർ ഹേസ്റ്റിങ്ങ്സിന്റെ എതിരാളികളായ്ത്തീർന്നു. ഗവർണ്ണർജനറലിനെ സഹായിപ്പാൻ ഒരംഗം മാത്രമേ ഉണ്ടായിരുന്നുള്ളു. സഭാംഗങ്ങൾ റോഹില്ല യുദ്ധത്തെപ്പററി ആക്ഷേപിച്ചു തുടങ്ങി. 1775-ൽ അന്നത്തെ നവാബായ ഷൂജദൌല അന്തരിച്ചപ്പോൾ സഭക്കാർ അദ്ദേഹത്തിന്റെ അനന്തരഗാമിയെക്കൊണ്ടു പുതിയ ഒരു കരാർ എഴുതിപ്പിച്ചു. ഗവർണർ ജനറൽ ഇതിനു വിരോധമായിരുന്നു.

നന്ദകുമാരൻ എന്നൊരാൾ 1775-ൽ ഹേസ്റ്റിങ്ങ്സിന്റെ പേരിൽ കൈക്കൂലി വാങ്ങി എന്നൊരു കേസ്സു കൊണ്ടുവന്നു. അപ്പോൾ കൌൺസിലിലെ ഭൂരിപക്ഷക്കാർ ഗവർണർജനറലിനെ ആക്ഷേപിക്കുവാൻ തുടങ്ങി. അതിനെപ്പററി വിചാരണ നടത്തിയതിൽ ഹേസ്റ്റിങ്ങ്സ് നിർദ്ദോഷിയാണെന്നാണു് കണ്ടതു്. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ നന്ദകുമാരന്റെ പേരിൽ ഗവർണർ ജനറൽ രാജദ്രോഹക്കുറ്റം ചുമത്തി. അതിനിടയിൽ നന്ദകുമാരൻ കള്ളയൊപ്പിട്ട എന്നൊരു കേസ്സും ഉണ്ടാക്കി. അതിൽ നന്ദകുമാരൻ കുറ്റക്കാരനാണെന്നു തെളിഞ്ഞതിനാൽ അദ്ദേഹം വധശിക്ഷക്കു അർഹനായി.

അയോദ്ധ്യയിലെ നവാബായ അസാഫ്-ഉദ്-ദൗല കമ്പനിക്കാർക്കു കൊടുപ്പാനുണ്ടായിരുന്ന കപ്പം കുടിശ്ശികയാക്കി. നവാബിന്റെ അമ്മയുടേയും മുത്തശ്ശിയുടേയും പക്കൽ അനവധി പണമുണ്ടായിരുന്നു. അതിൽനിന്നു കുറെ കിട്ടിയാൽ കൊള്ളാമെന്നു നവാബിനു് ആഗ്രഹമായി. 1775-ൽ നവാബിന്റെ അമ്മ അദ്ദേഹത്തിനു കുറെ പണം കൊടുത്തു. 1781-ൽ നവാബു വീണ്ടും പണം ആവശ്യപ്പെട്ടു. അന്നു ഗവർണർജനറൽ നവാബിനെ സഹായിക്കുകയും ചെയ്തു. അതു് വലിയൊരു ആക്ഷേപാർഹമായ പ്രവൃത്തിയായിരുന്നു. അതുകൊണ്ടു്, 1784-ൽ ഇന്ത്യാബിൽ എന്നു് ഒരു നിയമം പാസ്സായി. അതിലെ നിശ്ചയങ്ങളിൽ നീരസം തോന്നി ഹേസ്റ്റിംഗ്സ് 1785-ൽ ഉദ്യോഗത്തിൽനിന്നൊഴിഞ്ഞു.


---

അദ്ധ്യായം 13

# ഹൈദരാലിയും ടിപ്പുസുൽത്താനും

---

പഞ്ചാബിൽനിന്നു വന്നു മൈസൂരിൽ താമസമാക്കിയ ഒരു മുസ്ലിം കുടുംബത്തിലാണു് ഹൈദരാലി ജനിച്ചതു്. ഹൈദരുടെ അച്ഛൻ മൈസൂർ സൈന്യത്തിലെ ഒരു നായ്ക്കനായിരുന്നു. അയാളുടെ രണ്ടാമത്തെ പുത്രനായിരുന്നു ഹൈദർ. ഹൈദരുടെ ജ്യേഷ്ഠൻ ഒരു പട്ടാള ഉദ്യോഗസ്ഥനും ഹൈദർ ഒരു കവർച്ചക്കാരനുമായിട്ടാണു് ആദ്യം പ്രവർത്തിച്ചതു്.



ഹൈദരാലി

അങ്ങിനെയിരിക്കുമ്പോൾ ഹൈദർ ഒരു യുദ്ധത്തിൽ അസാമാന്യമായ സാമർത്ഥ്യം കാണിച്ചു. അതുകൊണ്ട്

ഹൈദർക്കും സൈന്യത്തിൽ ഒരു ഉദ്യോഗം കിട്ടി. പിന്നെ കരനാടക നവാബിന്റെ സ്ഥാനാവകാശത്തെപ്പറ്റിയുണ്ടായ യുദ്ധത്തിൽ ഹൈദർ പങ്കുകൊണ്ടു. സന്തുഷ്ടനായ മൈസൂർ രാജാവു് ഹൈദരെ മധുരയിലെ നായ്ക്കനാക്കി. അതിനിടയിൽ മൈസൂർ സൈന്യത്തിൽത്തന്നെ നാനാതരത്തിലുള്ള കുഴപ്പങ്ങളുണ്ടായി. ആ കുഴപ്പങ്ങളം തീർത്തതു് ഹൈദരായിരുന്നു. അപ്പോൾ രാജാവു് ഹൈദരെ മൈസൂർ സൈന്യത്തിന്റെ നായകനാക്കി. അങ്ങിനെ ഉയർന്നുകൊണ്ടു് ഹൈദർ മൈസൂർ സിംഹാസനം തന്നെ കരസ്ഥമാക്കുകയും ചെയ്തു.

ഹൈദർക്കു് ഇംഗ്ലീഷുകാരോടു വളരെ വിരോധമായിരുന്നു. എന്നാൽ, ഹൈദർക്കു മഹാരാഷ്ട്രന്മാരെക്കൊണ്ടുള്ള ഉപദ്രവം അസഹ്യമായിരുന്നതിനാൽ ഹൈദർ ഇംഗ്ലീഷുകാരുമായി ഒരു സന്ധിചെയ്തു. അതുപ്രകാരം മൈസൂറിനെ മഹാരാഷ്ട്രന്മാർ ആക്രമിച്ചാൽ ഇംഗ്ലീഷുകാർ ഹൈദരെ സഹായിക്കേണ്ടതായിരുന്നു. എങ്കിലും, അവർ അങ്ങിനെ ചെയ്തില്ല. അക്കാലത്തൊരിക്കൽ പശ്ചിമതീരത്തു പരന്ത്രീസ്സുകാർക്കുള്ള മയ്യഴി ദേശം ആക്രമിച്ചു പിടിക്കുവാൻ ഇംഗ്ലീഷുകാർ മൈസൂറിൽക്കൂടി കടന്നു പോകാൻ ശ്രമിച്ചു. അപ്പോൾ ഹൈദർ ഇംഗ്ലീഷുകാരെ തടഞ്ഞു. അതിൽനിന്നു് ഇംഗ്ലീഷുകാരും ഹൈദരും തമ്മിൽ യുദ്ധമായി. അതിൽ ഇംഗ്ലീഷുകാരാണു ജയിച്ചതു്. ഹൈദർ 1784-ൽ മരിച്ചു.



ടിപ്പുസുൽത്താൻ

പിന്നെ മൈസൂർപുലി എന്നു സുപ്രസിദ്ധനായ ടിപ്പു മൈസൂരിലെ സുൽത്താനായി. ടിപ്പുവിന്നും ഇംഗ്ലീഷുകാരോടു വിരോധമായിരുന്നു. ടിപ്പു മലബാറിൽ കടന്നു് അവിടെയുള്ള പ്രദേശങ്ങളും കരസ്ഥമാക്കി. അപ്പോഴുണ്ടായ ലഹളകളാൽ മലബാറിൽനിന്നു പലരും തിരുവിതാംകൂറിൽ ചെന്നു് അഭയം പ്രാപിച്ചു. അതുകണ്ടു ടിപ്പു തിരുവിതാംകൂർ ആക്രമിപ്പാൻ പുറപ്പെട്ടു. അന്നു കൊച്ചിയിൽ ക്കുടിയായിരുന്ന ടിപ്പുവിന്റെ ആ യാത്ര. അതിനു് അന്നു പടയോട്ടമെന്നാണു് ഇവിടേ പറഞ്ഞുവന്നിരുന്നതു്. അന്നത്തെ തിരുവിതാംകൂർ രാജാവു് ഇംഗ്ലീഷുകാരുടെ ബന്ധുവായിരുന്നു.

അതുകൊണ്ടു തിരുവിതാംകൂറിനെ ആക്രമിപ്പാൻ പാടില്ലെന്നു് ഇംഗ്ലീഷുകാർ ടിപ്പുവിനോടു പറഞ്ഞു. ടിപ്പു അതിനു വഴിപ്പെട്ടില്ല. അന്നത്തെ ഗവർണ്ണർജനറൽ കോൺവില്ലീസ്സുപ്രഭുവാണു്. അദ്ദേഹം അപ്പോൾ മൈസൂരിനെ ആക്രമിപ്പാൻ പുറപ്പെട്ടു. അതു കേട്ടു ടിപ്പു അവിടേയ്ക്കു മടങ്ങിപ്പോയി. അന്നുണ്ടായ യുദ്ധത്തിൽ ടിപ്പു തോറ്റു; അദ്ദേഹം ഇംഗ്ലീഷുകാരുമായി സന്ധി ചെയ്തു. പക്ഷെ ടിപ്പുവും ഇംഗ്ലീഷുകാരും തമ്മിൽ പിന്നേയും യുദ്ധമായി. ഒടുവിലത്തെ യുദ്ധം അവസാനിച്ചതു് 1799 ലാണു്. അന്നു വെല്ലസ്ലിപ്രഭുവായിരുന്ന ഗവർണ്ണർജനറൽ. അന്നത്തെ യുദ്ധത്തിൽ ടിപ്പു ഹതനായി.

ടിപ്പു വളരെ യോഗ്യനായ ഒരു പടയാളിയായിരുന്നുവെന്നുള്ളതിനു സംശയമില്ല.

---

അദ്ധ്യായം 14

## നാനാഫർനാവിസ്സു്.

---

നാനാഫർനാവിസ്സു് എന്ന മഹാൻ ജനിച്ചതു് 1741-ൽ ആണു്. അദ്ദേഹത്തിന്റെ വാസ്തവമായ പേർ ബാലാജി ജനാർദ്ദനഭാനു എന്നാണു്. നാനാ എന്നതു് അദ്ദേഹത്തിന്റെ മുത്തച്ഛന്റെ പേരാണു്. ഫർനാവിസ്സു് എന്നു പറയുന്നതു് ധനകാര്യമന്ത്രിക്കുള്ള മഹാരാഷ്ട്രപ്പേരുമാണു്.

അദ്ദേഹം 1761-ൽ നടന്ന പാനിപ്പറ്റയുദ്ധത്തിൽ പങ്കുകൊള്ളുകയുണ്ടായി. 1774 മുതൽ അദ്ദേഹമായിരുന്നു മഹാരാഷ്ട്രത്തിലെ പ്രമാണി. 1772-ൽ മാധവറാവു എന്ന പീഷ്വാ മരിച്ചപ്പോൾ നാരായണറാവു പീഷ്വായായി. അദ്ദേഹം 4 മാസത്തിന്നകം ഹതനായി. രഘുനാഥറാവുവിന്റെ പ്രേരണമൂലമാണ് നാരായണറാവു ഹതനായതെന്നു നാനാഫർനാവിസ്സിനു സംശയമുണ്ടായി. രഘുനാഥറാവു ഇംഗ്ലീഷുകാരുടെ സ്നേഹിതനായിരുന്നു. അതുകൊണ്ട് രഘുനാഥറാവുവിനെ പീഷ്വായാക്കാൻ നാനാഫർനാവിസ്സിനുസമ്മതമുണ്ടായില്ല. നാരായണറാവു മരിക്കുന്ന സമയത്തു് അദ്ദേഹത്തിന്റെ പത്നിക്കു ഗർഭമുണ്ടായിരുന്നു. അവർ യഥാകാലം ഒരു ആൺകുട്ടിയെ പ്രസവിച്ചു. ആ കുട്ടിയെ പീഷ്വായാക്കേണമെന്നു് നാനാഫർനാവിസ്സു പറഞ്ഞു. അപ്പോൾ തന്റെ കാര്യസിദ്ധിക്കു രഘുനാഥറാവു ബോംബേ ഗവണ്മെണ്ടിന്റെ സഹായം ആവശ്യപ്പെട്ടു. അപ്രകാരം 1775-ൽ സൂറത്തിൽ വച്ചു രഘുനാഥറാവുവും ഇംഗ്ലീഷുകാരും തമ്മിൽ ഒരു ഉടമ്പടി നടന്നു. രഘുനാഥറാവുവിനെ തങ്ങൾ സഹായിക്കാമെന്നു ഇംഗ്ലീഷുകാർ ഏറ്റുകൊണ്ടാണു് ആ ഉടമ്പടി. അന്നു വാറൻഹേസ്റ്റിങ്ങ്സായിരുന്നു ഗവർണ്ണർ ജനറൽ. അദ്ദേഹം രഘുനാഥറാവുവിനെ സഹായിപ്പാനൊരുങ്ങി. അദ്ദേഹത്തിന്റെ സഭക്കാർ അതിനു വിരോധമായിരുന്നു. അവർ പുരന്ദരം എന്ന സ്ഥലത്തുവച്ചു് നാനാഫർനാവിസ്സുമായി ഒരു സന്ധി ചെയ്തു. എന്നാൽ രഘുനാഥറാവുവിനെ സഹായിപ്പാനാണു് ഇംഗ്ലണ്ടിൽ നിന്നു കല്പന വന്നതു്. അപ്പോൾ ബോംബെഗവ



നാനാഫർനാവിസ്സ്

ണ്മെണ്ടു പൂന പിടിക്കുവാൻ ഒരു സൈന്യം അയച്ചു. അ സൈന്യം തോറ്റുപോയി. അപ്പോൾ ബോംബെ ഗവണ്മെണ്ടു് വാർഗൻ എന്ന സ്ഥലത്തു വച്ചു മഹാരാഷ്ട്രന്മാരുമായി സന്ധിയിൽ ഏർപ്പെട്ടു. അതു് ഇംഗ്ലീഷുകാക്കു വളരെ അപമാനകരമായ ഒരു സന്ധിയായിരുന്നു. അതു സമ്മതിക്കുന്നതല്ലെന്നു് ഇംഗ്ലണ്ടിലെ ഗവണ്മെണ്ടു വാദിച്ചു. അതിനിടയിൽ മഹാദജി സിന്ധ്യയും നാനാഫർനാവിസ്സിന്റെ ഭാഗത്തു ചേർന്നു. അപ്പോൾ 1782-ൽ സാൽബെ എന്ന സ്ഥലത്തുവച്ചു് വീണ്ടും സന്ധി നടന്നു. അതനുസരിച്ചു് രഘുനാഥറാവുവിനെ പെൻഷൻ കൊടുത്തു പിരിച്ചു. പിന്നെ 20 കൊല്ലത്തേക്കു മഹാരാഷ്ട്രന്മാരും ഇംഗ്ലീഷുകാരും തമ്മിൽ സ്നേഹമായിത്തന്നെയാണു കഴിഞ്ഞതു്. നാനാഫർനാവിസ്സിന്റെ മിടുക്കായിരുന്നു അതിനു കാരണം.

നാരായണറാവുവിന്റെ പുത്രനായ മാധവറാവു നാരായണനാണ് രഘുനാഥറാവുവിനു ശേഷം പീഷ്വായായതു്. അദ്ദേഹത്തിന്റെ കാലത്തും കായ്ങ്ങളം നോക്കിയിരുന്നതു് നാനാഫർനാവിസ്സായിരുന്നു. 1795-ൽ മാധവറാവു നാരായണൻ മൃതനായി. അതോടുകൂടി മഹാരാഷ്ട്രത്തിൽ ആഭ്യന്തരകലഹം തുടങ്ങി. രഘുനാഥറാവുവിന്റെ പുത്രനായ ബാജിറാവു ദ്വിതീയനാണ് പിന്നത്തെ പീഷ്വായായതു്. അദ്ദേഹം നാനാഫർനാവിസ്സിനെ കലഹകാരിയെന്ന നിലയ്ക്ക് തടവിലാക്കി.

അങ്ങിനെയിരിക്കുമ്പോഴാണ് ഇംഗ്ലീഷുകാരും ടിപ്പുവും തമ്മിൽ യുദ്ധമായതു്. ആ യുദ്ധത്തിൽ മഹാരാഷ്ട്രന്മാർ ഇംഗ്ലീഷുകാരെ സഹായിച്ചു. സിന്ധ്യയുടെ ഉപദേശപ്രകാരം അന്നു് പീഷ്വാ നാനാഫർനാവിസ്സിനെ തടവിൽനിന്നു വിട്ടയച്ചിരുന്നു. മഹാരാഷ്ട്രന്മാർ സഹായിച്ചാൽ യുദ്ധാനന്തരം ലഭ്യമാകുന്ന പ്രദേശങ്ങളിൽ ഒരു ഭാഗം അവർക്കു കൊടുക്കാമെന്നു് അന്നത്തെ ഗവണ്ണർ ജനറൽ ഏൽക്കയുണ്ടായി. എന്നാൽ, യുദ്ധം കഴിഞ്ഞപ്പോൾ ഗവണ്ണർ ജനറൽ അങ്ങിനെ ചെയ്തില്ല. അപ്പോൾ നാനാഫർനാവിസ്സും ഇംഗ്ലീഷുകാരും തമ്മിൽ വഴക്കായി. അതിന്നിടയിൽ 1801-ൽ കഥാനായകൻ ചരമഗതി പ്രാപിച്ചു. മഹാരാഷ്ട്രന്മാരുടെ അഭ്യുദയത്തിനു വേണ്ടി പല വിക്രമകർമ്മങ്ങളും നാനാഫർനാവിസ്സ് ചെയ്തിട്ടുണ്ടു്.

അദ്ധ്യായം 15.

# ബലഭദ്രസിംഹൻ.

നീപ്പാൾരാജ്യം ബ്രിട്ടീഷിന്ത്യയുടെ വടക്കുഭാഗത്തു് കിഴക്കു ടീസ്റ്റ നദി മുതൽ പടിഞ്ഞാറു് സറ്റ്ലജ് വരെ നീണ്ടുകിടന്നിരുന്നു. 1768-ലാണു് പൃഥിവിനാരായണൻ ആ രാജ്യമാസകലം സ്വാധീനമാക്കിയതു്.

ഹേസ്റ്റിങ്ങ്സ് പ്രഭുവിന്റെ കാലത്തു് നീപ്പാളത്തിന്റെ അതിരും ബ്രിട്ടീഷിന്ത്യയുടെ അതിരും തിട്ടപ്പെട്ടിരുന്നില്ല. രണ്ടു ജില്ലകളിൽ നീപ്പാളികൾ സ്ഥലം പിടിച്ചിരുന്നു. ആ ജില്ലകളിൽനിന്നു് അവർ ഒഴിഞ്ഞു പോകണമെന്നു പ്രഭു ആവശ്യപ്പെട്ടു. അങ്ങിനെ ചെയ്തില്ലെങ്കിൽ യുദ്ധം പ്രഖ്യാപനംചെയ്യുമെന്നു് പ്രഭു നീപ്പാൾരാജാവിനെ അറിയിച്ചു. അതിൽ നീപ്പാളികൾ കൂലുങ്ങിയില്ല.

പ്രഭു ഒരു സൈന്യം അയച്ചു് മുൻ പറഞ്ഞ രണ്ടു ജില്ലകൾ കൈവശപ്പെടുത്തി. അപ്പോൾ നീപ്പാളികൾ അവിടെനിന്നു പിൻമാറി. നീപ്പാളിലെ ജനങ്ങളെ ഗ്രൂക്കാർ എന്നാണു വിളിക്കുന്നതു്. ആ ഗ്രൂക്കടന്മാർ പിന്മാറിയപ്പോൾ ഇംഗ്ലീഷുകാർ അവിടെ മൂന്നു ഠാണകൾ സ്ഥാപിച്ചു് അവിടെനിന്നു മാറി. അപ്പോൾ ഗ്രൂക്കാർ ഠാണകളെ നശിപ്പിച്ചു് ഉദ്യോഗസ്ഥന്മാരെ കൊന്നുകളഞ്ഞു.

ഉടനേ, ഗവർണർജനറൽ വീണ്ടും യുദ്ധസന്നദ്ധനായി. അദ്ദേഹം 4 പട്ടാളങ്ങളെ നീപ്പാളിലേക്കയച്ചു. ഓരോ പട്ടാളവും ഓരോഭാഗത്തുനിന്നാണ് കയറിയതു്. ജനറൽ ജില്ലസ്പി എന്നസൈന്യനായകൻ ഒന്നാമതായി ആരാജ്യത്തേക്കുകടന്നു. ഡീറാഡൂണിൽനിന്നു മൂന്നു നാഴികദൂരത്തുള്ള ഒരു ചെറിയ ഉന്നതതടത്തിൽ അദ്ദേഹം എത്തിച്ചേർന്നു. അവിടെ അടുത്തായി കലുംഗഎന്നസ്ഥലത്തു സ്വാഭാവികമായ ഒരു കോട്ടഉണ്ടായിരുന്നു. ആ കോട്ടയിലായിരുന്ന ബലഭദ്രസിംഹനെന്ന ഗ്രൂക്കുസൈന്യാധിപൻ താമസമുറപ്പിച്ചിരുന്നതു്.

ഇംഗ്ലീഷുസൈന്യം ഗ്രൂക്കുസൈന്യത്തെ വളഞ്ഞു. ഗ്രൂക്കുസൈന്യത്തിൽ ആകെ 600 ഭടന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു. യുദ്ധത്തിൽ അവരുടെ എണ്ണം ദിനംപ്രതികുറഞ്ഞുവന്നു. എങ്കിലും അവർ കീഴടങ്ങിയില്ല. ഗ്രൂക്കാരെ നിശ്ശേഷം കൊന്നു കളയുവാൻ ഇംഗ്ലീഷുകാർ മുന്നോട്ടുകയറി. എന്നാൽ മുന്നോട്ടുവച്ചകാൽ ഇംഗ്ലീഷുഭടന്മാക്കു് പിന്നിലേക്കുതന്നെ വലിക്കേണ്ടിവന്നു. സൈന്യാധിപൻ ഭടന്മാരെ ഉത്സാഹിപ്പിയ്ക്കുവാൻ മുമ്പിലേക്കുകടന്നു. ആ സാഹസത്തിൽ അദ്ദേഹം ഹതനായി. അതിൽപിന്നെ ഗ്രൂക്കാരെ കൊല്ലാനുണ്ടായ രണ്ടാമത്തെ ഉദ്യമത്തിലും ഇംഗ്ലീഷുസൈന്യംതോറ്റു. അങ്ങിനെ കുറെനാൾ കഴിഞ്ഞശേഷം കോട്ടയ്ക്കകത്തു വെള്ളമില്ലാതായി. ബലഭദ്രസിംഹനും അദ്ദേഹത്തിന്റെ സൈന്യത്തിൽ അവശേഷിച്ച 70 ഭടന്മാരും ഒരുരാത്രി ശത്രുക്കൾ നോക്കിനില്ക്കുമ്പോൾതന്നെ കോട്ടയ്ക്കുപുറത്തുകടന്നു. അവർ ഇംഗ്ലീ

ഷുപട്ടാളക്കാരുടെ മുമ്പിൽക്കൂടിയാത്രചെയ്യ കാട്ടിൽ മറയുകയുംചെയ്യ.

ബലഭദ്രസിംഹൻ പ്രകടിപ്പിച്ച ധൈര്യം ഇന്നേവരെ യാതൊരു സൈന്യാധിപനും ഉണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ സ്മാരകമായി നീപ്പാളിൽ ഇന്നൊരു സ്തംഭമുണ്ട്.

ഈ യുദ്ധത്തിനാണ് ചരിത്രകാരന്മാർ ഒന്നാം നീപ്പാൾയുദ്ധമെന്നു പറയുന്നതു്. ഇതു 1816-ൽ സിഗൊറിലെ ഉടമ്പടിപ്രകാരം അവസാനിച്ചു.

---

അദ്ധ്യായം 16

# രാമമോഹൻ റോയിയും വിലയ്യംബെൻടിങ്കു പ്രഭുവും.

---

എ. ഡി. 1774-ൽ ഇംഗ്ലീഷുകാർക്കു ഇന്ത്യയിൽ ചില സ്ഥലങ്ങളും കൈവശമായിരുന്നു. അവയിലൊന്നു കല്ക്കത്തയാണു്. എ. ഡി. 1774-ൽ വാറൻഹേസ്റ്റിങ്ങ്സ് ബങ്കാളത്തിലെ ഗവർണറായിരുന്ന കാലത്താണു് രാമമോഹൻറോയി ജനിച്ചതു്. അദ്ദേഹത്തിന്റെ അച്ഛൻ മൂർഷിദബാദ് നവാബിന്റെ കീഴിൽ ഒരു ഉദ്യോഗസ്ഥനായിരുന്നു. മകനേയും അത്തരത്തിലുള്ള ഒരു ഉദ്യോഗസ്ഥനാക്കേണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അന്നു ഇന്ത്യയിലെ രാജഭാഷ

പേർഷ്യനായിരുന്നു. നമ്മുടെ കഥാനായകൻ ഒന്നാമതായി പഠിച്ചുതുടങ്ങിയതു ആ ഭാഷതന്നെയാണു്. രാമമോഹൻ പിന്നീടു് ബങ്കാളി, സംസ്കൃതം, അറബി എന്നീ ഭാഷകളും പഠിച്ചു. വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ കഥാനായകനു മതകാര്യങ്ങളിൽ പ്രത്യേകം പ്രതിപത്തിയുണ്ടായിരുന്നു. ഭിന്നമതങ്ങളിലെ തത്വങ്ങളെപ്പറ്റി അന്നു തന്നെ അദ്ദേഹം പഠിക്കുകയുണ്ടായി. മതതത്വങ്ങളെ താരതമ്യം ചെയ്തു അവയിലുള്ള ഐക്യം കണ്ടുപിടിക്കേണമെന്നു കരുതി ആ വഴിക്കു രാമമോഹൻ പരിശ്രമിച്ചുതുടങ്ങി. പുത്രന്റെ ഈ സമ്പ്രദായം പഴമക്കാരനായ പിതാവിനു രസിച്ചില്ല. അതുകൊണ്ടു അവർ തമ്മിൽ ഇടയ്ക്കിടെ പിണക്കമുണ്ടാകുമാറായി. ഒരിക്കൽ അദ്ദേഹം പിതാവിനോടു പിണങ്ങി തിബറ്റിൽ ചെന്നു രണ്ടുകൊല്ലം താമസിച്ചു, പിന്നെ സഹൃഹത്തിൽ മടങ്ങിവന്നു പിതാവുമായി സ്നേഹത്തോടുകൂടിത്തന്നെ കഴിഞ്ഞു. എങ്കിലും മതകാര്യങ്ങളിൽ പിതാവും പുത്രനും തമ്മിൽ പിന്നേയും വഴക്കുണ്ടായി. അതെല്ലാം സഹിച്ചു് കഥാനായകൻ അച്ഛന്റെ മരണംവരെ സഹൃഹത്തിൽത്തന്നെ കഴിച്ചുകൂട്ടി.

പിതാവു മരിച്ചു അധികകാലം കഴിയുന്നതിനു മുമ്പു രാമമോഹനു ഈസ്റ്റിന്ത്യാകമ്പനിക്കാരുടെ കീഴിൽ ഒരു ഉദ്യോഗം കിട്ടി. ഇംഗ്ലീഷുഭാഷയിൽ അദ്ദേഹത്തിനുണ്ടായിരുന്ന അറിവു വർദ്ധിപ്പിക്കുവാൻ അതൊരു അവസരമായി. എന്നാൽ വളരെ കാലം അദ്ദേഹം ഉദ്യോഗം വഹിച്ചില്ല. 1813-ൽ അദ്ദേഹം ആ ഉദ്യോഗം രാജി



രാമമോഹൻ റോയി

വച്ചു. പൊതുജനസേവനത്തിനു വേണ്ടിയാണു് അദ്ദേഹം അങ്ങിനെ ചെയ്തതു്.

മതം പരിഷ്കരിക്കാനായിരുന്നു നമ്മുടെ കഥാനായകന്റെ ഉത്സാഹം. ഹിന്തുമതത്തിൽ പല അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും അദ്ദേഹം കണ്ടു. മറ്റു മതക്കാർ അക്കാലത്തു് ഹിന്തുമതത്തെ ആക്ഷേപിച്ചുവന്നു. മതത്തിന്റെ സാരം എന്തെന്നു ജനങ്ങളും

ആലോചിച്ചിരുന്നതേയില്ല. അതു് അവരുടെ അജ്ഞത കൊണ്ടാണെന്നു അദ്ദേഹം ഗ്രഹിച്ചു. ഈ അജ്ഞത ഇല്ലാതാക്കുവാൻ സംസ്കൃതഭാഷയിൽ നിന്നു ഹിന്ദുമത ഗ്രന്ഥങ്ങളെ അദ്ദേഹം നാട്ടഭാഷകളിലേക്കു ഭാഷാന്തരം ചെയ്തു. ഇതുകൊണ്ടു സാധാരണജനങ്ങൾക്കു മതതത്വങ്ങൾ അറിവാൻ സാധിച്ചു. സ്വമതങ്ങളുടേയും സാരതത്വങ്ങളെ താരതമ്യം വിവേചനം ചെയ്തു് അദ്ദേഹം പുതിയ ഒരു സംഘടന തന്നെ ഉണ്ടാക്കി. ഏതു മതത്തിലേയും തത്വങ്ങൾ പൊതുജനങ്ങൾക്കറിവാൻ ഈ സംഘടന ഉപയോഗമായി.

കഥാനായകന്റെ ഈ വക പ്രവൃത്തികൾ പഴമക്കാരായ ബ്രാഹ്മണർക്കു രസിച്ചില്ല. വേദങ്ങളും മറ്റും സംസ്കൃതത്തിൽ നിന്നു ഭാഷാന്തരം ചെയ്തതു പാപമാണെന്നു അവർ പറഞ്ഞു തുടങ്ങി. ആ പാപത്തിനു ഉത്തരവാദി രാമമോഹനാണല്ലോ. അതിനു് അദ്ദേഹത്തെ ശിക്ഷിക്കേണമെന്നു അവർ ഉറച്ചു. അപ്രകാരം അവർ അദ്ദേഹത്തെ ഭ്രഷ്ടനാക്കി. അതിൽ അദ്ദേഹത്തിനു യാതൊരു കുലുക്കവുമുണ്ടായില്ല.

ഇംഗ്ലീഷുവിദ്യാഭ്യാസം നാട്ടിലെങ്ങും പ്രചരിക്കേണമെന്നായിരുന്നു അദ്ദേഹത്തിന്റെ മറ്റൊരാഗ്രഹം. അതു സാധിപ്പാൻ വേണ്ടി അദ്ദേഹം പല ഇംഗ്ലീഷുസ്കൂളുകളും സ്ഥാപിച്ചു. അവയിലൊന്നാണു് ഇന്നത്തെ കല്ക്കത്താ ഹിന്തു കോളേജു്.

അക്കാലത്തു ഇന്ത്യയിൽ നടപ്പുണ്ടായിരുന്ന ഏറ്റവും വലിയ ദുരാചാരങ്ങളിലൊന്നു് 'സതി' യായിരുന്നു. ഭർത്താ



ബെൻറിക്ക് പ്രഭു

വിൻെറ മൃതശരീരം ദഹിക്കുന്ന ആ ചിതയിൽ ഭാര്യ ജീവനോടുകൂടി ചാടി മരിക്കുന്ന കമ്മമാണു് സതി. സതി എത്രയും ക്രൂരമായ ഒരു കമ്മമാണെന്നു് രാമമോഹൻ മനസ്സിലാക്കി. അദ്ദേഹം സതിയെന്ന ആചാരത്തിൻെറ നികൃഷ്ടതയെപ്പററി പല ലഘുലേഖകളും പ്രസിദ്ധപ്പെടുത്തി. വളരെ ആളുകൾ അദ്ദേഹത്തിൻെറ ആ അഭിപ്രായത്തോടു യോജിച്ചു. അന്നത്തെ ഗവർണർ ജനറൽ വില്യം ബെൻറിക് പ്രഭുവായിരുന്നു. ഈ ദുരാചാരം നിരുത്തൽചെയ്യേണമെന്നു് അദ്ദേഹത്തിനു അഭിപ്രായമുണ്ടായി. അപ്രകാരം അദ്ദേഹം സതിയെ പരിപൂർണ്ണമായി നിരുത്തിയിരിക്കുന്നുവെന്നൊരു വിളംബരം 1829-ൽ ഗവണ്മെണ്ടിൻെറ പേരിൽ പ്രസിദ്ധപ്പെടുത്തി. സ്ത്രീവിദ്യാഭ്യാസ കാര്യത്തിലും കഠിനായ

കന്റെ ശ്രദ്ധ പതിയാതിരുന്നില്ല. ഇങ്ങിനെ പലേ രീതിയിലും ഇന്ത്യയിൽ ആധുനിക പരിഷ്കാരത്തിനു കല്പിട്ടതു കഥാനായകനാണു്.

1830-ൽ അദ്ദേഹം ഇംഗ്ലണ്ടിലേക്കു പോയി. സതിയെ നിരുത്തൽ ചെയ്തതിനെപ്പറ്റി ഇംഗ്ലണ്ടിലെ പ്രിവികൌൺസിലിൽ പഴമക്കാരായ ഇന്ത്യാക്കാർ ആക്ഷേപം ബോധിപ്പിച്ചിരുന്നു. അതിനു് എതിരായി വാദിച്ചു് അദ്ദേഹം ആ അപ്പീലിനെ തള്ളിക്കളയിപ്പിച്ചു.

അന്നു ഇന്ത്യയിൽ മുഗിറം ചക്രവത്തിമാരുടെ വാഴ്ച്ച യുണ്ടായിരുന്നു. അന്നത്തെ ചക്രവത്തിക്കു ഇംഗ്ലണ്ടിലെ രാജാവിനോടു ചില സങ്കടങ്ങളം ബോധിപ്പിക്കുവാനുണ്ടായി. ഇതിനു ചക്രവത്തി തന്റെ പ്രതിനിധിയായി തിരഞ്ഞെടുത്തതു രാമമോഹനെയാണു്. അദ്ദേഹത്തിനു് അന്നു് ആ ചക്രവത്തി 'രാജ' എന്ന സ്ഥാനം കൊടുത്തു. കഥാനായകൻ ഇംഗ്ലണ്ടിൽ ചെന്ന സമയത്തു അവിടത്തെ രാജാവിന്റെ കിരീടധാരണകമ്മം നടക്കുകയായിരുന്നു. ആ അവസരത്തിൽ അദ്ദേഹത്തെ ഇന്ത്യൻ പ്രതിനിധി എന്ന നിലയിലാണു് അവിടെ കൊണ്ടാടിയതു്. അന്നു ഇംഗ്ലണ്ടിലെ പാർലിയമേണ്ടിൽ ഇന്ത്യയിലെ റവന്യൂ, ജൂഡീഷ്യൽ എന്നീ കാര്യങ്ങളെപ്പറ്റി ചില അന്വേഷണങ്ങളം നടത്തിയിരുന്നു. ആ സംഗതികളെപ്പറ്റി രാമമോഹന്റെ അഭിപ്രായം അന്വേഷണക്കമ്മറ്റിക്കാർ ചോദിച്ചറിയുകയുണ്ടായി.

പിന്നെ കഥാനായകൻ ഫ്രാൻസിലേക്കു പോയി. അവിടത്തെ രാജാവായ ലൂയിഫിലിപ്പു അദ്ദേഹത്തെ യഥോചിതം സ്വീകരിച്ചു. 1833-ൽ ഇംഗ്ലണ്ടിലേക്കു തന്നെ തിരികെചെന്ന കഥാനായകൻ ബ്രിസ്റ്റൽ പട്ടണത്തിലേക്കു പോയി. അവിടെവെച്ചു അദ്ദേഹത്തിനു ഒരു ജ്വരം ബാധിക്കുകയും 1833 സെപ്തംബർ 27-ന്നു അദ്ദേഹം കാലധർമ്മം പ്രാപിക്കുകയും ചെയ്തു.

'രാജ' എന്ന സ്ഥാനത്തിനു അദ്ദേഹം വാസ്തവത്തിൽ അർഹനാണെന്നു പ്രൊഫസർ മാക്സ്മുള്ളർ പ്രസ്താവിച്ചിട്ടുണ്ടു്.

---

## അദ്ധ്യായം 17.

# ബ്രിട്ടീഷുബർമ്മ

ഇന്ത്യയുടെ കിഴക്കു ഭാഗത്തു കിടക്കുന്ന ഒരു പ്രദേശമാണു് ബർമ്മ. അതിനു 2,33,000 ചതുരശ്രനാഴിക വിസ്താരമുണ്ടു്. അതു ഇന്നു ഇംഗ്ലിഷുകാരുടെ കൈവശമാണു്.

എ. ഡി. 18-ാം ശതാബ്ദത്തിലാണു് ബർമ്മാരാജ്യം സ്ഥാപിതമായതു്. അന്നു് അതു് ചെറിയൊരു രാജ്യമായിരുന്നു. അതിൽപ്പിന്നെ ആ രാജ്യം ക്രമേണ വലുതായി. 19-ാംശതാബ്ദത്തിന്റെ തുടക്കത്തിൽ ഐരാവതി, സാൽവൻ എന്നീ നദികളുടെ തടങ്ങളും കൂടി അതിലുൾപ്പെട്ടി

രുന്നു. ബങ്കാഠം ഉഠംക്കടെലിന്റെ കിഴക്കെ തീരപ്രദേശവും ബമ്മാഡിപന്റെ കൈവശമായിരുന്നു. ബ്രഹ്മപുത്രയുടെ ഉത്ഭവസ്ഥാനവുംക്രൂടി കൈക്കലാക്കി ബങ്കാളത്തിന്റെ വടക്കു ഭാഗവും പിടിച്ചടക്കാൻ ബമ്മക്കാർ ഉത്സാഹിക്കാതേയുമിരുന്നില്ല. ബമ്മക്കാർ ആ പ്രദേശത്തിലെ ജനങ്ങളെ നാനാവിധമായി ഉപദ്രവിച്ചുവന്നു. അപ്പോഠം അവിടത്തെ ജനങ്ങഠം ബങ്കാളത്തിൽ വന്നു രക്ഷ പ്രാപിച്ചു.

എ. ഡി. 1826-ൽ, അമസ്റ്റ് പ്രഭുവായിരുന്ന ഇന്ത്യയിലെ ഗവർണർ ജനറൽ. ബങ്കാളത്തിന്റെ വടക്കു ഭാഗത്തുനിന്നു ജനങ്ങഠംക്കു് സൈ്വരമില്ലാതാകയാൽ ഇന്ത്യക്കാർ അതിനെക്കുറിച്ചു ബമ്മയോടു ചോദ്യം ചെയ്തു. അതിൽനിന്നു് ബമ്മാപ്പട്ടാളക്കാരും ഇന്ത്യയിലെ പട്ടാളക്കാരും തമ്മിൽ അവിടവിടെവച്ചു യുദ്ധങ്ങളുണ്ടായി. ബമ്മക്കാരുടെ അഴിമതികഠം അതുകൊണ്ടൊന്നും നിലച്ചില്ല. അവർ പിന്നേയും ഉപദ്രവങ്ങഠം ഉണ്ടാക്കിക്കൊണ്ടിരുന്നു. ബമ്മക്കാരുമായി ഒരു യുദ്ധം ചെയ്യേണമെന്നു ഗവർണർ ജനറലിനു് ഒട്ടുംതന്നെ ആഗ്രഹമുണ്ടായിരുന്നില്ല. എന്നാൽ ബമ്മക്കാർ വഴിപ്പെടാനുള്ള ഭാവവും പ്രകടമുണ്ടായില്ല. നിവൃത്തിയില്ലാതെയായപ്പോഠം പ്രഭു ബമ്മക്കാരോടു യുദ്ധംതന്നെതീച്ചുയാക്കി. ഉടനെഒരു ഇന്ത്യൻസൈന്യം ബമ്മയിലെത്തി. ഇന്ത്യൻപട്ടാളക്കാർക്കു ബമ്മയെപ്പറ്റി യാതൊരുവിവരവും ഉണ്ടായിരുന്നില്ല. അതുകൊണ്ടു് തങ്ങളെ തോല്പിക്കുവാൻ അവർക്കു സാധിക്കുന്നതല്ലെന്നായിരുന്നു ബമ്മക്കാരുടെ അഭിമാനം. അവർ വിക്രമത്തോടെ

യുദ്ധം നടത്തി. എങ്കിലും 1526-ന്റെ ആരംഭത്തിൽ തന്നെ ബമ്മക്കാർ കീഴടങ്ങി. അന്നു അവർ ഇന്ത്യാ ഗവർമ്മേണ്ടുമായി ഒരു സന്ധിചെയ്തു. സന്ധിയിലെ നിയമങ്ങളം താഴെ കാണുന്നവയാണ്.

1. അരക്കാൻ, ടെനാസറിം എന്നീ പ്രദേശങ്ങളം ഇംഗ്ലീഷുകാക്ക് വിട്ടുകൊടുക്കുക.

2. യുദ്ധച്ചെലവിലേക്ക് ഒരുകോടി ഉറുപ്പിക കൊടുക്കുക.

3. ആസ്സാം, മണിപുരം, കച്ചാർ എന്നീ സ്ഥലങ്ങളം ഇംഗ്ലീഷുകാരുടെ സംരക്ഷണയിലാണെന്നു സമ്മതിക്കുക.

ഈ യുദ്ധംകൊണ്ടു ഇന്ത്യയുടെ വടക്കുകിഴക്കൻ അതിർത്തി സുരക്ഷിതമായി. ഇംഗ്ലീഷുകാരോടു യുദ്ധത്തിനു പോകുന്നവർക്ക് ജയം എളുപ്പമല്ലെന്നു ഒരു ബോധവും ജനങ്ങൾക്കുണ്ടായി. ഈ രണ്ടു കാര്യങ്ങളും വളരെ ഗുണമുള്ളവയായിരുന്നു. ഇങ്ങിനെ ഒന്നാം ബമ്മായുദ്ധം അവസാനിച്ചു.

ഇംഗ്ലീഷുകാരോടു യുദ്ധം ചെയ്യാൻ അടുത്ത കാലത്തൊന്നും ബമ്മക്കാർ പുറപ്പെടുന്നതല്ലെന്നായിരുന്നു അന്നു ജനങ്ങളം വിശ്വസിച്ചിരുന്നതു്. പക്ഷേ, ആ വിശ്വാസം തെറ്റായിരുന്നു. എന്തെന്നാൽ ബമ്മക്കാർ പിന്നേയും നാനാതരത്തിലുള്ള അക്രമങ്ങളം പ്രവർത്തിച്ചു തുടങ്ങി. അന്നു റംക്രൂണിൽ കുറെ ഇംഗ്ലീഷു കച്ചവടക്കാ

രുണ്ടായിരുന്നു. അവർക്കു ബമ്മക്കാരെക്കൊണ്ടുള്ള ഉപദ്രവം അസഹനീയമായി. ഉപദ്രവിച്ചതിനുള്ള കാരണമൊ, ഉപദ്രവത്തിനു സമാധാനമൊ ചോദിച്ചാൽ ബമ്മക്കാർ മൌനം ഭജിക്കും. 1851-ൽ ദൽഹൌസി പ്രഭുവായിരുന്ന ഇന്ത്യയിലെ ഗവർണർ ജനറൽ. റംക്രുണിലെ ഇംഗ്ലീഷുകാർ അവരുടെ സങ്കടങ്ങളെ വിവരിച്ചുകൊണ്ടു ഒരു ഹർജി ദൽഹൌസിപ്രഭുവിന്നയച്ചു. ഹരജി കിട്ടിയപ്പോൾ പ്രഭു ഒരു നാവികകപ്പിത്താനെ റംക്രുണിലേക്കയച്ചു. ഇംഗ്ലീഷുകാരുടെ സങ്കടം ഇന്നതെന്നറിഞ്ഞു റിപ്പോർട്ടുചെയ്വാനായിരുന്നു പ്രഭുവിന്റെ കല്പന. ബമ്മക്കാർ വളരെ ധിക്കാരത്തോടുകൂടിയാണു് കപ്പിത്താനോടു പെരുമാറിയതു്. കപ്പിത്താൻ നയം വളരെ കുറഞ്ഞ ഒരാളുമായിരുന്നു. അതുകൊണ്ടു് കപ്പിത്താനും ബമ്മക്കാരും തമ്മിൽ യുദ്ധമായി. ഈ വർത്തമാനം ദൽഹൌസിപ്രഭു അറിഞ്ഞു. അദ്ദേഹത്തിനു അനുപമായ കൂറ്റിതമുണ്ടായി എങ്കിലും ബമ്മക്കാരുമായി യുദ്ധം ചെയ്യാതെ നിവൃത്തിയില്ലെന്നു കണ്ടു പ്രഭു ഒരു സൈന്യത്തെ റംക്രുണിലേക്കയച്ചു. ആ സൈന്യം റംക്രുൺനഗരം പിടിച്ചടക്കി; അനന്തരം ബമ്മയുടെ അന്തർഭാഗത്തേക്കു കടപ്പാൻ തയ്യാറായി. അതുത്തോളം ആവശ്യമില്ലെന്നായിരുന്നു പ്രഭുവിന്റെകല്പന. ഇംഗ്ലീഷുകാർ പെഗു എന്ന പ്രദേശം ബ്രിട്ടീഷിന്ത്യയോടുചേർത്തതായി പ്രഖ്യാപനം ചെയ്തു ബമ്മയിൽനിന്നുമടങ്ങി. ഇങ്ങനെ രണ്ടാം ബമ്മായുദ്ധം അവസാനിച്ചപ്പോൾ ബമ്മയുടെ കുറെ ഭാഗവും കൂടി ഇംഗ്ലീഷുകാരുടെ കൈവശമായി.

1878-ൽ തീബൊ എന്നരാജാവാണ് ബമ്മ ഭരിച്ചിരുന്നതു്. അദ്ദേഹത്തിനു ഇംഗ്ലീഷുകാരോടുവെറുപ്പായിരുന്നു. രണ്ടാം ബമ്മായുദ്ധം കഴിഞ്ഞതിനു ശേഷം ബമ്മയിലെ മാണ്ടലെ എന്ന നഗരത്തിൽ ഒരു ഇംഗ്ലീഷു റസിഡണ്ടു പാത്തിരുന്നു. അവിടെയുള്ള ഇംഗ്ലീഷുകാരുടെ അവകാശങ്ങളെ കാത്തുസംരക്ഷിപ്പാൻ ഇന്ത്യാഗവണ്മെണ്ടു നിയോഗിച്ച ഒരു ഉദ്യോഗസ്ഥനാണ് റസിഡണ്ടു. രാജാവുമായി അഭിപ്രായഭേദംതുടങ്ങിയപ്പോൾ റസിഡണ്ടു മാണ്ടലെ നഗരത്തിൽ നിന്നുമടങ്ങിപ്പോന്നു. തീബൊ രാജാവിനു പരന്തീസ്സുകാരുടെ സ്നേഹം സമ്പാദിപ്പാനായിരുന്നു അത്യുത്സാഹം. അപ്രകാരം, രാജാവു പരന്തീസ്സുകാരുമായി ഒരു സന്ധിചെയ്തു, ബമ്മയിലെ ഇംഗ്ലീഷുകച്ചവടക്കാരെ ഉപദ്രവിപ്പാൻ ഒരുങ്ങി. അന്നു ഡഫറിൻപ്രഭുവായിരുന്ന ഇന്ത്യാവൈസറോയി. അദ്ദേഹം തീബൊ രാജാവിനു ഒരുകത്തയച്ചു ഇംഗ്ലീഷുകാരുമായി സ്നേഹമായിത്തന്നെ കഴിയേണമെന്നാവശ്യപ്പെട്ടു. രാജാവു അതിനു തയ്യാറായിരുന്നില്ല. ഉടനേ പ്രഭു ഒരു സൈന്യമയച്ചു ബമ്മയുടെ വടക്കുഭാഗത്തെ ആക്രമിച്ചു സ്വാധീനമാക്കി. എന്നുമാത്രമല്ല, പ്രഭു ആ രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തുകയും ചെയ്തു. അതോടുകൂടി ബമ്മയാസകലം ഇംഗ്ലീഷുകാരുടെ വകയായി.

1937വരെ ഇന്ത്യാവൈസറോയിയുടെ കീഴിലായിരുന്ന ബമ്മ. ഇപ്പോൾ ബമ്മയെ ഇന്ത്യാസാമ്രാജ്യത്തിൽ നിന്നു വേർപെടുത്തിയിരിക്കുന്നു. ബമ്മയിലുള്ള ഇന്ത്യാക്കാരുടെ അവകാശങ്ങളെ സംരക്ഷിപ്പാൻ അവിടെ ഇന്ത്യാ ഗവണ്മെണ്ടിന്റെ ഒരു ഏജണ്ടു താമസിക്കുന്നുണ്ടു്.

അദ്ധ്യായം 18.

# ഒന്നാം ആഫ്ഗൻയുദ്ധം.

മുഹമ്മദ്ഗസ്നി, മുഹദ്ഗോറി എന്നീ വീരന്മാരുടെ പരാക്രമങ്ങളെപ്പറ്റി മുമ്പ് പറഞ്ഞിട്ടുണ്ടല്ലൊ. അനന്തരകാലങ്ങളിൽ ഗസ്നി, ഗോറി മുതലായ രാജ്യങ്ങൾ ഒന്നാകയും അതിനു ആഫ്ഗനിസ്ഥാൻ എന്ന പേർ ലഭിക്കുകയും ചെയ്തു.

നമ്മുടെ കഥ തുടങ്ങുന്ന കാലത്തു ആഫ്ഗനിസ്ഥാനത്തിലെ ഭരണകർത്താവു ദോസ്ത് മുഹമ്മദ് എന്നൊരാളായിരുന്നു. അദ്ദേഹം തന്റെ മുൻഗാമിയായ ഷാഷൂജയെ രാജ്യത്തുനിന്നു ഓടിച്ചു രാജ്യം കൈയേറുകയാണു ചെയ്തതു്. ഷാഷൂജ അന്നു ഇന്ത്യാഗവണ്മെണ്ടിനെ ആശ്രയിച്ചു പഞ്ചാബിലായിരുന്നു താമസിച്ചിരുന്നതു്. അന്നു റഷ്യക്കാർ മദ്ധ്യേഷ്യയിലെ രാജ്യങ്ങളെ ഓരോന്നായി കൈവശമാക്കുകയായിരുന്നു. റഷ്യ ഇന്ത്യയെത്തന്നെ ആക്രമിക്കുമോ എന്നുകൂടി അന്നു ഇംഗ്ലീഷുകാർ ഭയപ്പെടുകയുണ്ടായി. റഷ്യയുടെ ആക്രമണത്തെ തടയേണമെങ്കിൽ പേഷ്വ, ആഫ്ഗനിസ്ഥാൻ എന്നിവിടങ്ങളിലെ രാജാക്കന്മാർ ഇംഗ്ലീഷുകാരുടെ സ്നേഹിതന്മാരായി തീരേണ്ടിയിരുന്നു. പേഷ്വയിലെ രാജാവിനെ സ്വാധീനമാക്കാൻ നോക്കിയതിൽ ഇംഗ്ലീഷുകാർക്കു തോല്മയാണു പറ്റിയതു്. അതുകൊണ്ടു് ആഫ്ഗനിസ്ഥാനത്തെ സ്വാധീനമാക്കേണമെന്നു ഇംഗ്ലീഷുകാർ ഉറച്ചു.

1836-ൽ ആക്ലണ്ട് പ്രഭു ഇന്ത്യയിലെ ഗവർണർ ജനറലായി വന്നു. അന്ന് ആഫ്ഗനിസ്ഥാനത്തിലെ രാജാവായ ദോസ്റ മുഹമ്മദു ഇന്ത്യാ ഗവണ്മെണ്ടുമായി സ്നേഹമായി കഴിയുവാൻ ഒരുക്കമായിരുന്നു. പക്ഷെ, തന്റെ രാജ്യത്തെ റഷ്യക്കാർ ആക്രമിച്ചാൽ ഇംഗ്ലീഷുകാരുടെ സഹായം ഉണ്ടാകുമെന്നു അദ്ദേഹത്തിനു ഉറപ്പു വേണ്ടിയിരുന്നു. അങ്ങിനെ ഒരു ഉറപ്പു കൊടുക്കുവാൻ ആക്ലണ്ട് പ്രഭു സന്നദ്ധനായിരുന്നില്ല. അതുകൊണ്ട് ആഫ്ഗൻ രാജാവു റഷ്യയുമായി സഖ്യംചെയ്തു. അതറിഞ്ഞു പ്രഭുവിനു കോപമായി.

അദ്ദേഹം ആഫ്ഗനിസ്ഥാനത്തോടു യുദ്ധം തീർച്ചയാക്കി. ദോസ്റ മുഹമ്മദിനെ സ്ഥാനഭ്രഷ്ടനാക്കി ഷാഷൂജയെ വാഴിക്കാമെന്നായിരുന്നു പ്രഭുവിന്റെ ആഗ്രഹം. ഇക്കാര്യം എളുപ്പത്തിൽ സാധിക്കാമെന്നും അദ്ദേഹം കരുതി. അന്നു പഞ്ചാബിലെ ഭരണകർത്താവു രണജിത് സിംഹനായിരുന്നു. അദ്ദേഹവും, ഷാഷൂജയും, ആക്ലണ്ട് പ്രഭുവും തമ്മിൽ ഒരു സന്ധിചെയ്തു. എന്നാൽ ഇന്ത്യൻപട്ടാളം പഞ്ചാബിൽ കൂടി കടപ്പാൻ രണജിത് സിംഹൻ സമ്മതിച്ചില്ല. അപ്പോൾ ഇന്ത്യൻപട്ടാളം സിന്ധുവഴിക്കു ചെന്നു ആഫ്ഗനിസ്ഥാനിനെ ആക്രമിച്ചു. ദോസ്റ മുഹമ്മദിനെ ആ യുദ്ധത്തിൽ തോല്പിച്ചു സ്ഥാനഭ്രഷ്ടനാക്കി അവിടെ ഷാഷൂജയെ വാഴിച്ചു. ദോസ്റ മുഹമ്മദു കല്ക്കത്തയിലാണു പിന്നെ പാർത്തുവന്നതു്.

ഷാഷൂജയെ ആഫ്ഗൻകാക്കു പണ്ടുതന്നെ ഇഷ്ടമുണ്ടായിരുന്നില്ല. ഇംഗ്ലീഷുകാരുടെ സഹായത്തോടുകൂടി

രാജ്യം കൈക്കലാക്കിയപ്പോൾ അഫ്ഗൻകാർ അദ്ദേഹത്തെ വെറുക്കുവാൻ തുടങ്ങി. അദ്ദേഹം അഫ്ഗൻകാരിൽ ചിലരെ വധിക്കുകയുംകൂടി ചെയ്തപ്പോൾ അവരുടെ വെറുപ്പ് അടക്കുവാൻ വയ്യാത്ത കോപമായിത്തന്നെ കലാശിച്ചു. അഫ്ഗനിസ്ഥാനത്തെത്തിയ ഇംഗ്ലീഷുകാരേയും അഫ്ഗൻകാർ വെറുത്തു. അതിൽ നിന്ന് അവിടവിടെയായി ചില്ലറ ലഹളകളുണ്ടായി. അതെല്ലാം ഇംഗ്ലീഷുകാർ അപ്പോഴപ്പോൾ ഒതുക്കി. ഒരു രാത്രി അഫ്ഗൻകാർ ഒരു ഇംഗ്ലീഷ് ഉദ്യോഗസ്ഥനെ കൊന്നുകളഞ്ഞു. പിറേറദിവസം അവർ മറേറ കുറേ ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാരേയും അവരുടെ ഭാര്യ മാരേയും കുട്ടികളേയും കൂടി കൊന്നൊടുക്കി. ഇംഗ്ലീഷുകാരുടെ ഭക്ഷണസാധനങ്ങളും യുദ്ധസാമഗ്രികളും അഫ്ഗൻകാർ പിടിച്ചെടുക്കുകയും ചെയ്തു. ഇത്രത്തോളമായപ്പോൾ അഫ്ഗനിസ്ഥാനത്തു നിന്നു ഒഴിയുകതന്നെയാണു നല്ലതെന്നു ഇംഗ്ലീഷുകാർ തീച്ചയാക്കി. ദോസ്തമുഹമ്മദിനെ വീണ്ടും സ്വതന്ത്രനാക്കിക്കൊള്ളാമെന്നു പറഞ്ഞു ഇംഗ്ലീഷുകാർ കാബൂൾപുരം വഴി ഇന്ത്യയിലേക്കു പുറപ്പെട്ടു. അങ്ങിനെ മടങ്ങി വരുമ്പോൾ അവരുടെ കൂട്ടത്തിൽ 16,000 ആളുകളുണ്ടായിരുന്നു. എന്നാൽ ജലാലബാദിൽ എത്തുമ്പോഴേക്കും ഒരാൾ മാത്രമേ ശേഷിച്ചുള്ളു. മറെറല്ലാവരും മാർഗ്ഗമദ്ധ്യേ മരിച്ചു.

തന്റെ കൊള്ളരുതായ്മകൊണ്ടാണു് ഇത്ര വലിയ തോല്മ പററിയതെന്നു ബോദ്ധ്യം വന്ന അക്ബർഖാൻ ഉദ്യോഗത്തിൽനിന്നൊഴിഞ്ഞു. അതിപ്പിന്നെ എല്ലൻ

ബറോ പ്രൊഗവണ്ണർ ജനറലായി. അദ്ദേഹം ഇവിടെ വന്ന ശേഷം ആഫ്ഗനിസ്ഥാനത്തിലേക്കു ഒരു സൈന്യമയച്ചു് ഇംഗ്ലീഷുകാക്കു പറ്റിയ തോല്മയ്ക്കും മാനനഷ്ടത്തിനും പക വീട്ടി. ഒന്നാം ആഫ്ഗൻയുദ്ധം ഇങ്ങിനെ അവസാനിച്ചു.

---

അദ്ധ്യായം 19.

## രണജിത സിംഹൻ.

---

നാനക്കു സ്ഥാപിച്ച സിക്കു മതത്തെപ്പറ്റിയും സിക്കുകാരെപ്പറ്റിയും ചില സംഗതികൾ ഈ പുസ്തകത്തിലെ മുൻ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ബുദ്ധസിംഹൻ എന്നു പേരായി ഒരു സിക്കുകാരനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേർ കേട്ടാൽ തന്നെ എല്ലാവരും വിറയ്ക്കുമായിരുന്നു. സിക്കുകാരുടെ ഗ്രാമങ്ങളിൽ ചിലവയെ കൂട്ടിച്ചേർത്തു് ബുദ്ധസിംഹൻ ചെറിയൊരു സിക്കുരാജ്യം സ്ഥാപിച്ചു. ആ രാജ്യത്തെ വലുതാക്കുകയായിരുന്ന രണജിത്സിംഹന്റെ പ്രവൃത്തി. അദ്ദേഹം 10 വയസ്സായ കാലം മുതൽതന്നെ യുദ്ധത്തിലേർപ്പെട്ടിരുന്നു. അക്കാലത്തു് രണജിത്തിന്റെ അച്ഛൻ ഒരു മുസ്ലിംകോട്ട വളഞ്ഞുകൊണ്ടു എതിർക്കുകയായിരുന്നു. ആ സൈന്യത്തിൽ രണജിത്തും ഉൾപ്പെട്ടുകയുണ്ടായി. ഒരാനപ്പുറത്തായിരുന്ന അന്നു് കൂട്ടി. അദ്ദേഹത്തെ വധി



രണജിത് സിംഹൻ

പ്പാൻ ഒരു മുസ്ലിം ഭടൻ എതിരേറ്റു ചാടി വന്നു് വാളൂരി. അപ്പോഴേക്കും രണജിത്തിന്റെ അനുചരന്മാരിലൊരാൾ ആ ഭടനെ കൊന്നുകളഞ്ഞു.

12-വയസ്സായപ്പോഴേക്കുന്നെ രണജിത്തു് ചെറിയൊരു രാജ്യത്തിലെ രാജാവായി. പഞ്ചാബു് മുഴുവൻ

സ്വാധീനമാക്കേണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. 16 വയസ്സായപ്പോഴേയ്ക്കും അദ്ദേഹം മറ്റു രാജ്യങ്ങളും ആക്രമിക്കുവാൻ ശക്തനായി. ഒന്നാമതായി അദ്ദേഹം യുദ്ധംചെയ്തതു പിതാവിനെ കൊന്ന ആളോടായിരുന്നു. എന്നാൽ അന്നു ബിയസ്സു നദിയിൽ പെട്ടെന്നു് ഒരു ജലപ്രവാഹമുണ്ടായതുകൊണ്ടു് അദ്ദേഹത്തിന്നു് ജയം സിദ്ധമായില്ല.

അതുകൊണ്ടൊന്നും നിരാശനാകാതെ, രണജിത്ത് സിംഹൻ ലാഹൂരിനെ ആക്രമിച്ചു. ആ നഗരം വളരെ വേഗം അദ്ദേഹത്തിന്നു സ്വാധീനമായി. പിന്നെ അദ്ദേഹം അമൃതസരസ്സു കൈക്കലാക്കി. ചുരുങ്ങിയ ഒരു കാലത്തിനിടയിൽ സറ്റ്ലജ്ജിന്റെ വടക്കു ഭാഗത്തുള്ള പഞ്ചാബൊക്കെയും രണജിത്തിന്നു് അധീനമായി. എങ്കിലും അദ്ദേഹത്തിന്നതുകൊണ്ടു തൃപ്തിയായില്ല. സിക്കു രാജ്യങ്ങളെല്ലാംതന്നെ തന്റെ സ്വാധീനത്തിൽ വരുത്തേണമെന്നായിരുന്നു രണജിത്തു്സിംഹന്റെ ആഗ്രഹം..

സറ്റ്ലജിന്നു തെക്കു ഭാഗത്തുള്ള രാജ്യങ്ങളും ബ്രിട്ടീഷുപ്രദേശങ്ങളെ തൊട്ടുകൊണ്ടാണു സ്ഥിതിചെയ്തിരുന്നതു്. അന്നു യൂറോപ്പിൽ ഇംഗ്ലീഷുകാരും പരന്ത്രീസുകാരും തമ്മിൽ യുദ്ധമായിരുന്നു. അതുകൊണ്ടു് ആ വിഷമഘട്ടത്തിൽ രണജിത്തു്സിംഹനുമായി ഒരു യുദ്ധംക്രുടാതെ കഴിക്കേണമെന്നായിരുന്നു ഇന്ത്യാ ഗവണ്മെണ്ടിന്റെ വിചാരം. വിശേഷിച്ചു രണജിത്തിനു പരന്ത്രീസുകാരോടു യാതൊരു തരത്തിലും സ്നേഹവുമുണ്ടായി

രുന്നില്ല. എങ്കിലും ഇംഗ്ലീഷുകാരോട് ആ അവസരത്തിൽ സ്നേഹത്തോടെ വർത്തിക്കുവാൻ അദ്ദേഹം ഒരുക്കമായിരുന്നതുമില്ല. ഇന്ത്യാ ഗവണ്മെണ്ടും അദ്ദേഹവും തമ്മിൽ സമാധാനത്തെ സംബന്ധിച്ച കത്തെടപാടുകൾ നടന്നുകൊണ്ടിരുന്നു. അതിനിടയിൽത്തന്നെയാണ് അദ്ദേഹം മുൻ പറഞ്ഞ സിക്കു രാജ്യങ്ങൾ സ്വാധീനത്തിലാക്കിയതു്. അപ്പോഴേയ്ക്കും യൂറോപ്പിലെ യുദ്ധം അവസാനിച്ചു. ഗവർണ്ണർ ജനറൽ രണജിത്സിംഹനോടു സറ്റ്ലജ് പ്രദേശങ്ങൾ ഒഴിഞ്ഞു തരുവാൻ ആവശ്യപ്പെട്ടു. അതിൽ രണജിത്സിംഹൻ കൂപിതനായി. എങ്കിലും ഇംഗ്ലീഷുകാരുമായി യുദ്ധംചെയ്യുന്നതു് ഔശാസ്യമല്ലെന്നു കാണുമാറുള്ള തന്റേടം അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ടു് അദ്ദേഹം ഇംഗ്ലീഷുകാരുമായി ഒരു സന്ധിചെയ്തു. 1839-ൽ അദ്ദേഹം മരിക്കുന്നതുവരെ ആ സന്ധിയിലെ നിശ്ചയങ്ങളെ അദ്ദേഹം ലംഘിച്ചില്ല. അദ്ദേഹം പിന്നെ കാശ്മീരം മുതലായ സ്ഥലങ്ങളും കൈക്കലാക്കി ഏകച്ഛത്രാധിപതിയായിവാണു. അദ്ദേഹം ശക്തിമത്തായ ഒരു സിക്കുസൈന്യം നിലനിത്തിവന്നിരുന്നു. ആ സൈന്യം അനന്തരകാലങ്ങളിൽ ഇംഗ്ലീഷുകാരുമായി ധീരതയോടെ പോരാടുകയുണ്ടായി.

ആഫ്ഗനിസ്ഥാനത്തിലെ രാജാവായ ഷാഷൂജയെ ദോസ്ത് മുഹമ്മദു സ്ഥാനഭ്രഷ്ടനാക്കിയിരുന്നുവല്ലൊ. അപ്പോൾ ഷാഷൂജ പഞ്ചാബിലാണ് അഭയം പ്രാപിച്ചതു്. അന്നു കോഹിനൂർ എന്നു പേരായ സുപ്ര

സിദ്ധ വൈരം ഷാഷൂജയുടെ പക്കലുണ്ടായിരുന്നു. രണജിത് സിംഹൻ അതു കരസ്ഥമാക്കി. ആ രത്നം ഇന്ത്യയിൽനിന്നു നാദിർഷാ എന്ന പേർഷ്യൻ രാജാവു് അപഹരിച്ചു കൊണ്ടുപോയതായിരുന്നു. രണജിത്തിനു ശേഷം പഞ്ചാബു് ഇംഗ്ലീഷുകാക്കധീനമായപ്പോൾ കോഹിനൂർ അവരുടെ കൈവശമായി. ഇന്നു് ആ രത്നം ഇന്ത്യാചക്രവർത്തിനിയുടെ ഏറ്റവും വിലപിടിച്ച ആഭരണങ്ങളിലൊന്നാണു്.

ടിപ്പുസുൽത്താനെ ചരിത്രകാരന്മാർ മൈസൂരിലെ വ്യാഘ്രം എന്നു വിളിക്കുന്നതുപോലെ രണജിത് സിംഹനെ അവർ പഞ്ചാബിലെ സിംഹമെന്നാണു വിളിക്കുന്നതു്.

---

## അദ്ധ്യായം 20

# ഝാൻസിയിലെ റാണി.

(നിർഭയയായ ഭാരതീയ റാണി)

---

ഝാൻസിയിലെ റാണിയെന്നു് സുപ്രസിദ്ധയായ ഈ നാരീരത്നം 1835 ഒക്ടോബർ 21-നു് കാശിയിലാണു് ജാതയായതു്. അവരുടെ അച്ഛൻ മോറൊപന്തുതാംബെ എന്നൊരാൾ ആയിരുന്നു. അദ്ദേഹം ബാജിറാവു പീഷ്വയുടെ അനുജന്റെ കീഴിൽ ഒരു ഉദ്യോഗസ്ഥനായിട്ടാണു കഴിഞ്ഞതു്. അന്നു കാശി അനവധി

മഹാരാഷ്ട്രപ്രമാണികളുടെ അഭയസ്ഥാനമായിരുന്നു. അതുകൊണ്ടു രാജകീയമായ പരിതഃസ്ഥിതികളിലാണു് നമ്മുടെ നായിക വളർന്നുവന്നതു്. ലക്ഷ്മീഭായി എന്നാണു് അവരുടെ പേർ.

അന്നു ഗംഗാധരറാവുവായിരുന്നു ജാൻസിലെ രാജാവു്. അദ്ദേഹം ലക്ഷ്മീബായിയെ അവരുടെ ഏഴാമത്തെ വയസ്സിൽ വിവാഹം ചെയ്തു. അവർക്കു് ഒരു പുത്രൻ ജാതനായി. നിർഭാഗ്യവശാൽ ആ പുത്രൻ 1851-ൽ കാലധർമ്മം പ്രാപിച്ചു. ന്യായമായ അവകാശികളില്ലാതിരുന്ന രാജാക്കന്മാരുടെ രാജ്യങ്ങളെ അന്നു് ഈസ്റ്റിന്ത്യാ കമ്പനിക്കാർ ബ്രിട്ടീഷിന്ത്യയോടു ചേർക്കുകയാണു പതിവു്. തന്റെ രാജ്യവും പൊയ്പ്പോകുമല്ലോ എന്നു് ഗംഗാധരറാവുവിനു ഭയമായി. അദ്ദേഹം ഹിന്തുമര്യാദപ്രകാരം ദാമോദരറാവു എന്നൊരു കുട്ടിയെ ദത്തെടുത്തു. കുട്ടിയെ തന്റെ ദത്തുപുത്രനായി ഗണിക്കേണമെന്നു ഗംഗാധരറാവു അന്നത്തെ ഗവർണ്ണർജനറലിനു് എഴുതി അയച്ചു. അന്നു് ഡൽഹൗസിപ്രഭുവായിരുന്ന ഗവർണ്ണർ ജനറൽ. അദ്ദേഹത്തിന്റെ മറുപടി കിട്ടുന്നതിനു മുമ്പുതന്നെ ഗംഗാധരറാവു കാലധർമ്മം പ്രാപിച്ചു. ദത്തെടുത്ത കുട്ടിയെ ന്യായമായ അവകാശിയായി ഗണിക്കുന്നതല്ലെന്നാണു് പ്രഭുവിന്റെ മറുപടി. അപ്രകാരം ജാൻസിയെ ബ്രിട്ടീഷിന്ത്യയോടു ചേർത്തിരിക്കുന്നതായി ഒരു വിളംബരം പുറപ്പെട്ടു. ലക്ഷ്മീബായിക്കു് മാസന്തോറും 5000-ഉറുപ്പിക പെൻഷൻ കൊടുക്കാമെന്നും ഗംഗാധരറാവുവിന്റെ സ്വകാര്യസ്വത്തിനു ദാമോദരറാവു അവകാശിയാണെന്നും പ്രഭുസമ്മ

തിക്കുക ക്രൂടിയുണ്ടായി. അന്നുമുതൽ ജാൻസിയിലെ ഭരണം കമ്പനിക്കാർ ഏറ്റെടുത്തു. റാണി സൈര മായി കാലക്ഷേപംചെയ്തുവന്നു.

അങ്ങിനെയിരിക്കുമ്പോഴാണു് 1857-ൽ ഇന്ത്യയിലെ സ്വാതന്ത്ര്യ സമരമെന്ന പട്ടാള ലഹള തുടങ്ങിയതു്. നമ്മുടെ റാണിക്കു അതിൽ യാതൊരു കൈയുമുണ്ടായിരുന്നില്ല; അവർ ഇംഗ്ലീഷുകാരെ കഴിയുന്നതു സഹായിക്കുകയാണു ചെയ്തതു്. ജാൻസിയിലെ പട്ടാളക്കാർ അവിടത്തെ ലഹള കഴിഞ്ഞു ദൽഹിയിലേക്കുപോയി. അന്നു ജാൻസിയിൽ കമ്പനിയുദ്യോഗസ്ഥന്മാർ ആരുംതന്നെ ഉണ്ടായിരുന്നില്ല. അതുകൊണ്ടു് ഭരണഭാരം റാണിതന്നെ കൈയേറ്റു.

അക്കാലത്തു നാഥെഖാൻ എന്നൊരാൾ ജാൻസിയെ ആക്രമിച്ചു. റാണി അയാളെ തോല്പിച്ചോടിച്ചു. കുപിതനായ അയാൾ റാണിയുടെ നേരെ പകവീട്ടാൻ പുറപ്പെട്ടു. ജാൻസിയിലെ ലഹളക്കു കാരണഭൂത റാണിയാണെന്നു അയാൾ കമ്പനിക്കാരെ ധരിപ്പിച്ചു. അതു വിശ്വസിച്ചു് ഒരു ഇംഗ്ലീഷുസൈന്യം ജാൻസിയിൽവന്നു റാണിയുടെ ഏറ്റവും അടുത്ത ബന്ധുക്കളായ 8 പേരെ വിട്ടുതരേണമെന്നാവശ്യപ്പെട്ടു. അപ്രകാരം വിട്ടുകൊടുപ്പാൻ റാണി സന്നദ്ധയായില്ല. അപ്പോൾ ആ സൈന്യാധിപൻ യുദ്ധത്തിനൊരുങ്ങി് റാണിയും യുദ്ധസന്നദ്ധയായി. ആ യുദ്ധത്തിൽ റാണിയുടെ സൈന്യം വളരെ വേഗം പരാജിതമായി. റാണി കോട്ടയിൽനിന്നു പുറത്തുകടന്നു കലഹയെന്ന സ്ഥലത്തേക്കു ചെന്നു. അവിടെ

വച്ചു വീണ്ടും ഒരു യുദ്ധം നടന്നു. അതിലും റാണിയാണു് തോറ്റതു്. പിന്നെ അവർ ഗ്വാളിയോറിലേക്കു കടന്നു. അവിടെയും യുദ്ധമുണ്ടായതിൽ റാണി തോറ്റുപോയി. ഒടുക്കം അവർ സൈന്യമദ്ധ്യത്തിൽനിന്നു ഓടി. അവരുടെ പിന്നാലെ പാഞ്ഞുചെന്ന ഭടന്മാർ അവരെ വാൾകൊണ്ടു വെട്ടിവീഴ്ത്തി. അങ്ങിനെ ആ വീരവനിത മരിച്ചുവീണു. എങ്കിലും മരിക്കുന്നതിനുമുമ്പു് തന്നെ വെട്ടിയ ഭടനെ റാണി എതിർത്തു കൊല്ലുകയുണ്ടായി. നിർ്വ്വാണസമയത്തു അവൾക്കു 23 വയസ്സുപോലും തികഞ്ഞിട്ടുണ്ടായിരുന്നില്ല.

---

അദ്ധ്യായം 21.

# ഇന്ത്യൻനാഷണൽ കോൺഗ്രസ്സു്.

(ഭാരതീയ മഹാജനസഭ.)

---

1885-ലാണു് ഭാരതമഹാജനസഭയുടെ ആവിർഭാവമുണ്ടായതു്. ഇന്ത്യൻ സിവിൽ സർവ്വീസിൽനിന്നു പിരിഞ്ഞവരായ ചില ഇംഗ്ലീഷുകാരുടെ ഉപദേശപ്രകാരം അന്നത്തെ ഇന്ത്യൻ നേതാക്കന്മാർ ആരംഭിച്ചതാണു് ഈ സഭ. അങ്ങിനെയുള്ള ഇംഗ്ലീഷുകാരിൽ എ. ഒ. ഹ്യൂം സർ ഹെൻറികോട്ടൻ, സർ വില്യം വെഡർബേൺ എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണു്.

അന്നു സഭയുടെ ഉദ്ദേശങ്ങൾ താഴെ കാണുന്നവയായിരുന്നു.

1. ഭാരതീയ ജനങ്ങളുടെ വർഗ്ഗീയമത്സരങ്ങളെ നശിപ്പിക്കുക.

2. ഭാരതീയരുടെ സാമുദായികവും, രാഷ്ട്രീയവും, മാനസ്സികവുമായ അഭ്യുന്നതിക്കു വേണ്ടി പ്രയത്നിക്കുക.

3. മുൻപറഞ്ഞ ഉദ്ദേശസാദ്ധ്യത്തിന്നു് അനുകൂലമായി പ്രവർത്തിപ്പാൻ ഇംഗ്ലീഷുഗവണ്മെണ്ടിനെ ഉത്സാഹിപ്പിക്കുക.

ഈ സഭയുടെ പ്രഥമസമ്മേളനം ബോംബെയിൽ വച്ചാണു് നടന്നതു്.

അന്നു ഡഫറിൻ പ്രഭുവായിരുന്നു വൈസ്രോയി.

പ്രജാധിപത്യഭരണമാണു് ഏറ്റവും നല്ല ഭരണവ്യവസ്ഥയെന്നാണല്ലൊ പൊതുജനാഭിപ്രായം. അതിലെ തത്വങ്ങൾക്കു അനുസരിച്ച വിധം ഇന്ത്യാഭരണം നടത്തേണമെന്നു ഇന്ത്യൻ നേതാക്കന്മാർ ഈ സഭവഴിക്കു് അപേക്ഷിച്ചുവന്നു. അന്നത്തെ ആ നേതാക്കന്മാർ ദാദാബായി നവറോജി, ഫിറോസഷാമേത്താ, സുരേന്ദ്രനാഥ ബാനർജി, ഗോപാലകൃഷ്ണഗോഖലെഎന്നിവരായിരുന്നു. അവരുടെ നേതൃത്വത്തിൽ സഭയ്ക്കു ദിനംപ്രതി പ്രാബല്യം സിദ്ധിച്ചുതുടങ്ങി. രാഷ്ട്രീയ കാര്യങ്ങളിലുണ്ടായിരുന്ന ആദർശങ്ങളുടെ ഐക്യത്താൽ വർഗ്ഗീയമത്സരങ്ങൾ അന്നു നാമാവശേഷമായെന്നു തന്നെ പറയാം. ഇങ്ങിനെ കൊല്ലം 20 കഴിഞ്ഞു. മഹാസഭയുടെ ചരിത്രത്തിൽ ആദ്യത്തെ ഘട്ടവും അവസാനിച്ചു.

സഭയുടെ ചരിത്രത്തിൽ രണ്ടാമത്തെ ഘട്ടം 1906 മുതൽ 1920 വരെയുള്ള കൊല്ലങ്ങളും മൂന്നാമത്തെ ഘട്ടം 1920 മുതൽ 1940 വരെയുള്ള കൊല്ലങ്ങളുമാണ്.

മഹാജനസഭാനേതാക്കന്മാരിൽ മിക്കവരും മിതവാദികളും ആശയ പ്രകടനങ്ങളിൽ വളരെ ആലോചനയുള്ളവരുമായിരുന്നു. എന്നാൽ കാര്യം തുറന്നു പറയുന്നതിനു് അശേഷം തന്നെ മടിയില്ലാത്തവരും അന്നുണ്ടായിരുന്നു. അങ്ങിനെ ചിലരുണ്ടായിരുന്നതുകൊണ്ടു ഉദ്യോഗസ്ഥന്മാക്കു സഭയുടെ നേരെ അല്പം പ്രീതിവളർന്നു. ഡഫറിൻ പ്രഭുതന്നെ തന്റെ നീരസം കുറച്ചൊന്നു് പ്രകടിപ്പിക്കുകയുണ്ടായി. ഭരണകാര്യങ്ങളിൽ വിദ്യാസമ്പന്നരായ ഭാരതീയക്കു മാന്യമായ ഒരു സ്ഥാനം കിട്ടേണ്ടതാണെന്നു സഭാനേതാക്കന്മാർ വാദിച്ചു. സംസ്ഥാനിക നിയമസഭകളിലും കേന്ദ്രനിയമ സഭയിലും അന്നത്തേക്കാൾ കൂടുതലായി അംഗങ്ങളുണ്ടായിരിക്കേണമെന്നും അവക്കു അന്നത്തേക്കാൾ കൂടുതലായ അധികാരമുണ്ടായിരിക്കേണമെന്നും അവർ അഭിപ്രായപ്പെടുകയുമുണ്ടായി. ആ അഭിപ്രായം ന്യായമാണെന്നു തോന്നിയതിനാൽ ഗവണ്മെണ്ടു 1892-ൽ ഇന്ത്യാഭരണത്തിനു പുതിയ ഒരു വ്യവസ്ഥ ഏർപ്പെടുത്തി. അതുപ്രകാരം ഭരണകാര്യങ്ങളിൽ ഭാരതീയക്കു പൂർവ്വാധികമായ അധികാരം കിട്ടി.

1905-ൽ കഴ്സൻപ്രഭു ബങ്കാളിനെ ഭരണസൗകര്യത്തിനുവേണ്ടി രണ്ടായി വിഭാഗിച്ചു. അന്നുമുതൽ സഭയുടെ ചരിത്രത്തിൽ രണ്ടാമത്തെ ഘട്ടം തുടങ്ങി. അക്കാലത്തുതന്നെ പാശ്ചാത്യാദർശങ്ങൾ ലോകത്തിലെ

കിഴക്കൻ രാജ്യങ്ങളിൽ സ്വൈര പരമ്പരയിരുന്നു. പേഷ്യാ, ചൈന മുതലായ നാടുകളിലെ ജനങ്ങൾ അന്യഭരണത്തിനെതിരായി ലഹള കൂട്ടിത്തുടങ്ങി. അന്നു റഷ്യയും ജപ്പാനുമായുണ്ടായ യുദ്ധത്തിൽ റഷ്യ തോറ്റു. ഇതെല്ലാം കണ്ടതുകൊണ്ടു് ഭാരതീയനേതാക്കന്മാർ പ്രബുദ്ധരായിത്തീർന്നു. അങ്ങിനെയിരിക്കുമ്പോഴാണു് മുൻപറഞ്ഞ ബങ്കാളം വിഭജനം നടന്നതു്. അതു് ഐക്യത്തിനു് ദോഷമാണെന്നു കാണുകയാൽ ഭാരതീയർ ആസകലം ക്ഷുഭിതരായ്ത്തീർന്നു. ബങ്കാളം വിഭജനത്തെ സ്വദേശപരിത്യാഗങ്ങളാലും റദ്ദാക്കേണമെന്നു നേതാക്കന്മാർ തീർച്ചയാക്കി. അന്നുണ്ടായ പ്രക്ഷോഭണത്തിന്റെ ഫലമായി മഹാസഭയ്ക്കു പൂർവ്വാധികമായ യശസ്സു് ലബ്ധമായി. അന്നു മുസ്ലിമുകളും സഭയിൽ അംഗങ്ങളായിച്ചേർന്നു. എന്നു മാത്രമല്ല, അന്നുമുതൽ സഭയിൽ പ്രബലങ്ങളായ രണ്ടു കക്ഷികളുടെ ആവിർഭാവവുമുണ്ടായി. ബ്രിട്ടീഷ് ഭരണത്തിങ്കീഴിൽ പടിപടിയായി ഉയർന്നാൽ മതിയെന്നു് ഒരു കക്ഷിക്കാരും ഇന്ത്യയ്ക്കു് സ്വന്തം ഭരണാധികാരം ഉടനേ കിട്ടേണമെന്നു് മറെറ കക്ഷിക്കാരും വാദിച്ചുതുടങ്ങി. പൂർവ്വകക്ഷികളെ മിതവാദികളെന്നും അപരകക്ഷിക്കാരെ ഉൽപ്പതിഷ്ണുക്കളെന്നുമാണു് വിളിക്കുന്നതു്. ബങ്കാളത്തിലും മഹാരാഷ്ട്രത്തിലും ഉൽപ്പതിഷ്ണുക്കളായിരുന്നു അധികം. അവരുടെ നായകൻ അന്നു് ബാലഗംഗാധരതിലകനാണു്. മറെറ സ്ഥലങ്ങളിൽ മിതവാദികൾക്കാണു് പ്രാബല്യമുണ്ടായിരുന്നതു്. ഗോപാലകൃഷ്ണഗോഖലെയാണു് ആ കക്ഷിയുടെ പ്രധാനി. 1907-ൽ സൂറത്തിൽ വച്ചുനടന്ന സമ്മേളനത്തിൽ വലിയൊരു

വാഗ്വാദം നടന്നു. അന്നു മിതവാദികളാണു് ജയിച്ചതു്. മഹാസഭ അവരുടെ ആധീനത്തിലുമായി. 1909-ൽ മിന്റോ-മോർലി പരിഷ്കാരങ്ങൾ നടപ്പിൽ വന്നു. ആ പരിഷ്കാരങ്ങൾ തൃപ്തികരമല്ലെന്നായിരുന്നു ഉൽപ്പതിഷ്ണുക്കളുടെ വാദം. അങ്ങിനെയുള്ള അഭിപ്രായം നാട്ടിൽ പരന്നുകൊണ്ടിരുന്നതിനിടയിലാണു് 1914-ൽ യൂറോപ്പിൽ ഒരു മഹാഘോരസമരം തുടങ്ങിയതു്. അപ്പോൾ ഭാരതീയർ ഇംഗ്ലണ്ടിനെ സഹായിപ്പാൻ ഒരുങ്ങി. ഭാരതീയസഹായത്തെ അഭിനന്ദിച്ച ഇംഗ്ലീഷുകാർ അവർക്കു പൂർവ്വാധികമായ ആശകൾ നൽകി. അപ്പോൾ മഹാസഭയിലെ ഇരുകക്ഷിക്കാരും യോജിച്ചു. 1916-ൽ സമ്മേളനം നടന്നതു ലക്നൌവിൽവച്ചാണു്. മിസ്സസ്സു് ബെസന്റും ബാലഗംഗാധര തിലകനുംകൂടി തയ്യാറാക്കിയിരുന്ന ഹോംറൂൾ പദ്ധതി അന്നു സഭക്കാർ അംഗീകരിച്ചു. ഹോംറൂൾ (സ്വയംഭരണം) ഉടനെതന്നെ കിട്ടേണമെന്നായിരുന്നു അംഗീകൃതമായ പ്രമേയം. ആ പ്രമേയത്തെ മിതവാദികളും ഉൽപ്പതിഷ്ണുക്കളും ഒരുപോലെ ഹാർദ്ദമായി കൊണ്ടാടി. അക്കാലത്താണു് സർ ഫിറോസഷാ മേത്തയും ഗോഖലേയും ദിവംഗതരായതു്. അതോടുകൂടി മിതവാദികൾക്കു പ്രാബല്യവും കുറഞ്ഞു. മുസ്ലീങ്ങളും ഹിന്തുക്കളും തമ്മിൽ അതിനുമുമ്പുണ്ടായിരുന്ന അഭിപ്രായവ്യത്യാസങ്ങളെ ഇല്ലായ്മചെയ്തു രണ്ടിലേയും അംഗങ്ങൾ ഐക്യമത്യത്തോടെ കോൺഗ്രസ്സിൽ പ്രവർത്തിപ്പാൻ ഒരുങ്ങി. ഇതെത്രയും ശ്ലാഘനീയമായ ഒരു സംഗതിയായിരുന്നു. 1916-ൽ ചെംസ്ഫോർഡ്പ്രഭു വൈസ്രോയിയായിവന്നു് രാഷ്ട്രീ

യമായി ഇന്ത്യക്കു കൂറെക്കൂടി അനുകൂലമായ പ്രവൃത്തികൾ ചെയ്യാൻ ഇംഗ്ലീഷുകാർ ഒരുക്കമായിരുന്നുവെന്ന സംഗതി അന്നു പരക്കെ അറിയപ്പെട്ടിരുന്നു. എന്നാൽ യുദ്ധത്തിലേർപ്പെട്ടിരുന്ന ഇംഗ്ലീഷുകാർ ഇന്ത്യൻകാര്യത്തിൽ അല്പം ഉദാസീനതകാണിച്ചു. അതിൽ ഇന്ത്യാക്കാർ അക്ഷമരായി; പുതിയ പരിഷ്കാരപദ്ധതി ഉടനെ തയ്യാറാകേണ്ടതാണെന്നു അവർ ഗവണ്മെണ്ടിനെ അലട്ടിത്തുടങ്ങി. ആ പ്രക്ഷോഭണം മൂർഛിയപ്പോൾ ഗവണ്മെണ്ടു 1917-ൽ മിസിസ്സ് ബെസന്റിനെ തടവിലാക്കി. അപ്പോൾ ക്ഷോഭം വർദ്ധിക്കുകയാണുണ്ടായതു്. മിസിസ്സ് ബെസന്റിനെ ഉടനെ ഗവണ്മെണ്ടു വിമുക്തയാക്കി. 1917-ൽത്തന്നെ അന്നത്തെ ഇന്ത്യാസിക്രട്ടറിയായ മിസ്റ്റർ മൊണ്ടേഗ്യു ലണ്ടനിൽനിന്നു ഇന്ത്യയിൽവന്നു ഒരു പുതിയ ഭരണപരിഷ്കാരപദ്ധതി തയ്യാറാക്കി. അതു 1919-ൽ നിയമമായിത്തീർന്നു.

എന്നാൽ, ആ പദ്ധതി ഇന്ത്യാക്കാർക്കു തൃപ്തികരമായില്ല.

1919-ൽ സഭയുടെ സമ്മേളനം നടന്നതു അമൃതസരസ്സിൽവച്ചാണു്. അന്നുമുതൽ സഭയുടെ ചരിത്രത്തിലെ മൂന്നാംഘട്ടത്തിന്റെ ആരംഭമായി. അന്നു ഇന്ത്യാക്കാർക്കു ബ്രിട്ടീഷുദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെക്കുറിച്ചു പലേ ആക്ഷേപങ്ങളുമുണ്ടായിരുന്നു. അന്നുമുതൽ സഭയുടെ നായകൻ മഹാത്മാഗാന്ധിയായി. അതോടുകൂടി മിതവാദികളുടെ നേതാക്കന്മാർ സഭയിൽനിന്നു പുറത്തിറങ്ങി. അന്നത്തെ സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ മോട്ടിലാൽ

നെഹ്റുവാണ്. മഹാരാഷ്ട്രനേതാവായ ബാലഗംഗാധരതിലകനും ബങ്കാളിപ്രധാനനായ സി.ആർ. ദാസും ആ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. പരിഷ്കാര സ്വീകരണത്തെപ്പറ്റി വലിയ ഒരു വാഗ്വാദം നടന്നു. സ്വീകരിക്കേണമെന്നു ഗാന്ധിജിയും, തള്ളിക്കളയേണമെന്നു ദാസും, സഹകരിക്കേണമെന്നു തിലകനും വാദിച്ചു. ഒടുക്കം "അടുത്ത ഭാവിയിൽതന്നെ ഉത്തരവാദിത്വഭരണം കരഗതമാകത്തക്കവണ്ണം പരിഷ്കാരപ്രവർത്തനത്തെ പുരോഗമിപ്പിക്കേണ"മെന്നപ്രമേയമാണ് സമ്മേളനം അംഗീകരിച്ചത്.

1920-ൽ സഭയുടെ ഒരു പ്രത്യേക സമ്മേളനം കൽക്കത്തയിൽ വച്ചു കൂടി. അന്നു ഗാന്ധിജി ഭരണസ്വാതന്ത്ര്യത്തിനു വേണ്ടി തന്റെ നിസ്സഹകരണപ്രസ്ഥാനം സഭയെക്കൊണ്ടു അംഗീകരിപ്പിച്ചു. അന്നത്തെ നിസ്സഹകരണപരിപാടി ഇങ്ങിനെയാണ്.

1. ഗവണ്മെണ്ടിന്റെ ബഹുമതികൾ—സ്ഥാനപ്പേരുകൾ ഉപേക്ഷിക്കുക. ഔദ്യോഗികമല്ലാത്ത സ്ഥാനങ്ങളും നോമിനേറ്റഡ് സ്ഥാനങ്ങളും വെടിയുക.

2. സക്കാർ ദർബാറുകളിലും സക്കാരുദ്യോഗസ്ഥന്മാരോ അവരുടെ ബഹുമാനസൂചകമായി നാട്ടുകാരോ നടത്തുന്ന സഭകളിലും ഹാജരാകാതിരിക്കുക.

3. സക്കാർവകയോ, സക്കാരിൽനിന്നു സഹായധനം വാങ്ങുന്നവരോ ആയ സ്കൂളുകളിൽനിന്നും കോളേജുകളിൽനിന്നും വിദ്യാർത്ഥികളെ പിൻവലിക്കുകയും നാട്ടുകാരുടെ വക വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

(4) കോടതികളിൽ വക്കീലന്മാർ ചെല്ലാതിരിക്കുകയും അന്യായങ്ങൾ ബോധിപ്പിക്കാതിരിക്കുകയും ചെയ്യുക. നാട്ടുകാരുടെ വക കോടതികൾ സ്ഥാപിക്കുക.

(5) സൈന്യത്തിൽ ചേരാതിരിക്കുക.

(6) നിയമസഭകളിലേക്കു അംഗങ്ങളായി നിൽക്കാതേയും സമ്മതിദാനാക്കൾ സമ്മതിദാനം ചെയ്യാതേയും മാറി നിൽക്കുക.

(7) വിദേശീയസാമാനങ്ങളെ ബഹിഷ്കരിക്കുക.

സഭയുടെ മുമ്പിലത്തെ രാഷ്ട്രീയാദർശങ്ങളിൽ നിന്നുള്ള ഒരു വ്യതിചലനമായിരുന്നു ഇതു്. ഈ നിസ്സഹകരണപദ്ധതി അത്ര വിജയമായില്ല. ആറാമത്തെ സംഗതിയിലാണു് സഭാംഗങ്ങൾക്കു് അധികമായ അഭിപ്രായവ്യത്യാസമുണ്ടായതു്.

1922-ൽ സി. ആർ. ദാസും മോട്ടിലാൽ നെഹ്രുവും ഒരു കക്ഷിയായി നിന്നു. ഗാന്ധിജിയും അനുചരന്മാരുമായിരുന്ന മറേറ കക്ഷി. രണ്ടു കക്ഷിക്കാരും തമ്മിൽ ഒരു മത്സരം നടന്നു. പൂർവകക്ഷിക്കാരെ സ്വരാജ്യകക്ഷിക്കാരെന്നു പറഞ്ഞുവന്നു. നിയമസഭകളിൽ പ്രവേശിക്കണമോ എന്നായിരുന്നു വഴക്കു്. അതിൽ സ്വരാജ്യകക്ഷിക്കാരാണു ജയിച്ചതു്. എന്നാൽ, ഗാന്ധിജിയെ അനുവർത്തിച്ചു് അവർ ഗവണ്മെണ്ടിനോടു് നിസ്സഹകരണത്തിനു തന്നെയാണു് നിയമസഭകളിൽ പ്രവേശിച്ചതു്. നിയമസഭകളിലെ പോരാളികളായിരുന്നു അവർ. അതിൽ അവക്കു് വിചാരിച്ചിടത്തോളം വിജയം സിദ്ധമായില്ല.

ഈ അപജയം ഗാന്ധികക്ഷിക്കാക്കു സന്തോഷത്തിനു കാരണമായി. അങ്ങിനെ അവരുടെ പ്രാബല്യം വർദ്ധിച്ചു. മഹാജനസഭയുടെ ലാഹോർ സമ്മേളനത്തിൽവച്ചു ജവഹർലാൽ നെഹ്രു പൂർണ്ണസ്വാതന്ത്ര്യപ്രഖ്യാപനം സഭയെക്കൊണ്ടു് അംഗീകൃതമാക്കി. ഗാന്ധിജി ഉടനെ നിയമലംഘനത്തിനു ഒരുങ്ങി. അദ്ദേഹം നിയമവിരോധമായി സക്കാർ ഉപ്പുളത്തിൽനിന്നു് ഉപ്പെടുക്കുവാൻ ദണ്ഡിയെന്ന ദിക്കിലേക്കു യാത്രചെയ്തു. ചരിത്രം അന്നോവരെ കണ്ടിട്ടില്ലാത്ത ഒരു സംഭവമായിരുന്നു അതു്. ഗാന്ധിജിയുടെ പ്രശസ്തി ലോകമാസകലം പരന്നു. ഭാരതീയ വനിതകളുംക്രുടി അദ്ദേഹത്തെ അനുഗമിച്ചു; വത്കക്കന്മാർ അദ്ദേഹത്തിന്നായി അവരുടെ പണപ്പെട്ടികളും തുറന്നുവച്ചു. അങ്ങിനെയുണ്ടായ സമരത്തിൽ ഭാരതീയനേതാക്കന്മാർപലരും തടവിലായി. ഒന്നാംകിടക്കാരുടെ സ്ഥാനത്തു രണ്ടാം കിടക്കാർ വന്നെത്തി. ഇതുയുമായപ്പോൾ സമാധാനകാംക്ഷികളും രംഗത്തു പ്രവേശിച്ചു. അതിന്റെ ഫലമായി ചരിത്രപ്രസിദ്ധമായ വട്ടമേശസമ്മേളനത്തിന്റെ യോഗങ്ങളും ലണ്ടനിൽ വച്ചു നടന്നു. പ്രഥമയോഗത്തിൽ കോൺഗ്രസ്സുകാർ സന്നിഹിതരായിരുന്നില്ല. അന്നത്തെ ഇന്ത്യൻപ്രതിനിധികളും ഇവിടെ മടങ്ങിഎത്തുന്നതിനു മുമ്പുതന്നെ ഗാന്ധിജി ജയിലിൽ നിന്നു വിമുക്തനായി. അദ്ദേഹവും അന്നത്തെ വൈസറോയിയായ എർവിൻ പ്രഭുവും തമ്മിൽ ഡൽഹിയിൽ വച്ചു ഒരു സന്ധി നടന്നു. അപ്രകാരം ഗാന്ധിജി ലണ്ടനിലേക്കു പുറപ്പെട്ടു. അവിടെ അദ്ദേഹം വട്ടമേശസമ്മേളനത്തിന്റെ രണ്ടാമത്തെ യോഗത്തിൽ പങ്കു

കൊണ്ടു. എന്നാൽ അദ്ദേഹം ഇന്ത്യയിൽ മടങ്ങിവരുന്നതിനുമുമ്പുതന്നെ കോൺഗ്രസ്സുകാർ മുൻപറഞ്ഞ സന്ധിയിലെ നിശ്ചയങ്ങളം തെറ്റിച്ചുവെന്നു കുറ്റംചുമത്തി ഗവണ്മെണ്ടു അവരെ തടവിലാക്കി. ഗാന്ധിജി ഇവിടെ തിരിച്ചുവന്നപ്പോൾ ഗവണ്മെണ്ടു അദ്ദേഹത്തെയും ബന്ധനസ്ഥനാക്കുകയാണുണ്ടായതു്. കോൺഗ്രസ്സിന്റെ വിസമ്മതത്തെ പരിഗണിക്കാതെ മിതവാദികളുടെ സഹകരണത്തെ വിശ്വസിച്ചുകൊണ്ടു് 1935-ൽ പുതിയൊരു ഭരണപരിഷ്കാരപദ്ധതി ഇന്ത്യയിൽ ബ്രിട്ടീഷ് ഗവമെണ്ടു് നടപ്പിലാക്കി. അതോടൊക്കുടി കോൺഗ്രസ്സുകാരെയെല്ലാം തടവിൽനിന്നു് വിമുക്തരാക്കുകയും ചെയ്തു.

നിയമസഭകളിൽ പ്രവേശിച്ചു പുതിയ ഭരണഘടനയെ തകർക്കേണമെന്നു കോൺഗ്രസ്സ് തീച്ചയാക്കി. അവർ അതിലേക്കു് ഒരു പാർലിയമെണ്ടറി ബോർഡ് സ്ഥാപിച്ചു. എന്നിട്ടാണു് നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പങ്കുകൊണ്ടതു്. 6 സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിനാണു് ഭൂരിപക്ഷം കിട്ടിയതു്. പിന്നീടു ഉദ്യോഗസ്വീകരണത്തെപ്പറ്റി ചില വഴക്കുകൾ നടന്നു. ഒടുവിൽ ഉദ്യോഗം സ്വീകരിപ്പാൻ തന്നെ കോൺഗ്രസ്സു് തീച്ചയാക്കി. അപ്രകാരം മുൻപറഞ്ഞ 6 സംസ്ഥാനങ്ങളിൽ കോൺഗ്രസ്സു് മന്ത്രി സംസ്ഥാനത്തു് പ്രവേശിച്ചു. അതിൽ പിന്നെ കൊൺഗ്രസ്സിന്റെ ഭരണം 9 സംസ്ഥാനങ്ങളിലേക്കു് വ്യാപിച്ചു. 1937 ജൂലായി മുതൽ 1939 ഒക്ടോബർ വരെ കോൺഗ്രസ്സ് ഭരണം നടത്തി. 1939 സെപ്തംബറിൽ ഇംഗ്ലണ്ടും ജർമ്മനിയും തമ്മിൽ

യുദ്ധം തുടങ്ങുകയാൽ യുദ്ധത്തിൽ ഇന്ത്യ പങ്കുകൊള്ളുന്നതായാൽ ഇന്ത്യയുടെ ഭാവി എന്തായിരിക്കുമെന്നു ഇംഗ്ലീഷുഗവണ്മെണ്ടു പ്രഖ്യാപനം ചെയ്യേണമെന്നും യുദ്ധകാര്യം നിർവ്വഹിക്കുവാൻ കോൺഗ്രസ്സിന്നു പൂർണ്ണസ്വാതന്ത്ര്യം വേണമെന്നും കോൺഗ്രസ്സുകാർ അഭിപ്രായപ്പെട്ടു. അങ്ങിനെ ഗവണ്മെണ്ടു ചെയ്കയുണ്ടായില്ല. അപ്പോഴം 1939 ഒക്ടോബറിൽ കോൺഗ്രസ്സ് ഉദ്യോഗം രാജിവെച്ചു. ഗാന്ധിജി വീണ്ടും സത്യാഗ്രഹം തുടങ്ങുകയുംചെയ്തു. സത്യത്തിനുവേണ്ടി നിയമത്തെലംഘിച്ചു് ശിക്ഷ അനുഭവിക്കുന്നതാണു് സത്യാഗ്രഹം.

---

അദ്ധ്യായം 22.

# ഭാരതീയസംസ്കാരം.

---

അതിന്റെ ഉദ്ധാരണം.

---

## ൧. ആര്യസമാജം.

ആര്യസമാജം സ്ഥാപിച്ചതു് ദയാനന്ദസരസ്വതി എന്ന മഹാനാണു്.

അദ്ദേഹം ഗുജറാറിലെ മൊർവിഎന്ന സ്ഥലത്താണു് ജാതനായതു്. കുട്ടിക്കു അച്ഛനമ്മമാർ കൊടുത്ത പേരു മൂലശങ്കർ എന്നാണു്. അദ്ദേഹത്തിന്റെ അച്ഛൻ

വളരെ പണക്കാരനായ ഒരു യാഥാസ്ഥിതിക ബ്രാഹ്മണനായിരുന്നു. മൂലശങ്കരന്നു 14 വയസ്സായകാലത്തു ഒരു ശിവരാത്രി ദിവസം അദ്ദേഹത്തിന്റെ കുടുംബത്തിലുണ്ടായിരുന്നവരെല്ലാവരും കൂടി ഒരു ശിവക്ഷേത്രത്തിൽ ഉറക്കമൊഴിക്കുവാൻപോയി. കണ്ണടച്ചുപോകരുതെന്നായിരുന്നു അച്ഛന്റെ കല്പന. എങ്കിലും അർദ്ധരാത്രിയായപ്പോഴേക്കും എല്ലാവരും ഉറങ്ങി. മൂലശങ്കർമാത്രം ഉറങ്ങിയില്ല. ശിവലിംഗത്തെ നോക്കിക്കൊണ്ടിരുന്നതിനിടയിൽ കുറെ എലികൾ ലിംഗത്തിന്മേൽ പാഞ്ഞുകയറുന്നതു അദ്ദേഹം കണ്ടു. അന്നുമുതൽ വിഗ്രഹാരാധനയിൽ അദ്ദേഹത്തിനു അനുഷ്ഠിയുണ്ടായി. അനന്തരം അദ്ദേഹത്തിന്റെ സഹോദരിയും അമ്മാമനും കാലധർമ്മം പ്രാപിച്ചു. ഐഹിക ജീവിതത്തിൽ വിരക്തി വന്നു് അദ്ദേഹം സന്യസിപ്പാൻ തീർച്ചയാക്കി. ഒരു രാത്രി അദ്ദേഹം സഹൃഹം വിട്ടു ഓടിപ്പോയി. അദ്ദേഹത്തിന്റെ അച്ഛൻ അദ്ദേഹത്തെ അന്വേഷിച്ചു പിടിച്ചുവെങ്കിലും അദ്ദേഹം വീണ്ടും സഹൃഹം വിട്ടു. 24-ാമത്തെ വയസ്സിൽ അദ്ദേഹംസന്യാസിയായി. 36-ാമത്തെ വയസ്സിൽ അദ്ദേഹം സ്വാമി വൃജാനന്ദന്റെ ശിഷ്യസ്ഥാനം സ്വീകരിച്ചു. ഹിന്ദുമതത്തിൽ അന്നുണ്ടായിരുന്ന ദുരാചാരങ്ങളെ നീക്കം ചെയ്തു വൈദികതത്വങ്ങളെ പുനസ്ഥാപിക്കേണമെന്നു ഗുരു ശിഷ്യനോടുകല്പിച്ചു. ഗുരുവിന്റെ കല്പന നിറവേറ്റുവാൻ ശിഷ്യൻ തന്റെ ജീവിതം ഉഴിഞ്ഞിട്ടു. 1867-ൽ ഹരിദ്വാരത്തിൽ വച്ചു വലിയൊരു ചന്ത നടന്നു. ദയാനന്ദൻ അവിടെ എത്തി. വിഗ്രഹാരാധന, തീർത്ഥയാത്ര എന്നിവയുടെ നിഷ്പ്രയോജനത്വത്തെ ആസ്പദമാക്കി

അദ്ദേഹം അന്നവിടെ വളരെ പ്രസംഗങ്ങളം ചെയ്തു. പിന്നെ അദ്ദേഹം ഉത്തരേന്ത്യയാസകലം ചുറ്റിസ്സഞ്ചരിച്ചു. കാശിയിൽവച്ചു ചരിത്രനായകനും യാഥാസ്ഥിതികന്മാരും തമ്മിൽ ഒരു വാഗ്വാദം നടന്നു. വിഗ്രഹാരാധനയെപ്പറ്റിയായിരുന്നു വിവാദം. ആ വാദത്തിൽ സ്വാമിയാണു ജയിച്ചതു്. പിന്നെ അദ്ദേഹം കല്ക്കത്ത, അലഹബാദു എന്നീ സ്ഥലങ്ങളം സന്ദർശിച്ചു ബോംബെയിലെത്തി. അവിടെ വെച്ചു്, 1875-ൽ അദ്ദേഹം ആര്യസമാജം സ്ഥാപിച്ചു. വൈദികമതത്തെ പുനഃസ്ഥാപിക്കുകയായിരുന്നു ആര്യസമാജത്തിന്റെ ഉദ്ദേശം. വേദങ്ങളെ ശ്രദ്ധിമാക്കു ഉപദേശിച്ചുകൊടുത്തതു് ഈശ്വരൻതന്നെയാണെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. വൈദികകർമ്മാനുഷ്ഠാനം കൊണ്ടു ഐഹികവും പാരത്രികവുമായ വിജയം സിദ്ധമാകുമെന്നു അദ്ദേഹം സിദ്ധാന്തിച്ചു. മനുഷ്യൻ സന്മാർഗ്ഗിയായിരിക്കേണമെന്നും, പൊതുജനക്ഷേമത്തിനുവേണ്ടി പ്രയത്നിക്കേണമെന്നും, സ്വാർത്ഥപരിത്യാഗംചെയ്യേണമെന്നും, അന്തഃകരണപ്രചോദനത്തിനു അനുസരിച്ചു പ്രവർത്തിക്കേണമെന്നു, സത്യം മാത്രമേ സംസാരിക്കാവൂഎന്നും, മനസ്സു്, വാക്കു്, കർമ്മം എന്നിവ തമ്മിൽ ഐകരൂപ്യമുണ്ടായിരിക്കേണമെന്നും, അദ്ദേഹം പ്രസംഗിച്ചു. ചതുർവ്വർണ്ണങ്ങളെ അദ്ദേഹം ആക്ഷേപിച്ചു. അസ്പൃശ്യതയെ അദ്ദേഹം വെറുത്തു. ജന്മഭൂമിയിലെ ജനങ്ങളിൽ പൌരുഷം ഉളവാക്കേണമെന്നതായിരുന്നു അദ്ദേഹത്തിന്റെ പരമോദ്ദേശം.

ഹിന്ദുമതത്തിന്റെ ഉദ്ധാരണത്തിനു ആര്യസമാജം ഒരു സിദ്ധൌഷധമാണു്. ആര്യസമാജക്കാർ അനവധി

സ്കൂളുകളും, കോളേജുകളും, അനാഥശാലകളും നടത്തി വരുന്നു. ലാഹൂരിലുള്ള ദയാനന്ദ ആംഗ്ലോ വേദിക്ക് കോളേജു ഒരു സവ്കലാശാല തന്നെയാണു്. ദയാനന്ദന്റെ ശിഷ്യനായ സ്വാമി ശ്രദ്ധാനന്ദൻ കംഗ്രിയിൽ സ്ഥാപിച്ച ഗുരുകുലം ആര്യസമാജക്കാരുടെ മറെറാരു സ്ഥാപനമാണു്.

---

## 2. രാമകൃഷ്ണമിഷൻ.

1834-ൽ ആണു് രാമകൃഷ്ണൻ ജാതനായതു്. കല്ക്കത്തയിൽനിന്നു കുറെ അകലെയുള്ള ഒരു ഗ്രാമത്തിലായിരുന്ന അദ്ദേഹത്തിന്റെ ജനനം. മാതാപിതാക്കന്മാർ ദരിദ്രരായിരുന്നുവെങ്കിലും അവർ ഉൽകൃഷ്ട ബ്രാഹ്മണരായിരുന്നു. ഗദാധരൻ എന്നായിരുന്ന കുട്ടിക്കു അച്ഛനമ്മമാർ കൊടുത്ത പേർ. ഗദാധരനെ കാണുന്നതു സാക്ഷാൽ കൃഷ്ണനെ കാണുന്നതുപോലെയാണെന്നു അടുത്തുള്ളവർ പറഞ്ഞുവന്നു. അഞ്ചു വയസ്സായ കാലം മുതൽ തന്നെ ഗദാധരൻ ഹിന്തുക്കളുടെ ഇതിഹാസങ്ങളും പുരാണങ്ങളും പഠിച്ചുവന്നു. കുട്ടിയുടെ ഏഴാമത്തെ വയസ്സിൽ അച്ഛൻ കാലധർമ്മം പ്രാപിച്ചു. ചെറുപ്പകാലത്തുതന്നെ കുട്ടിക്കു സന്യാസിമാരെ വളരെ സ്നേഹമായിരുന്നു. ആ ഗ്രാമത്തിൽ സന്യാസിമാർ താമസിച്ചിരുന്ന സ്ഥലത്തിനു ധർമ്മശാല എന്നായിരുന്നു പേർ. ഗദാധരൻ പലപ്പോഴും അവിടെ പോയിരുന്നു. ധർമ്മശാലയിൽ വന്നിരുന്ന സന്യാസിമാരുമായി സംസാരിച്ചിരുന്ന ഗദാധരനു അവരുടെ ജീവിതരീതിയിൽ കൌതുകം തോന്നി. ഒരു ദിവസം അദ്ദേഹം സന്യാസിമാരുടെ

വേഷം ധരിച്ചു മാതൃസന്നിധിയിലെത്തി. മാതാവു ഭയം കൊണ്ടു വിറച്ചു. എട്ടു വയസ്സായ കാലം മുതൽതന്നെ ഗദാധരൻ പരാശക്തിയെപ്പറ്റി ധ്യാനിച്ചുതുടങ്ങി. ധ്യാന സമയത്തു അദ്ദേഹത്തിനു ബോധക്ഷയം സംഭവിച്ചിരുന്നു. ഒരു ശിവരാത്രി ദിവസം അഭിനയിച്ച ഒരു നാടകത്തിൽ ഗദാധരൻ ശിവന്റെ വേഷം ധരിക്കയുണ്ടായി. അന്നു രംഗത്തുവച്ചു് അദ്ദേഹത്തിനു ഭക്തിയാൽ ബോധക്ഷയം ഭവിച്ചു. പുരാണപാരായണം ഗദാധരനു വളരെ ഇഷ്ടമുള്ള ഒരു പ്രവൃത്തിയായിരുന്നു. പതിനേഴാമത്തെ വയസ്സിൽ അദ്ദേഹം കൽക്കത്തയിലേക്കു പോയി. അവിടെ ഒരു കാളിക്ഷേത്രമുണ്ടായിരുന്നു. ഗദാധരൻ അവിടത്തെ ശാന്തിക്കാരനായി. അന്നുമുതൽ അദ്ദേഹത്തിന്റെ ദേവീഭക്തിയും വർദ്ധിച്ചു. അദ്ദേഹത്തിനു ക്രൂടക്കൂടെ ദർശനങ്ങളുണ്ടായിത്തുടങ്ങിയതത്രെ. ദേവിയുടെ ബിംബത്തോടു അദ്ദേഹം സംസാരിക്കുന്നതുപോലെ കാണപ്പെട്ടു. അക്കാലത്തുതന്നെയാണു് ഗദാധരന്റെ വിവാഹം നടന്നതു്. കുറേക്കാലം കഴിഞ്ഞപ്പോൾ ഗദാധരന്റെ ക്ഷേത്രത്തിൽ തോടാപുരി എന്നൊരു സന്യാസി വന്നെത്തി. അദ്ദേഹം ഗദാധരനെ സമാധിയുടെ ചടങ്ങുകളം പഠിപ്പിച്ചു. സമാധിയിൽ ഈശ്വരനെ ധ്യാനിച്ചുതുടങ്ങിയപ്പോൾ ഗദാധരന്റെ ഖ്യാതി നാടെങ്ങും പരന്നു. അദ്ദേഹത്തിനു അനവധി ശിഷ്യന്മാരുണ്ടായി. അദ്ദേഹം രാമകൃഷ്ണപരമഹംസർ എന്ന പേരിനാൽ അറിയപ്പെട്ടു. ശിഷ്യന്മാരിൽ പ്രമാണി നരേന്ദ്രനായിരുന്നു. ഈ നരേന്ദ്രനാണു് പിന്നീടു സ്വാമി വിവേകാനന്ദൻ എന്ന പ്രസിദ്ധനായിത്തീർന്ന ആ ഭാരതീയൻ. രാമ

കൃഷ്ണൻ പിന്നെ കോസിപുരത്തേക്കു താമസം മാറ്റി. അവിടെവച്ചു് അദ്ദേഹത്തിനു തൊണ്ടയിൽ ഒരു സുഖക്കേടുണ്ടായി. ആ സുഖക്കേടുൽ അദ്ദേഹം 1886-ൽ നിർവ്വാണം പ്രാപിച്ചു.

പരമഹംസക്കു അനവധി ശിഷ്യന്മാരുണ്ടായിരുന്നുവെന്നു പറഞ്ഞുവല്ലോ. അവരെ ഗൃഹസ്ഥശിഷ്യന്മാരെന്നും ബ്രഹ്മചാരികളെന്നും രണ്ടു തരക്കാരാക്കാം. ഗൃഹസ്ഥശിഷ്യന്മാരിൽ പ്രധാനി സുരേന്ദ്രനാഥമിത്രനും, ബ്രഹ്മചാരികളിൽ പ്രധാനി നരേന്ദ്രനാഥനുമായിരുന്നു. ബ്രഹ്മചാരികളുടെ ചെലവു നടത്തിയിരുന്നതു് ഗൃഹസ്ഥശിഷ്യന്മാരായിരുന്നു. പരമഹംസരുടെ നിർവ്വാണത്തിനു ശേഷം ബ്രഹ്മചാരികളും ബർണാഗ്ഗർ എന്ന സ്ഥലത്തു ഒരു സന്യാസിമഠം സ്ഥാപിച്ചു. ആ മഠം 1893-ൽ ആലംബസാറിലേക്കു മാറ്റപ്പെട്ടു. ഒടുവിൽ സന്യാസിമഠം ബേലൂരിലേക്കു മാറ്റി. രാമകൃഷ്ണമിഷന്റെ തലസ്ഥാനം ബേലൂർ മഠമാണു്.

ഈശ്വരന്മാർ ലോകത്തിനു നൽകീട്ടുള്ള സന്ദേശത്തെ ലോകമാസകലം പരത്തുകയാണു് മിഷൻകാരുടെ പ്രവൃത്തി. ലോകത്തിലുള്ള സകല മതങ്ങളും തമ്മിലുള്ള ഐക്യം ഇവർ ചൂണ്ടിക്കാണിക്കുന്നു. ഹിന്തുക്കളുടെ നാനാതരത്തിലുള്ള സിദ്ധാന്തങ്ങളേയും ഇവർ ഏകീകരിക്കുന്നു. സാധന കൊണ്ടാണു് ഈശ്വരസാക്ഷാല്ക്കാരം സാധിക്കുന്നതെന്നു് ഇവർ തെളിയിക്കുന്നു.

ഇവർ ചെയ്യുന്ന പ്രവൃത്തിയെ പ്രധാനമായി മൂന്നു തരമാക്കാം. അവ സമുദായസേവനം, വിദ്യാപ്രചരണം, മത തത്വ പ്രഖ്യാപനം എന്നിവയാണ്.

1938-ന്റെ അവസാനത്തിൽ ഇവരുടെ വകയായി 100-മഠങ്ങളുണ്ടായിരുന്നു. അവയിൽ 48 എണ്ണം ഇന്ത്യ ബർമ്മ, സിലോൺ, എഫ്. എം. എസ്സ്., എന്നിവിടങ്ങളിലാണ്. ഈ 48 മഠങ്ങളിൽ 43 മഠക്കാരും രോഗശുശ്രൂഷാ കേന്ദ്രങ്ങളും നടത്തിയിരുന്നു. അവരുടെ ആസ്പത്രികളിൽ അവർ 10,000 ആളുകളെ ചികിത്സിച്ചിരുന്നു. അതിനും പുറമെ അവർ 11,37,000 ആളുകളെ സ്വഗൃഹങ്ങളിൽ ചെന്നു ശുശ്രൂഷിക്കുകയും ചെയ്തിരുന്നു.

മഠക്കാർ ചെയ്യുന്ന വിദ്യാഭ്യാസപ്രവൃത്തിയെ രണ്ടു പ്രധാന ഇനങ്ങളാക്കാം. ആദ്യത്തെ ഇനത്തിൽ അവർ നടത്തിവരുന്ന പാഠശാലകളും രണ്ടാമത്തെ ഇനത്തിൽ വിദ്യാർത്ഥിമന്ദിരങ്ങളും, ഹോസ്റ്റലുകളും, അനാഥശാലകളും എന്നിവയും ഉൾപ്പെടുന്നു. ഗ്രാമോദ്ധാരണത്തിലും മിഷൻകാർ തല്പരരാണ്.

അവർ ഇന്ത്യയിലും മറ്റു രാജ്യങ്ങളിലും പരമഹംസരുടെ തത്വങ്ങളെ പ്രചരണം ചെയ്യുന്നു. ഒരു സ്വാമിയാർ ഫീജിയിലും മറ്റൊരു സ്വാമിയാർ പാരിസ്സിലും ചെന്നു പ്രസംഗങ്ങളും നടത്തുന്നു. മിഷൻകാർ പ്രബുദ്ധഭാരതം എന്നു പേരുള്ള ഒരു മാസിക നടത്തി വേദാന്ത തത്വത്തിനു പരമഹംസരും വിവേകാനന്ദനും

കൊടുത്ത വ്യാഖ്യാനത്തെ പ്രചരിപ്പിക്കുന്നു. ഇന്ത്യയിൽത്തന്നെ നടത്തുന്ന മറ്റൊരു മാസികയാണ് വേദാന്തകേസരി. മിഷൻകാർ സ്പിറ്റ്സർലണ്ടിൽ വേദാന്തം എന്നൊരു മാസികയും, ബോസ്റ്റനിൽ മെസ്സേജ് ഓഫ് ദി ഈസ്റ്റ് (പൌരസ്ത്യ സന്ദേശം) എന്നൊരു മാസികയും, ഹോളിവുഡ്ഡിൽ വോയ്സ് ഓഫ് ഇന്ത്യ (ഭാരത കാഹളം) എന്നൊരു മാസികയും നടത്തുന്നു. അവിടവിടെയായി സമ്മേളനങ്ങളും വിളിച്ചുകൂട്ടി സ്വാമിമാർ പ്രസംഗങ്ങളും ചെയ്യാറുണ്ട്. തൃശ്ശിവപേരൂർ ഈ മിഷൻകാർ ഒരു അധീകൃതകോളനി സ്ഥാപിച്ചിരിക്കുന്നു. അവിടെ ഒരു ഹൈസ്കൂളുമുണ്ട്.

---

## ൨. ബ്രഹ്മസമാജം

ബ്രഹ്മസമാജം 1875-ൽ അമേരിക്കയിലെ ഐക്യനാടുകളിലാണ് സ്ഥാപിതമായത്. എച്ച്. പി. ബ്ലവട്സക്കി എന്ന മദാമ്മയാണ് അവിടെ ഈ സംഘം സ്ഥാപിച്ചത്. സ്ഥാപനസമയത്തു സംഘത്തിന്റെ പ്രധാന ഉദ്ദേശങ്ങളും താഴെ കാണുന്നവയായിരുന്നു.

1. ലോകത്തിൽ പ്രചാരത്തിലിരിക്കുന്ന സകല മതങ്ങളേയും വിവിധ തത്വജ്ഞാനപദ്ധതികളേയും താരതമ്യവിവേചനം ചെയ്യുക.

2. ലോകത്തിൽ സഖ്യസാഹോദര്യം ഉളവാക്കുക.

3. ചേതനവും അചേതനവുമായ സകല വസ്തുക്കളേയും സൂക്ഷ്മമായി കണ്ടറിഞ്ഞു് അവയുടെ യഥാർത്ഥമായ സ്വരൂപം ധരിക്കുക.

സംഘത്തിലെ അംഗമായി ചേർന്നാൽത്തന്നെ സാമൂഹ്യമായികമായും സാംസ്കാരികമായും സാഹോദര്യം ലഭ്യമായി. ആ സാഹോദര്യം സാമ്പത്തിക കാര്യങ്ങളിൽ ബാധകവുമായിരുന്നില്ല.

5 ഡോളറായിരുന്ന (അമേരിക്കൻ നാണ്യം) പ്രവേശനഫീസ്സ്.

ഒരേ ഒരു പരമാത്മാവിൽ നിന്നാണു് സകല ജീവാത്മാക്കളും ഉത്ഭവിച്ചിരിക്കുന്നതു് എന്നാണു് ഹിന്തുമതവും ബുദ്ധമതവും ഘോഷിക്കുന്നതു്. ബ്രഹ്മവിദ്യാസംഘത്തിന്റേയും അടിസ്ഥാനതത്വം ഇതാണു്. ഈ തത്വത്തെ ആധാരമാക്കിയാണു് സംഘക്കാർ മനുഷ്യരുടെ സാഹോദര്യത്തെ സ്ഥാപിച്ചതു്. സംഘക്കാർ ഭാരതീയ സംസ്കാരത്തിന്റെ ഉദ്ധാരണത്തിനു് ഉത്സാഹിച്ചുവെന്നു പറവാൻ ഇതുതന്നെയാണു് കാരണം.

മതങ്ങളേയും തത്വജ്ഞാനപദ്ധതികളേയും താരതമ്യ വിവേചനംചെയ്തു പഠിച്ചു് അവയിലുള്ള ഐക്യത്തെ പ്രഖ്യാപിക്കുവാൻ വളരെ പ്രയാസമുണ്ടായില്ല. ഒരേ മൂലതത്വത്തിൽനിന്നു തന്നെയാണു് സകല മതങ്ങളും ഉത്ഭവിച്ചിരിക്കുന്നതു് എന്നും, ഓരോ മതവും ആ തത്വത്തെ ഓരോവിധം വ്യാഖ്യാനിക്കുന്നുവെന്നും വിവിധ വ്യാഖ്യാനങ്ങളിൽ അന്തർഭവിച്ചു കിടക്കുന്ന

മൂലതത്വത്തെ ലോകരെ പഠിപ്പിക്കുവാൻ മഹാത്മാക്കൾ അവതരിക്കുമെന്നും സംഘം ഉൽഘോഷിക്കുന്നു.

സംഘക്കാർ അനവധി പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അവയ്ക്ക് ലോകത്തിൽ വളരെ പ്രചാരം സിദ്ധിച്ചുവരുന്നു.

മാഡംബ്ളവട്സ്ക്കി കാലധർമ്മം പ്രാപിച്ചതിനു ശേഷം വില്യം ജഡ്ജ് എന്നൊരാളാണ് സംഘത്തിന്റെ തലവനായത്. അദ്ദേഹത്തിന്റെ കാലത്ത് സംഘം മൂന്നു ശാഖകളായി പിരിഞ്ഞു. അവയിൽ ഒരു ശാഖ അമേരിക്കയിൽത്തന്നെയാണ് സ്ഥാപിതമായത്. അതിന്റെ നായിക മിസ്സിസ്സ് ടിൻഗ്ലിയായിരുന്നു. രണ്ടാമത്തെ ശാഖ ഇന്ത്യയിലാണ് ഏർപ്പെടുത്തിയത്. അതിന്റെ നായിക സുപ്രസിദ്ധയായ ഡോക്ടർ ആനി ബെസൻറായിരുന്നു. മൂന്നാമത്തെ ശാഖ സ്ഥാപിതമായത് ഇംഗ്ലണ്ടിലായിരുന്നു.

ഭാരതീയ സംസ്കാരത്തിന്റെ ഉദ്ധാരണത്തിനു ഡോക്ടർ ബെസൻറ് വളരെയെല്ലാം ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ രാഷ്ട്രീയ നഭോമണ്ഡലത്തിൽ ഉദിച്ചുയർന്ന ഏറ്റവും പ്രകാശമാനമായ ഒരു നക്ഷത്രവും അവർ തന്നെയായിരുന്നു. അവർ തയ്യാറാക്കിയിരുന്ന ഹോം റൂൾ പദ്ധതി ഭാരതീയമഹാജനസഭ അംഗീകരിക്കുകയുണ്ടായി. മഹാസഭയുടെ ഒരു സമ്മേളനത്തിൽ ഡോക്ടർ ബെസൻറ് അദ്ധ്യക്ഷം വഹിക്കുകതന്നെയുണ്ടായി. അവരുടെ അന്നത്തെ പ്രസംഗം എത്രയും ശക്തിമത്തായ

ഒന്നായിരുന്നു. വിദ്യാഭ്യാസ സംബന്ധമായും ബ്രഹ്മ വിദ്യാസംഘക്കാർ ഇന്ത്യയ്ക്കു വളരെ ഗുണം ചെയ്തിട്ടുണ്ട്. ഡോക്ടർ ബെസന്റു കാശിയിൽ സെൻട്രൽ ഹിന്തു കോളേജു എന്നു പേരായി ഒരു സ്ഥാപനം ഏർപ്പെടുത്തി. ആ സ്ഥാപനമാണു് പിന്നീടു ഇന്നത്തെ ഹിന്തുസർവ്വ കലാശാലയായതു്. ഡോക്ടർ ബെസന്റു ഭഗവൽ ഗീതയെ ഒരു ഇംഗ്ലീഷു വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. ആ മഹതി ഇന്നു കാലയവനികയ്ക്കുള്ളിൽ മറഞ്ഞുവെങ്കിലും അവരുടെ പേർ ആചന്ദ്രതാരം നിലനില്ക്കുന്നതാണു്. അവരുടെ നിര്യാണത്തിനു ശേഷം ഡോക്ടർ ജി. എസ്. അരൺഡെയിൽ എന്ന മഹാനാണു് ഇന്ത്യയിലെ ബ്രഹ്മവിദ്യാസംഘത്തിന്റെ നായകനായിരിക്കുന്നതു്. സംഘത്തിന്റെ കേന്ദ്രസ്ഥാനം ഇന്നു അഡയാറാണു്.

---

അദ്ധ്യായം 23

## കേഴ്സൺപ്രഭു.

---

1899-ലാണു് കേഴ്സൺപ്രഭു ഇന്ത്യയിലെ വൈസ റോയിയായി വന്നതു്. അദ്ദേഹത്തിനു അന്നു 40 വയസ്സു തികഞ്ഞിട്ടുണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹം അതിനു മുമ്പുതന്നെ ഏഷ്യയിലെ മിക്ക രജ്യങ്ങളും സന്ദർശിച്ചിട്ടുണ്ടായിരുന്നു. ഇന്ത്യയിൽത്തന്നെ അദ്ദേഹം അതിനു മുമ്പു 4 പ്രാവശ്യം വന്നിട്ടുണ്ടു്. വൈസറോയിയാകുന്ന



കേഴ്സൻ പ്രട്ട

തിനു മുമ്പു അദ്ദേഹം ഇംഗ്ലണ്ടിലെ ഇന്ത്യാഓഫീ
സ്സിലെ ഒരംഗമായിരുന്നു. അതുകൊണ്ടു ഇന്ത്യൻ
കാര്യങ്ങളെക്കുറിച്ചു അദ്ദേഹത്തിനു നല്ലപോലെ അറി
വുണ്ടായിരുന്നു.

കേഴ്സൻപ്രട്ടവിന്റെ മുൻഗാമി എൽജിൻ പ്രട്ട
വായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു ഇന്ത്യയിൽ
പ്ലേഗ് എന്ന രോഗം ബാധിച്ചു അനവധി ജനം മരിച്ചു
പോയി. ബോംബെ, മദ്ധ്യേന്ത്യാ എന്നിവിടങ്ങളിൽ
ക്ഷാമബാധയുമുണ്ടായിരുന്നു. അതുകൊണ്ടു നാട്ടിലാസ
കലാ ക്ഷോഭമുണ്ടായിരുന്ന ഒരു കാലത്താണു് പ്രട്ട ഇവി

ടെ വന്നതു്. പ്രേ വന്നകൊല്ലത്തിലും ഇവിടെ ഒരു ക്ഷാമബാധയുണ്ടായി. അന്നു ഗവണ്മെണ്ടു് ഏകദേശം 45 ലക്ഷത്തോളം ജനങ്ങളെ സഹായിച്ചു.

1901-ൽ ആഫ്ഗനിസ്ഥാനത്തിലെ അമീറായ അബ്ദുർ റാഹിമാൻ മരിച്ചു. അതിനു ശേഷം അദ്ദേഹത്തിന്റെ പുത്രനായ ഹാബിബുള്ള അമീറായി. യൂറോപ്പിലുള്ള രാജ്യക്കാക്കു പേഷ്യൻ ഉൾക്കടലിൽ ഒരു സ്ഥാനം കിട്ടിയാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടായിരുന്നു. മറേറതെങ്കിലും രാജ്യക്കാക്കു അവിടെ ഒരു സ്ഥാനം ലഭിച്ചാൽ അതു ഇംഗ്ലീഷുകാക്കു ദോഷമാകുമായിരുന്നു. അതുകൊണ്ടു ആഫ്ഗനിസ്ഥാനത്തിലെ അമീറിന്റെ സ്നേഹം സമ്പാദിപ്പാൻ പ്രേ പ്രത്യേകം താല്പര്യം പ്രദർശിപ്പിച്ചു. അദ്ദേഹത്തിന്റെ ഉത്സാഹം കാരണം അന്നു അമീർ ഇന്ത്യാഗവണ്മെണ്ടിന്റെ ബന്ധുവായി.

അന്നു ഇന്ത്യയിലെ പശ്ചിമോത്തരപ്രദേശങ്ങളിലെ ഭരണം തൃപ്തികരമായിരുന്നില്ല. ആ പ്രദേശം അന്നു പഞ്ചാബുഗവണ്മെണ്ടിന്റെ ആധീനത്തിലായിരുന്നു. അതു് ഒരു പ്രത്യേക സംസ്ഥാനമാക്കേണമെന്നു് പ്രേവിനു് ആഗ്രഹമുണ്ടായി. ഒരു കാര്യം ചെയ്യേണമെന്നറച്ചാൽ അതിൽ നിന്നു പിന്മാറുന്ന സമ്പ്രദായം അദ്ദേഹത്തിനുണ്ടായിരുന്നില്ല. അവിടെ പുതുതായൊരു സംസ്ഥാനം സ്ഥാപിച്ചു പ്രേ അതിനു പശ്ചിമോത്തരസംസ്ഥാനമെന്നു പേരിട്ടു.

പ്രഭു വളരെ കല്പനാശക്തിയും ഭരണസാമർത്ഥ്യവും ഉള്ള ഒരാളായിരുന്നു. ഭരണസംബന്ധമായി അദ്ദേഹം വളരെ പരിഷ്കാരങ്ങളും വരുത്തുകയുണ്ടായി.

1904-ൽ പ്രഭുവിന്റെ ഉദ്യോഗകാലാവധി ബ്രിട്ടീഷു ഗവണ്മെണ്ടു നീട്ടിക്കൊടുത്തു. അന്നു പ്രഭു ചെയ്ത ഏറ്റവും പ്രധാനമായ പ്രവൃത്തി ബങ്കാളത്തെ വിഭജിച്ചതായിരുന്നു. പ്രഭുവിന്റെ ആ പ്രവൃത്തികാരണം ഇന്ത്യയിലുണ്ടായ കുഴപ്പം കുറച്ചൊന്നുമല്ലായിരുന്നു. ബങ്കാളം വിഭജനം 1911-ൽ റദ്ദാകുന്നതുവരെ ആ കുഴപ്പം നിലനിന്നു. അക്കൊല്ലത്തിലാണ് ജോർജ്ജുപഞ്ചമൻ ഇന്ത്യാചക്രവർത്തിയെന്ന നിലയിൽ ദൽഹിയിൽവെച്ചു കിരീടധാരണം നടത്തിയതു്. അന്നുണ്ടായ രാജകീയവിളംബരത്തിലെ പ്രധാനമായ ഒരു സംഗതി ബങ്കാളം വിഭജനം റദ്ദാക്കിയെന്നതായിരുന്നു. ഇന്ത്യാക്കാക്കു അതിൽ വളരെ സന്തോഷമുണ്ടായി.

പ്രഭുവിന്റെ ഭരണകാലത്തു ഇന്ത്യയിലെ സൈന്യാധിപൻ കിച്ചനർ പ്രഭുവായിരുന്നു. സൈനികകാര്യങ്ങളെ സംബന്ധിച്ചു പ്രഭുവും സൈന്യാധിപനുംതമ്മിൽ വഴക്കുണ്ടായി. അതിൽ ബ്രിട്ടീഷു ഗവണ്മെണ്ടു സൈന്യാധിപനെയാണു് പിൻതാങ്ങിയതു്. കുപിതനായ വൈസ്രോയി അന്നു ഉദ്യോഗം രാജികൊടുത്തു.

---

അദ്ധ്യായം 24.

# ജോർജ്ജുപഞ്ചമനും ദൽഹിദർബാറും.

നമ്മുടെ ജന്മഭൂമിയായ ഇന്ത്യ ബ്രിട്ടീഷുസാമ്രാജ്യത്തിലെ ഒരു വിഭാഗമാണല്ലൊ. ഇന്ത്യയുടെ പരമാധികാരി ഇന്ത്യാ ചക്രവത്തിയാകുന്നു. അദ്ദേഹം ഇംഗ്ലണ്ടിലെ രാജാവുമാണു്. ഇപ്പോൾ ജോർജ്ജു് ആറാമനാണു് നമ്മുടെ ചക്രവത്തി. അദ്ദേഹത്തിന്റെ പിതാവാണു് നമ്മുടെ കഥാനായകൻ.

യുവരാജാവെന്ന നിലയിൽത്തന്നെ കഥാനായകൻ ഇന്ത്യയെ സന്ദർശിക്കുകയുണ്ടായി. അന്നു ഇന്ത്യാക്കാർ അദ്ദേഹത്തെ വളരെ സന്തോഷത്തോടുകൂടി സല്ക്കരിച്ചു.

1901 മുതൽ 1910 വരേ രാജ്യം ഭരിച്ചിരുന്നതു കഥാനായകന്റെ പിതാവായിരുന്നു. അദ്ദേഹത്തെ പിന്തുടർന്നു കഥാനായകൻ സ്ഥാനാരോഹണംചെയ്തു. ഇംഗ്ലണ്ടിലെ രാജാവെന്ന നിലയിൽ മാത്രമെ സാധാരണയായി അവർ കിരീടധാരണകർമ്മം നടത്താറുള്ളു. ഇന്ത്യയിലെ ചക്രവത്തിയെന്ന നിലയിലും കിരീടധാരണം നടത്തേണമെന്നും അതു ഇന്ത്യയിൽവച്ചുതന്നെയായിരിക്കേണമെന്നും കഥാനായകൻ നിശ്ചയിച്ചു. ഇക്കാര്യത്തിനുവേണ്ടി അദ്ദേഹം 1911 ഡിസംബറിൽ ഇന്ത്യയിലേക്കെഴുന്നള്ളി. 1911 ഡിസംബർ 12-നു-യാണു് ദൽഹിയിൽവച്ചു ദർബാർ നടന്നതു്. ദൽഹിയിൽവച്ചു അതിനുമുമ്പും പലേ

ദർബാറുകളും നടക്കുകയുണ്ടായിട്ടുണ്ട്. ഇന്നു ദൽഹിയാണല്ലൊ ഇന്ത്യയുടെ തലസ്ഥാനം. ഈ നഗരം ഇന്ത്യയുടെ തലസ്ഥാനമായിട്ടു വളരെ കാലമായിരിക്കുന്നു. കൌരവപാണ്ഡവന്മാരുടെ കാലത്തു തന്നെ ദൽഹി ഇന്ത്യയുടെ തലസ്ഥാനമായിരുന്നു. അന്നു നഗരത്തിനു ഇന്ദ്രപ്രസ്ഥമെന്നായിരുന്നു പേർ. രാജസൂയയാഗം നടത്തിയ ധർമ്മപുത്രർ ഇന്ദ്രപ്രസ്ഥത്തിൽ ദർബാർ വിളിച്ചുകൂട്ടീട്ടുണ്ട്. അനന്തര കാലങ്ങളിൽ അവിടെ ദില്ലു എന്നുപേരായി ഒരു രാജാവു വാണിരുന്നു. അദ്ദേഹം ബി.സി. 3-ാം ശതകത്തിലാണു വാണിരുന്നതെന്നാണു് ചരിത്രകാരന്മാരുടെ പക്ഷം. അദ്ദേഹത്തിന്റെ കാലം മുതൽ നഗരത്തിനു ദൽഹിയെന്നായി പേർ. പിന്നീടു നഗരത്തിന്റെ പ്രാധാന്യത്തിനു കുറവു വന്നു. രാജപുത്രന്മാരുടെ കാലത്തു നഗരത്തിനു മഹിമ വർദ്ധിച്ചു. ദൽഹി ഭരിച്ചിട്ടുള്ള ഏറ്റവും യോഗ്യനായ രാജപുത്രരാജാവു് പ്രഥ്വീരാജനാണു്. രാജപുത്രന്മാർക്കു ശേഷം നഗരം മുസ്ലീമുകളുടെ അധീനത്തിലായി. അന്നും ദൽഹി തന്നെയായിരുന്നു തലസ്ഥാനം. ഇങ്ങിനെ വളരെ കാലത്തോളം ഇന്ത്യയുടെ തലസ്ഥാനമായി ശോഭിച്ചിരുന്ന ദൽഹിയെത്തന്നെ തലസ്ഥാനമാക്കേണമെന്നു ഇന്ത്യാഗവണ്മെണ്ടു നിശ്ചയിച്ചതു എത്രയും ഉചിതമായ ഒരു പ്രവൃത്തിയായി. 1911-ലെ ദർബാറിനു ഇന്ത്യൻരാജാക്കന്മാരും സന്നിഹിതരായിരുന്നു. ഇങ്ങിനെ അനവധി ജനം നിറഞ്ഞ സഭയിൽ വച്ചു ചക്രവർത്തി തിരുമനസ്സുകൊണ്ടു പ്രധാനങ്ങളായ വളരെ സംഗതികളും പ്രസ്താവിച്ചു. അവയിൽ ഏറ്റവും മുഖ്യമായവ (1) കേഴ്സൺപ്രഭുവിന്റെ ബ

ങ്കാഠംവിഭജനം റദ്ദാക്കിയിരിക്കുന്നു; (2) ഇന്ത്യയുടെ തല സ്ഥാനം ദൽഹിയാക്കിയിരിക്കുന്നു എന്നിവയായിരുന്നു.

ബങ്കാഠം വിഭജനംകൊണ്ടു ഇന്ത്യയിലെ രാഷ്ട്രീയാന്തരീക്ഷം കാർമേഘങ്ങളെക്കൊണ്ടു ആവൃതമായിരുന്നു. ചക്രവത്തിയുടെ ഈ പ്രസ്താവന കൊണ്ടു കാർമേഘങ്ങളം അകന്നു പോയി.

ഇങ്ങിനെ ഇംഗ്ലീഷുകാരുടേയും ഇന്ത്യാക്കാരുടേയും ബ്രിട്ടീഷുസാമ്രാജ്യത്തിലെ മറ്റു രാജ്യക്കാരുടേയും കണ്ണിലുണ്ണിയായി കാൽ ശതാബ്ദം രാജ്യം ഭരിച്ചു ചക്രവത്തിതിരുമേനി 1935-ൽ പരേതനായി.

---

അദ്ധ്യായം 25.

## യൂറോപ്പിലെ ഘോരസമരം.

1939 മുതൽ യൂറോപ്പിൽ വളരെ ഭയങ്കരമായ ഒരു യുദ്ധം നടന്നുവരുന്നുണ്ടെന്നു നിങ്ങൾക്കറിയാമല്ലൊ. ഇത്തരത്തിലുള്ള യുദ്ധങ്ങൾ അവിടെ സാധാരണമാണു്. 1914-ൽ തുടങ്ങി 1918-വരെ നിലനിന്ന ഒരു യുദ്ധത്തെപ്പറ്റിയാണു് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നതു്.

നിസ്സാരങ്ങളായ സംഗതികളെ അടിസ്ഥാനമാക്കിയാണു് യുദ്ധം തുടങ്ങുക പതിവു്. 1914-ലെ യുദ്ധത്തിനു കാരണം ഒരു രാജകുമാരന്റെ വധമായിരുന്നു. വധിക്ക

പ്പെട്ട രാജകുമാരന്റെ രാജ്യക്കാർ രാജകുമാരനെ വധിച്ച രാജ്യക്കാരോട് യുദ്ധത്തിനൊരുങ്ങി. ഇരുഭാഗത്തും ബന്ധുക്കൾ സുലഭമായി ചേർന്നു. യുദ്ധത്തിൽ ഇംഗ്ലണ്ടും ജർമ്മനിയും കക്ഷികളായി. അവർ തമ്മിലാണ് ഏറ്റവും ഭയങ്കരമായ യുദ്ധം നടന്നതു്.

ബ്രിട്ടീഷുസാമ്രാജ്യത്തിലുൾപ്പെട്ട രാജ്യങ്ങളിൽ ഏറ്റവും പ്രധാനമായതു നമ്മുടെ ജന്മഭൂമിയാണല്ലോ. ഇംഗ്ലീഷുകാർ ഏറ്റെടുത്ത ഏതു യുദ്ധത്തിലും അവരെ ഉള്ളഴിഞ്ഞു സഹായിക്കുന്നതു നമ്മുടെ ധർമ്മവുമാണ്. ഭാരതീയനേതാക്കന്മാർ അവരുടെ അന്തഃഛിദ്രങ്ങളേയും രാഷ്ട്രീയകായ്ക്കങ്ങളിൽ ഇംഗ്ലീഷുഗവണ്മെണ്ടുമായുണ്ടായിരുന്ന ഭിന്നാഭിപ്രായങ്ങളേയും വിസ്മരിച്ചു് യുദ്ധത്തിൽ ഇംഗ്ലണ്ടിനെ സഹായിപ്പാൻ ഒരുങ്ങി.

"യുദ്ധത്തിൽ ഇംഗ്ലണ്ടിനെ സഹായിച്ചു രാഷ്ട്രീയ സ്വാതന്ത്ര്യം സമ്പാദിക്കുക" എന്നു പറഞ്ഞാണ് ഇന്ത്യക്കാർ അരയും തലയും മുറുക്കി ഇറങ്ങിയതു. രാജഭക്തി കാണിപ്പാനുള്ള അവസരം അതായിരുന്നു. ഇന്ത്യാക്കാരുടെ രാജഭക്തി സുവിദിതമാണല്ലോ.

യുദ്ധാരംഭസമയത്തു ഇന്ത്യയിലെ സൈന്യത്തിൽ 1,94,000 യോദ്ധാക്കളുണ്ടായിരുന്നു. യുദ്ധകാലത്തു 7,91,000 ആളുകൾ സൈന്യത്തിൽ ചേർന്നു. അങ്ങിനെ ആകെ 985,000 ഭടന്മാർ അന്നുസൈന്യത്തിലുണ്ടായി. അവരിൽ 352,000 ഭടന്മാർ യൂറോപ്പിലെ രണാങ്കണങ്ങളിലെത്തി യുദ്ധം ചെയ്തു. ഇംഗ്ലണ്ടിനെ സഹായിപ്പാ

നായി യൂറോപ്പിലെത്തിയ ഒന്നാമത്തെ വിദേശീയ സൈന്യം ഭാരതീയസൈന്യമായിരുന്നു. യുദ്ധംചെയ്യാതെ സൈന്യത്തിൽ മറ്റു പണികൾ ചെയ്യാനായി 45,000 ആളുകളുണ്ടായിരുന്നു. യുദ്ധകാലത്തു 427,000 ആളുകൾ പുതുതായി ചേർന്നു. അങ്ങിനെ ഭടശുശ്രൂഷകളുള്ള ജനങ്ങളിൽ 391,000 ആളുകൾ യുദ്ധക്കളത്തിലേക്കു പോയി. ഭടന്മാരും ശുശ്രൂഷകന്മാരും കൂടി 106,594 ആളുകൾ മരിച്ചു. ഇതായിരുന്നു അന്നു ഇന്ത്യാക്കാർ ചെയ്ത ആകെ സഹായം.

ഭടന്മാരുടെ ഭക്ഷണാവശ്യത്തിനു ഇവിടെനിന്നു 175,000 മൃഗങ്ങളെ കയറ്റി അയക്കുകയുണ്ടായി. യുദ്ധം നിലനിന്ന നാലുകൊല്ലവും കൊല്ലംതോറും ഇവിടെനിന്നു 2 കോടി പവൻ വീതം അയച്ചിരുന്നു. അതിനും പുറമെ ഇന്ത്യ 10 കോടി പവൻ ഇംഗ്ലണ്ടിനു സംഭാവനയായി കൊടുക്കുകയും ചെയ്തു.

ഇന്നത്തെ യുദ്ധത്തിൽ ഇന്ത്യാക്കാർ മുമ്പേത്തേതിലും വലുതായ സഹായം ചെയ്യുവരുന്നു.

അദ്ധ്യായം 26.

# ഭാരതീയ മഹാന്മാർ.

## എ. വിദ്യാഭ്യാസ നേതാക്കന്മാർ.

### I

## സർ സൈദ് അഹമ്മദ്.

ഈ മുസ്ലീംനേതാവു 1817 ഒക്ടോബർ 17-ന- ഭ്രജാതനായി. ദൽഹിയാണ് അദ്ദേഹത്തിന്റെ ജനനസ്ഥലം. ഒരു ഉൽകൃഷ്ട കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന്റെ പൂർവ്വികന്മാരെ മുഗിം ചക്രവത്തിമാർ നാനാതരത്തിൽ ബഹുമാനിക്കുകയുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ പിതാവു ദൽഹി ചക്രവത്തിയായ അക്ബർ ദ്വിതീയന്റെ സമാനകാലീനനും ചക്രവത്തിയുടെ ഒരു ഉത്തമ സ്നേഹിതനുമായിരുന്നു.

അന്നു ഇന്ത്യയിൽ ഇംഗ്ലീഷുവിദ്യാഭ്യാസത്തിനു ഇന്നുള്ളതു പ്രചാരം സിദ്ധിച്ചിരുന്നില്ല. അതുകൊണ്ടു കഥാനായകനു പറയത്തക്ക ഇംഗ്ലീഷു വിദ്യാഭ്യാസം ലഭിക്കുവാൻ സൌകര്യമുണ്ടായില്ല. എങ്കിലും അദ്ദേഹത്തിനു അന്നത്തെ രീതിയിലുള്ള വിദ്യാഭ്യാസം നേടുവാൻ സകല സൌകര്യങ്ങളുമുണ്ടായിരുന്നു.

കഥാനായകൻ ഇരുപതാമത്തെ വയസ്സിൽ തന്നെ ഇന്ത്യാ ഗവണ്മെൻറിൻെറ കീഴിൽ ഒരു ഉദ്യോഗസ്ഥനായി. അദ്ദേഹം പിരിയുന്നസമയത്തു ഒരു സബ്ജഡ്ജിയായിരുന്നു. 1857-ലെ ലഹളക്കാലത്തു അദ്ദേഹം 20 യൂറോപ്യന്മാരെ രക്ഷിച്ചു. അദ്ദേഹത്തിൻെറ ആ പ്രവൃത്തിയിൽ സംപ്രീതരായ ഗവണ്മെണ്ടു അദ്ദേഹത്തെ അത്യധികം ബഹുമാനിച്ചു.

മുസ്ലിമുകൾക്കു സാമുദായികമായും രാഷ്ട്രീയമായും അഭ്യുന്നതി വരുത്തേണമെന്നായിരുന്നു സർ സൈദിൻെറ ആഗ്രഹം. അതിനുള്ള ഏകമാർഗ്ഗം ഉൽകൃഷ്ടവിദ്യാപ്രചരണമായിരുന്നു. മുസ്ലീമുകളുടെ മാതൃഭാഷയായ ഉർദുവിൽ ഗ്രന്ഥങ്ങൾ നന്നേ കുറവായിരുന്നു. ആ കുറവുതീർക്കാനായിരുന്നു അദ്ദേഹത്തിൻെറ പ്രഥമപരിശ്രമം. ഒരു സംഘം പണ്ഡിതന്മാരെക്കൊണ്ടു അദ്ദേഹം ഉർദുവിൽ വളരെ ഉത്തമഗ്രന്ഥങ്ങൾ എഴുതിപ്പിച്ചു. അന്നത്തെ ഗ്രന്ഥങ്ങളിൽ പലതും ഇംഗ്ലീഷുഗ്രന്ഥങ്ങളുടെ തർജ്ജമയാണു്.

ഇംഗ്ലണ്ടിലെ വിദ്യാഭ്യാസസമ്പ്രദായം കണ്ടറിയേണമെന്നു സർ സൈദിനു ആഗ്രഹമുണ്ടായി. ആ ആവശ്യത്തിനു അദ്ദേഹം ഇംഗ്ലണ്ടിലേക്കുപോയി. 1869-ലാണു് അദ്ദേഹം ഇംഗ്ലണ്ടിലേക്കു പോയതു്. അന്നു ഇംഗ്ലീഷുഗവണ്മെണ്ടു അദ്ദേഹത്തിനു കെ. സി. എസ്സ്. ഐ. എന്ന സ്ഥാനംകൊടുത്തു.

ഇംഗ്ലീഷുവിദ്യാഭ്യാസ സമ്പ്രദായം കണ്ടു സന്തുഷ്ടനായ സർ സൈദു സ്വപുത്രനെ കെംബ്രിഡ്ജു് സർവ

കലാശാലയിൽ ചേർത്തു. ഈ പുത്രൻ പിന്നെ ഇന്ത്യൻ ജൂഡീഷ്യൽ സർവ്വീസിൽ മാന്യമായ ഒരു പദം അലംകരിച്ചു.

ഇന്ത്യയിലേക്കു മടങ്ങിയെത്തിയ കഥാനായകന്റെ ശ്രദ്ധാമുഴുവൻ വിദ്യാഭ്യാസകാര്യത്തിൽ പതിഞ്ഞു. കെംബ്രിഡ്ജിനെപ്പോലെ ഒരു സർവ്വകലാശാല ഇവിടെ സ്ഥാപിക്കേണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ഈ സംഗതിയെപ്പറ്റി സംസാരിച്ചപ്പോൾ അദ്ദേഹത്തിനു അനുകൂലികളായ ചില സ്നേഹിതന്മാരെ കിട്ടി. സർവ്വകലാശാലാ സ്ഥാപനത്തിനുള്ള പണം പിരിച്ചുണ്ടാക്കാമെന്നു അവരേറ്റു. ഇങ്ങിനെ സർ സൈദിന്റെയും സ്നേഹിതന്മാരുടേയും പരിശ്രമഫലമായി അന്നു അലിഗാറിൽ ആംഗ്ലോ-ഓറിയന്റൽ കോളേജു എന്നൊരു വിദ്യാമന്ദിരം സ്ഥാപിതമായി. പിന്നെ അതിനു മുഹമ്മദൻ ആംഗ്ലോ-ഓറിയന്റൽ കോളേജു എന്നു പേരായി. പുതിയ കോളേജിനു കല്ലിട്ടതു ലിറ്റൻ പ്രഭു എന്ന വൈസ്രോയിയായിരുന്നു. ഈ കോളേജാണു് ഇന്നത്തെ അലിഗാർ സർവ്വകലാശാലയായി വളർന്നതു്. ഇന്ത്യയിലെ ഏറ്റവും ഉൽകൃഷ്ടമായ സർവ്വകലാശാലകളിൽ ഒന്നാണിതു്. മുസ്ലിം സംസ്കാരപ്രചരണമാണു് സർവ്വകലാശാലയുടെ പ്രധാന ഉദ്ദേശം.

ഒരു നിയമജ്ഞൻ എന്ന നിലയിലും കഥാനായകനും സമുദായസേവനത്തിനു സാധിച്ചിട്ടുണ്ടു്. അദ്ദേഹം വടക്കു പടിഞ്ഞാറൻ സംസ്ഥാനത്തിലെ നിയമസഭയി

ലേയും വൈസറോയിയുടെ നിയമസഭയിലേയും അംഗമായിരുന്നിട്ടുണ്ട്.

1888-ൽ ചക്രവർത്തിനി തിരുമനസ്സുകൊണ്ട് അദ്ദേഹത്തിനു 'സർ' സ്ഥാനംകൊടുത്തു.

നമ്മുടെ കഥാനായകൻ 1898-ൽ ദിവംഗതനായി.

---

## II

# പണ്ഡിതർ മദനമോഹനമാളവ്യ

---

മദനമോഹനമാളവ്യ 1861 ഡിസംബർ 25-ാംനു അലഹബാദിൽ ജാതനായി. ഇദ്ദേഹം യഥാകാലം സംസ്കൃതപഠനം തുടങ്ങി. ഉൽകൃഷ്ടകുലജാതനായ ഒരു ബ്രാഹ്മണനു സംസ്കൃതജ്ഞാനം ഒഴിച്ചുകൂടാത്തതാണല്ലൊ. ധർമ്മജനോപദേശപാഠശാലയിലാണ് ഇദ്ദേഹം സംസ്കൃതപഠനം നടത്തിയതു്. പിന്നെ ഇദ്ദേഹം ഗവർണ്മെണ്ടു ഹൈസ്കൂളിൽ ചേർന്നു ഇംഗ്ലീഷുപഠിച്ചു. അനന്തരം കല്ക്കത്താസർവ്വകലാശാലയിൽ നിന്നു ബി. എ. പരീക്ഷ ജയിച്ചു് അദ്ദേഹം ഒരു അദ്ധ്യാപകനായി. രണ്ടുകൊല്ലം മാത്രമേ അദ്ദേഹം അദ്ധ്യാപകനായിരുന്നുള്ളു. അനന്തരം ഇദ്ദേഹം അലഹബാദു സർവ്വകലാശാലയിലെ എൽ. എൽ. ബി. പരീക്ഷജയിച്ചു ഒരു വക്കീലായി.

കാശിയിലെ ഹിന്ദുസർവ്വകലാശാലയുടെ സ്ഥാപകൻ എന്ന നിലയിലാണ് ഇദ്ദേഹത്തെ ഒരു വിദ്യാഭ്യാസ നായകൻ എന്ന നാം ഗണിക്കുന്നതു്. ആ സർവ്വകലാശാലാസ്ഥാപനത്തിനു ഇദ്ദേഹം ചെയ്ത പ്രവൃത്തി എത്രയും സ്തുത്യർഹമാണു്. 1916-ലാണു് സർവ്വകലാശാല സ്ഥാപിതമായതു്. അതിനു വേണ്ടി ഇദ്ദേഹം ഭാരതവർഷമെങ്ങും സഞ്ചരിച്ചു ഒരുകോടി ഉറുപ്പികയിലധികം ശേഖരിച്ചു. ഇങ്ങിനെ ഭാരതവർഷമാസകലം ചുറ്റിനടന്നു ധനശേഖരം ചെയ്തതുകൊണ്ടു ഒരു അത്ഥി എന്ന നിലയിൽ പ്രഥമസ്ഥാനത്തിനു ഇദ്ദേഹം തന്നെയാണു് അർഹനെന്നു മഹാത്മാഗാന്ധി പോലും സമ്മതിച്ചിരിക്കുന്നു. 1919 മുതൽ അടുത്ത കാലംവരെ ഇദ്ദേഹം കാശിയിലെ ഹിന്ദുസർവ്വകലാശാലയുടെ വൈസ് ചാൻസലറായിരുന്നു.

മദനമോഹനമാളവ്യ ഒരു വിദ്യാഭ്യാസനേതാവു മാത്രമല്ല. ഇദ്ദേഹം ഒരു സാമുദായികനേതാവും രാഷ്ട്രീയപ്രവർത്തകനും ക്രൂടിയാണു്. പ്രയാഗയിലെ സേവാസമിതിയുടെ നാഥനും സേവാസമിതി സന്നദ്ധസംഘത്തിലെ സ്കൗട്ടുപ്രസ്ഥാനത്തിന്റെ അധികാരിയുമാണദ്ദേഹം.

ഇദ്ദേഹം 1902 മുതൽ 1912 വരെ ഐക്യസ്ഥാനത്തിലെ നിയമനിർമ്മാണസഭയിലെ അംഗമായിരുന്നു. 1910 മുതൽ 1919 വരെ ഇദ്ദേഹം കേന്ദ്രനിയമനിർമ്മാണ സഭയിലെ അംഗമായിരുന്നിട്ടുണ്ടു്. വീണ്ടും 1924 മുതൽ 1930 വരേയും ഇദ്ദേഹം കേന്ദ്രനിയമനിർമ്മാണസഭയിൽ അംഗമായി ശോഭിച്ചു.

1916 മുതൽ 1918-വരെ അദ്ദേഹം വ്യവസായ കമ്മീഷനിലെ അംഗമായിരുന്നു.

കഥാനായകൻ ഒരു പത്രാധിപരുമാണ്. ഇന്ത്യൻ യൂനിയൻ, ഹിന്ദുസ്ഥാൻ, അഭ്യുദയം എന്നിങ്ങനെ 3 പത്രങ്ങളും ഇദ്ദേഹത്തിന്റെ ആധിപത്യത്തിൽ നടന്നിരുന്നു.

ഇദ്ദേഹം സനാതനധർമ്മമഹാസഭയുടെ നാഥനാണ്. 1923-ലെ വാഷ്ടികസമ്മേളനത്തിൽ ഹിന്ദുമഹാസഭയുടെ അദ്ധ്യക്ഷസ്ഥാനത്തെ അലങ്കരിച്ചതു കഥാനായകനാണ്.

നമ്മുടെ കഥാനായകൻ ഭാരതമഹാജനസഭയുടെ 1909-ലേയും 1919-ലേയും വാഷ്ടികസമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നു. പ്രായാധിക്യം നിമിത്തം ഇദ്ദേഹം ഇപ്പോൾ ഹിന്ദുസർവ്വകലാശാലയിലെ വൈസ് ചാൻസലർ പദത്തിൽനിന്നു ഒഴിഞ്ഞിരിക്കുകയാണ്.

III

# സർ ആശുതോഷ്മുക്കർജി.

ആശുതോഷ്മുക്കർജി 1864-ൽ ജ്ജാതനായി. അ ദ്ദേഹം വിദ്യാഭ്യാസം തുടങ്ങിയതു കൽക്കത്തയിലെ പ്രൂ സിഡൻസി കാളേജിലാണു്. പിന്നെ അദ്ദേഹം കൽക്ക ത്തയിലെ സിറിക്കോളേജിൽ ചേൎന്നു പഠിച്ചു. 1884-ൽ ബി. ഏ പരീക്ഷജയിച്ചു. പിറെകൊല്ലം കഥാനായകൻ എം. ഏ. പരീക്ഷയും ജയിച്ചു. അന്നു അദ്ദേഹം ഗണിത ശാസ്ത്രത്തിൽ ഒന്നാമനായാണു് ജയിച്ചതു്. 1886-ൽ അ ദ്ദേഹം പ്രേമചന്ദ്രറോയി ചന്ദ്ര സ്റ്റുഡൻഷിപ്പു നേടി. അക്കാലത്തിന്നിടയിൽത്തന്നെ അദ്ദേഹം ഏഷ്യാററിക്ക സൊസൈററിയിലെ ഒരംഗമായി ചേൎന്നു ഗണിതശാസ്ത്ര ത്തിൽ ചില ഗവേഷണങ്ങളും നടത്തി അവയുടെ ഫല ങ്ങളെ പ്രസിദ്ധപ്പെടുത്തി. ആ പ്രസിദ്ധീകരണങ്ങളെ പിന്നീടു കേംബ്രിഡ്ജു് സർവകലാശാലക്കാർ അവരുടെ പാഠ്യപുസ്തകങ്ങളിൽ ഉൾപ്പെടുത്തുകയുണ്ടായി. 1888-ൽ അദ്ദേഹം ഒരു വക്കീലായി. ശാസ്ത്രപഠനത്തിനു വേണ്ടി സ്ഥാപിതമായിരുന്ന ഇൻഡ്യൻ അസോസിയേഷൻ എന്ന സംഘത്തിൽ അദ്ദേഹം 1887 മുതൽ 1892-വരെ ഗണിതശാസ്ത്ര പ്രൊഫസറായിരുന്നു. 1897-ൽ സർ മുക്കർജി കൽക്കത്താ സൎവ്വകലാശാലയിലെ ടാഗോർ നിയമ പ്രൊഫസരുമായി.

അതിബുദ്ധിമാനായ നമ്മുടെ കഥാനായകനു മാന്യ പദവികളും തുടരെത്തുടരെ ലഭിച്ചിരുന്നതിൽ അത്ഭുതമി

ല്ലല്ലൊ. 1899-ൽ അദ്ദേഹം കൽക്കത്ത സർവ്വകലാശാല യുടെ പ്രതിനിധി എന്ന നിലയിൽ ബങ്കാളിലെ നിയമ നിർമ്മാണസഭയിലെ ഒരംഗമായി. 1901-ലും അദ്ദേഹ ത്തിനു ആ പദവി ലഭിച്ചു. 1903-ൽ കേന്ദ്രനിയമനിർമ്മാ ണസഭയിലേക്കു അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടി വന്നു. അന്നു ബങ്കാളത്തിൽ നിന്നുള്ള ഒരു സ്ഥാനത്തിനു് 3 പുരുഷകേസരികൾ തക്കിക്കുവാൻ തയ്യാറായി. അവർ ദർഭംഗയിലെ മഹാരാജാവു്, സർ സുരേന്ദ്രനാഥബാ നർജി, സർ ആശുതോഷമുക്കർജി എന്നീ ത്രിമൂർത്തിക ളായിരുന്നു. അവരിൽ സർ മുക്കർജിയാണു് വിജയം കര സ്ഥമാക്കിയതു്. 1904-ൽ അദ്ദേഹം കൽക്കത്താ ഹൈ ക്കോടതിയിലെ ജഡ്ജിയായി. ഒരു ജഡ്ജി എന്ന നിലയിൽ അദ്ദേഹം കല്ക്കത്താ ഹൈക്കോടതിയിലെ ജഡ്ജിമാരുടെ പരമ്പരാ നയവിശേഷത്തെ നിലനിർത്തിവന്നു. അദ്ദേഹ ത്തിന്റെ വിധികൾ അഭേദ്യങ്ങളായിരുന്നു. അദ്ദേഹ ത്തിന്റെ നിയമജ്ഞാനം അവയിൽ എവിടേയും തിള ങ്ങിയിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിനു അഞ്ച ദിവസം മുമ്പുവരെ അദ്ദേഹം ജഡ്ജിപദം അലങ്കരി ച്ചിരുന്നു.

ഒരു വിദ്യാഭ്യാസനേതാവു എന്ന നിലയിലാണു് അദ്ദേഹം ഏറ്റവും സുപ്രസിദ്ധനായിട്ടുള്ളതു്. 1906 മുതൽ അദ്ദേഹം കല്ക്കത്തസർവ്വകലാശാലയുടെ വൈസ്- ചാൻസലറായിരുന്നു. ഭാരതീയ സർവ്വകലാശാലകളിൽ ഇന്നു പ്രഥമസ്ഥാനം അർഹിക്കുന്നതു കല്ക്കത്താസർവ്വ കലാശാലയാണു്. അതിനു കാരണം സർ മുക്കർജി യാണു്. വിദ്യാഭ്യാസകാര്യത്തിൽ സർവ്വകലാശാലക്കാക്കു

പരിപൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തം. അക്കാര്യത്തിൽ ഭാരതീയരെയാസകലം അദ്ദേഹം പ്രബുദ്ധരാക്കി. കല്ക്കത്താ സർവ്വകലാശാലാ കമ്മീഷൻ, ഇന്ത്യൻ സർവ്വകലാശാലാ കമ്മീഷൻ എന്നിവയിൽ അദ്ദേഹം അംഗമായിരുന്നിട്ടുണ്ട്. ഭാരതീയർക്കു വിദ്യാഭ്യാസത്തെയും, സംസ്കാരത്തെയും, നീതിന്യായത്തെയും സംബന്ധിച്ചുള്ള കാര്യങ്ങളിൽ അദ്ദേഹം നൽകിയ നേതൃത്വം എന്നും അവർ കൃതജ്ഞതയോടെ സ്മരിക്കുന്നതാണു്. ആഡംബരരഹിതമായ ഒരു ജീവിതമാണു് അദ്ദേഹം നയിച്ചിരുന്നതു്. ബങ്കാളത്തിലെ ഏഷ്യാറ്റിക്കു സൊസൈറ്റിയുടെ നാഥനെന്ന നിലയിൽ ഭാരതീയസംസ്കാരത്തിന്റെ മഹിമ പാശ്ചാത്യരെ ധരിപ്പിക്കുവാൻ അദ്ദേഹം ചെയ്തിട്ടുള്ള പരിശ്രമം എത്രയും ഫലവത്തായി.

ഈ ഭാരതീയ സന്താനം 1924 മേയി 25-ാംനു- കാലധർമ്മം പ്രാപിച്ചപ്പോൾ ഭാരതീയരാസകലം സന്താപസമുദ്രത്തിൽ ആമഗ്നരായി.

---

I

# മഹാദേവഗോവിന്ദറാനഡെ.

ബോംബെ സംസ്ഥാനത്തിലെ നാസികജില്ലയിലാണ് കഥാനായകൻ ജാതനായതു്. അദ്ദേഹം ജനിച്ചതു് 1842 ജനുവരി 18-ാംനു-യാണ്. അദ്ദേഹം വളരെ ഉൽകൃഷ്ടമായ ഒരു ബ്രാഹ്മണകുലത്തിലാണ് ജനിച്ചതു്. അദ്ദേഹത്തിന്റെ പിതാവിന്നു് ഗോവിന്ദറാവു എന്നാണു് പേരു്. ഗോവിന്ദറാവു കൊൽഹാപുരം രാജാവിന്റെ പ്രൈവറ്റു് സിക്രട്ടറിയായിരുന്നു.

അദ്ദേഹം ആറാമത്തെ വയസ്സിൽ മറാട്ടിഭാഷ പഠിക്കുവാൻ തുടങ്ങി. പിന്നെ അദ്ദേഹം ഇംഗ്ലീഷുപഠനവും ആരംഭിച്ചു. പഠനകാര്യത്തിൽ അദ്ദേഹം ഏകാഗ്രചിത്തനായിരുന്നു.

അദ്ദേഹത്തിന്നു് 12 വയസ്സു പ്രായമായപ്പോൾ മാതാവായ ഗോപികാബായി കാലധർമ്മം പ്രാപിച്ചു. പിന്നെ അദ്ദേഹം താമസം ബോംബയിലേക്കു മാറ്റി. ഉപരിവിദ്യാഭ്യാസത്തിനു വേണ്ടിയാണു് അങ്ങിനെചെയ്തതു്. അദ്ദേഹം 20-ാമത്തെ വയസ്സിൽ ബി. ഏ. യും താമസം കൂടാതെ എം. ഏ. യും ജയിച്ചു. പിന്നെ അദ്ദേഹം എൽഫിൻസ്റ്റൻ കോളേജിൽ ഒരദ്ധ്യാപക

ന്നായി. അധികം താമസിക്കാതെ എൽ. എൽ. ബി. പരീക്ഷയും അദ്ദേഹം ജയിച്ചു. അന്നുതന്നെ അദ്ദേഹം ബോംബെ സർവ്വകലാശാലയിലെ ഒരു ഫെല്ലോ ആയിരുന്നു.

1866-ൽ അദ്ദേഹത്തെ ബോംബെ ഗവണ്മെണ്ടു പൌരസ്തഭാഷാപരിഭാഷകനായി നിയമിച്ചു. മറാട്ടി ഭാഷയിൽ അപ്പഴപ്പോൾ പ്രസിദ്ധംചെയ്തിരുന്ന പുസ്തകങ്ങളെ ഇംഗ്ലീഷിലേക്കു തർജ്ജിമചെയ്യുകയായിരുന്നു അദ്ദേഹത്തിന്റെ പ്രവൃത്തി. അധികം താമസിക്കാതെ അദ്ദേഹം പൂനയിൽ ഒരു സബ്ജഡ്ജിയായി.

അന്നു മഹാരാഷ്ട്രത്തിലാസകലം ഒരിളക്കം തട്ടിയിരുന്നു. ഇംഗ്ലീഷുവിദ്യാഭ്യാസപ്രചരണമായിരുന്നു അതിനു കാരണം. സമുദായത്തിൽ നിലനിന്നുവന്ന ശൈശവവിവാഹം, സ്ത്രീധനം കൊടുക്കൽ മുതലായ സമ്പ്രദായങ്ങളെ നിരുത്തൽ ചെയ്യേണമെന്നായിരുന്നു പരിഷ്കൃതാശയന്മാരുടെ അഭിപ്രായം. ഈ കാര്യങ്ങൾ സിദ്ധിക്കുവാൻ വേണ്ടി അന്നു രാജ്യത്തു പല സഭകളും സ്ഥാപിതമായി. അവയിൽ ഒന്നായിരുന്നു വിധവാവിവാഹസഭ. അതിലെ ഒരംഗമായിരുന്നതിനാൽ അദ്ദേഹത്തെ ശങ്കരാചാര്യർ സമുദായത്തിൽനിന്നു ബഹിഷ്കരിച്ചു.

റാനഡെ സബ്ജഡ്ജിയായി പൂനയിൽ വരുന്നതിനു മുമ്പുതന്നെ സാർജനീകസഭ എന്നൊരു സമാജം സ്ഥാപിതമായിരുന്നു. പൌരന്മാരുടെ അവശതകളെപ്പറ്റി ഗവണ്മെണ്ടിനെ അറിയിക്കുക എന്നതായിരുന്നു സഭയുടെ

ഉദ്ദേശം. റാനഡെ ആ സഭയുടെ നാഥനായിരുന്നു. മഹാരാഷ്ട്രത്തിലെ ജനങ്ങളുടെ ദാരിദ്ര്യസ്ഥിതിക്കു കാരണം ഗവണ്മെണ്ടിന്റെ റവന്യൂനയമാണെന്നു റാനഡെ 1871-ൽ വെളിപ്പെടുത്തി. ഇന്ത്യയ്ക്കു ഉത്തരവാദിത്വഭരണം ലഭിക്കേണ്ടതാണെന്നു ഒരു ഹർജി 1874-ൽ റാനഡെ പാർലിയമെണ്ടിലേക്കയച്ചു.

റാനഡെ പൂനയിൽ താമസിച്ചിരുന്ന കാലത്തു അവിടത്തെ ചില ഗവണ്മെണ്ടു കെട്ടിടങ്ങൾ തീപിടിച്ചു. അങ്ങിനെയുണ്ടായ നാശത്തിനു റാനഡെയും ഉത്തരവാദിയായിരിക്കുമെന്നു സംശയിച്ചു ഗവണ്മെണ്ടു അദ്ദേഹത്തെ അവിടെ നിന്നുമാറ്റി. അദ്ദേഹം നിരപരാധിയാണെന്നു അല്പകാലത്തിനുള്ളിൽ ഗവണ്മെണ്ടു ധരിക്കുകയും അദ്ദേഹത്തെ ബോംബെയിലെ പ്രസിഡൻസി മജിസ്ട്രേട്ടായി നിയമിക്കുകയുംചെയ്തു. പിന്നെ ഗവണ്മെണ്ടു അദ്ദേഹത്തെ പൂനയിലെ സബ്ജഡ്ജിയാക്കി. അവിടെ നിന്നു അദ്ദേഹം സ്പെഷൽജഡ്ജിയായി.

ഇന്ത്യയിലെ ആയവ്യയങ്ങളെക്കുറിച്ചു പര്യാലോചനചെയ്തു റിപ്പോർട്ടു ചെയ്യാൻ 1886-ൽ ഒരു കമ്മിറ്റി നിയമിതമായി. അതിൽ ബോംബെ ഗവണ്മെണ്ടിന്റെ പ്രതിനിധി മിസ്റ്റർ റാനഡെയായിരുന്നു. അന്നു അദ്ദേഹം ചെയ്ത പ്രവൃത്തിയെ അഭിനന്ദിച്ചു ഇന്ത്യാഗവണ്മെണ്ടു അദ്ദേഹത്തിനു സി. ഐ. ഇ എന്ന സ്ഥാനം നൽകി.

1893-ൽ അദ്ദേഹം ബോംബെ ഹൈക്കോടതിയിയിലെ ജഡ്ജിയായി. ഒമ്പതു കൊല്ലത്തോളം അദ്ദേഹം

ആ ഉദ്യോഗം വഹിച്ചു. അക്കാലത്തു അദ്ദേഹം സർവ്വരുടേയും പ്രശംസക്കു പാത്രമായിത്തീർന്നു.

അക്കാലത്തും സമുദായ പരിഷ്കാരകാര്യത്തിൽ അദ്ദേഹം ഉത്സാഹിച്ചുകൊണ്ടിരുന്നു. 1885-ലാണല്ലോ ഭാരതീയ മഹാജനസഭ സ്ഥാപിതമായതു്. അക്കൊല്ലംതന്നെ സമസ്തഭാരതീയസഭ എന്നൊരു സംഘവും സ്ഥാപിതമായി. അതിന്റെ നായകൻ കഥാപുരുഷനായിരുന്നു.. ഒരു സൈന്യാധിപതിയുടേയും ഒരു സമുദായ പരിഷ്കാരിയുടേയും നിലയിൽ മാത്രമല്ല അദ്ദേഹം പ്രഖ്യാതനായതു്. അദ്ദേഹം ഒരു ചരിത്രകാരനും, ഒരു രാഷ്ട്രീയനേതാവും, ഒരു ധനതന്ത്രജ്ഞനും കൂടിയായിരുന്നു.

1895-ാംമാണ്ടു മുതൽതന്നെ റാനഡെയ്ക്കു ശരീരസുഖമില്ലാതായി. എങ്കിലും അദ്ദേഹം പതിവുപോലെയുള്ള പണികൾ നോക്കിവന്നു. 1901-ാമാണ്ടായപ്പോഴേക്കും അദ്ദേഹത്തിന്റെ സുഖക്കേടു വർദ്ധിച്ചു. അക്കൊല്ലം ജനുവരി 12-നു കഥാപുരുഷൻ ദിവംഗതനായി.

II

# ഗോപാലകൃഷ്ണ ഗോഖലെ

ഗോപാലകൃഷ്ണഗോഖലെ 1866-ൽ കൊൽഹാപുരം എന്ന സ്ഥലത്തു ജാതനായി. നന്നേ ദരിദ്രമായ ഒരു കുടുംബത്തിലാണു് അദ്ദേഹം ജനിച്ചതു്. അദ്ദേഹം യഥാകാലം ഇംഗ്ലീഷു വിദ്യാഭ്യാസം ആരംഭിച്ചു. കൊൽഹാപുരത്തിലെ കോളേജിൽനിന്നു ഇൻടർമീഡിയറു പരീക്ഷ ജയിച്ചു് അദ്ദേഹം ബോംബെയിലെ എൽഫിൻസ്റ്റൻകോളേജിൽ ചേന്നു. അദ്ദേഹം 18-ാമത്തെ വയസ്സിൽ ബി. എ. പരീക്ഷ ജയിച്ചു. അന്നു ബോംബെയിൽ ദക്കാൻ വിദ്യാഭ്യാസസംഘം എന്നൊരു സംഘമുണ്ടായിരുന്നു. ബി. എ. പരീക്ഷ ജയിച്ച ഉടനെ കഥാനായകൻ അതിലെ ഒരംഗമായി. 1885-ൽ കഥാനായകൻ ഫെർഗ്രൂസൻ കോളേജിലെ ഒരു പ്രൊഫസർ സ്ഥാനം സ്വീകരിച്ചു. 1902-ൽ അദ്ദേഹം ഭാരതീയ ഭൃത്യജനസംഘം എന്നു പേരായി പുതിയ ഒരു സമാജം സ്ഥാപിച്ചു. പൂനയിലെ സാമൂഹിക സഭക്കാർ ത്രൈമാസികമായി ഒരു പത്രം നടത്തിയിരുന്നു. അതിന്റെ അധിപസ്ഥാനം 1887-ൽ തന്നെ കഥാനായകൻ കൈയേറിരുന്നു. പൂനയിൽനിന്നു പ്രസിദ്ധം ചെയ്തിരുന്ന മറെറാരു പത്രമായിരുന്ന സുധാരക. ഗോഖലെ കൂറെകാലത്തേക്കു അതിന്റെയും പത്രാധിപരായിരുന്നു. ബോംബെ സംസ്ഥാന കോൺഫ്റൻസിന്റെ സെക്രട്ടറി സ്ഥാനം 4 കൊല്ലം തുടർച്ചയായി അദ്ദേഹം കൈയേറു. 1895-ൽ സ്ഥാപിതമായ ദക്കാൻ സഭയുടെസെക്രട്ടറിയും അദ്ദേഹമായിരുന്നു. 1905-ൽ ഭാരത മഹാജനസഭയുടെ

വാർഷികസമ്മേളനം പൂനയിൽ വച്ചാണ് നടന്നത്. അന്ന കഥാനായകനായിരുന്ന സെക്രട്ടറി.

ഇങ്ങിനെ രാഷ്ട്രീയകാര്യങ്ങളിൽ മാത്രമല്ല കഥാനായകന്ന പ്രതിപത്തിയുണ്ടായിരുന്നത്. 1900, 1901 എന്നീ രണ്ടുകൊല്ലങ്ങളിൽ അദ്ദേഹം ബോംബെയിലെ നിയമനിർമ്മാണസഭയിലെ അംഗമായിരുന്ന. 1902-മുതൽ അദ്ദേഹം വൈസറോയിയുടെ നിയമനിർമ്മാണസഭയിലെ അംഗവുമായിരുന്ന. അദ്ദേഹത്തിന്റെ ചരമദിനം വരെ അദ്ദേഹം വൈസറോയിയുടെ നിയമസഭയിലെ അംഗസ്ഥാനത്തിരുന്ന.

1909 ലെ മിന്റോ-മോർലിപരിഷ്കാരം ഏർപ്പെടുത്തുന്നതിൽ കഥാനായകൻ വളരെ ഉത്സാഹിക്കുകയുണ്ടായി. ആ പരിഷ്കാരംകൊണ്ടു തൃപ്തിപ്പെട്ടവരിൽ ഒരാളായിരുന്ന അദ്ദേഹം. ഗോഖലെ മിതവാദികക്ഷിയുടെ നേതാവായിരുന്ന. രാഷ്ട്രീയകാര്യത്തിൽ ഭാരതീയരുടെ സാഹസകർമ്മങ്ങളെ അദ്ദേഹം കഴിയുന്നത്ര ആക്ഷേപിച്ചു.

ഗവണ്മെണ്ടിന്റെ ധനനയത്തെ അദ്ദേഹം കർശനമായി വിമർശനം ചെയ്തു. കഴ്സൻപ്രഭുവിന്റെ കാലത്തു ധനം കെട്ടിവച്ചിരുന്ന. അതിൽ നിന്ന വിദ്യാഭ്യാസം, പൊതുജനാരോഗ്യം മുതലായ സംഗതികൾക്കു പണം ചെലവു ചെയ്യേണ്ടതാണെന്ന അദ്ദേഹം യുക്തിയുക്തം സമർത്ഥിച്ചു.

അന്ന് ദക്ഷിണാഫ്രിക്കയിൽ താമസമാക്കിയിരുന്ന ഭാരതീയരുടെ അവശതകളെ കഴിയുന്നത്ര നീക്കം ചെയ്വാൻ അദ്ദേഹം ആവുന്ന യത്നം ചെയ്തു.

ഇങ്ങിനെ നാനാമുഖങ്ങളായ ഉദ്യമങ്ങളിൽ വിജയം പ്രാപിച്ചുകൊണ്ടിരുന്ന നമ്മുടെ കഥാനായകൻ 1915 ഫെബ്രുവരി 18-ാംനു- രാത്രി ദിവംഗതനായി.

അദ്ദേഹം 18-ാമത്തെ വയസ്സിൽ ഒരു ബി. എ. ക്കാരനും; 20-ാമത്തെ വയസ്സിൽ ഒരു പ്രൊഫസരും; 21-ാമത്തെ വയസ്സിൽ ഒരു പത്രാധിപരും; 25-ാമത്തെ വയസ്സിൽ സംസ്ഥാനകോൺഫറൻസിന്റെ സെക്രട്ടറിയും; 29-ാമത്തെ വയസ്സിൽ ഭാരതീയമഹാജനസഭയുടെ വാഷ്ിക സമ്മേളനത്തിലെ സെക്രട്ടറിയും; 31-ാമത്തെ വയസ്സിൽ രാജകീയകമ്മീഷന്റെ മുമ്പാകെ ഒരു സാക്ഷിയും; 34-ാമത്തെ വയസ്സിൽ സംസ്ഥാന നിയമ സഭയിലെ അംഗവും; 39-ാമത്തെ വയസ്സിൽ ഭാരതീയ മഹാജനസഭയുടെ വാഷ്ികസമ്മേളനത്തിലെ അദ്ധ്യക്ഷനും; 40-ാമത്തെ വയസ്സിൽ ഗവണ്മേണ്ടിന്റെ പ്രതിനിധിയും ആയിരുന്നു. ഇതിലധികം മറെറന്തൊന്നാണു് ആയുഷ്കാലത്തു മനുഷ്യനു സാധിക്കേണ്ടതു്?

ഗോഖലെ മുൻപറഞ്ഞ റാനഡെയുടെ ശിഷ്യനായിരുന്നു.

---

## ഭാരതീയ ഭൃത്യജനസംഘം.

ഇങ്ങിനെ ഒരു സംഘം സ്ഥാപിച്ചതു മിസ്റ്റർ ഗോഖലെയാണെന്നു മുമ്പു പറഞ്ഞുവല്ലൊ.

താഴെ കാണുന്ന ഉദ്ദേശത്തോടുകൂടിയാണു് ഈ സംഘം ഏർപ്പെടുത്തിയിരിക്കുന്നതു്.

1. ദൃഷ്ടാന്തം വഴിക്കും ഉപദേശം കൊണ്ടും ജനങ്ങളുടെ ഇടയിൽ ജന്മഭൂമിയെപ്പറ്റി അളവറ്റ വാത്സല്യം ജനിപ്പിക്കുക. ആ വാത്സല്യം ത്യാഗത്തിലും പ്രവൃത്തിയിലും കാണിക്കുക.

2. രാഷ്ട്രീയ വിദ്യാഭ്യാസ പദ്ധതിയേയും രാഷ്ട്രീയവിപ്ലവസരണിയേയും ഏറ്റെടുത്തുക. രാഷ്ട്രീയസംഗതികളെക്കുറിച്ചു സൂക്ഷ്മമായി ചിന്തിച്ചു രാഷ്ട്രീയജീവിത പദ്ധതിയെ നയിക്കുക.

3. ജന്മഭൂമിയിലെ നാനാജാതി മതസ്ഥന്മാർ തമ്മിൽ ഐകമത്യവും പരസ്പരാശ്രയ ബോധവും ഉള്ളവാക്കുക.

4. സ്ത്രീ വിദ്യാഭ്യാസം, അധഃകൃത വിദ്യാഭ്യാസം, വ്യാവസായികവും ശാസ്ത്രപരവുമായ വിദ്യാഭ്യാസം എന്നിവയിൽ ശ്രദ്ധവയ്ക്കുക.

5. രാജ്യത്തെ വ്യവസായങ്ങളെ പുഷ്ടിപ്പെടുത്തുക.

6 അധഃകൃതവർഗ്ഗക്കാരെ ഉന്നമിപ്പിക്കുക.

സംഘത്തിന്റെ പ്രധാനആപ്പീസ് പൂനയിലാണ്. സംഘാംഗങ്ങൾക്കു താമസിക്കുവാൻ അവിടെ ഒരു മന്ദിരം ഉണ്ട്. മന്ദിരത്തോടു അനുബന്ധിച്ചു ഒരു വായനശാലയും സ്ഥാപിതമായിരിക്കുന്നു.

ഈ സംഘം 1905 ജൂൺ 12-ാംനു-യാണു് സ്ഥാപിതമായതു്.


# III

# മഹാത്മാഗാന്ധി

കത്തിയവാറിലുള്ള രാജക്കോട്ട എന്ന രാജ്യത്താണ് ഗാന്ധി ജാതനായത്. അദ്ദേഹത്തിന്റെ പിതാവു കാബാ ഗാന്ധിയും മാതാവു പുട്ടിലി ബായിയുമാണ്. ഗാന്ധികുടുംബക്കാർ പഴയകാലംമുതൽതന്നെ കത്തിയവാറിലെ ഇന്ത്യൻ രാജ്യങ്ങളിലെ ദിവാന്മാരായിരുന്നു. കാബാ ഗാന്ധി പൊർബന്തർ എന്ന രാജ്യത്താണ് ദിവാനായിരുന്നത്.

1869 ഒക്ടോബർ 2-ാംനു-യാണ് ഗാന്ധിയുടെ ജനനം. മാതാപിതാക്കന്മാർ കുട്ടിക്കു മോഹനദാസകർമ്മചന്ദ്രഗാന്ധി എന്നു നാമകരണം ചെയ്തു. മോഹനദാസൻ ഏഴാമത്തെ വയസ്സിൽ വിദ്യാഭ്യാസം തുടങ്ങി. 18-ാമത്തെ വയസ്സിൽ അദ്ദേഹം മെടിക്കുലേഷൻ പരീക്ഷ ജയിച്ചു. കോളേജിൽചേർന്നു ഉപരിവിദ്യാഭ്യാസം നടത്തേണമെന്നാണു അദ്ദേഹം ആദ്യം ആലോചിച്ചതു്. പക്ഷേ, ചില സ്നേഹിതന്മാരുടെ ഉപദേശപ്രകാരം അദ്ദേഹം നിയമം പഠിക്കുവാൻ ഇംഗ്ലണ്ടിലേക്കു പോകുവാൻ തീച്ചയാക്കി. അവിടെ ചെന്നു ലണ്ടനിലെ സവ്വകലാശാലയിൽനിന്നു ബാരിസ്റ്റർ ബിരുദനേടി അദ്ദേഹം സ്വദേശത്തു് തിരിച്ചെത്തി.

ഉടനേ അദ്ദേഹം ബോംബെ ഹൈക്കോടതിയിൽ വക്കീലായി ചേർന്നു. പക്ഷേ, ഒരു വക്കീൽ എന്ന നിലയിൽ അദ്ദേഹത്തിനു വിജയം കരസ്ഥമായില്ല.



മഹാത്മാഗാന്ധി

പിന്നെയാണു് അദ്ദേഹം തെക്കേ ആഫ്രിക്കയിലേക്കു പുറപ്പെട്ടതു്. ബോംബെയിലെ ഒരു കമ്പനിക്കാരുടെ ആവശ്യത്തിന്നാണു് അദ്ദേഹം അങ്ങോട്ടു പോ

യതു്. തെക്കെ ആഫ്രിക്കയിൽ അന്നു ഇന്ത്യക്കാരുടെ സ്ഥിതി വളരെ ശോചനീയമായിരുന്നു. അവക്കു് അവിടെ യാതൊരു തരത്തിലുള്ള സ്വാതന്ത്ര്യവുമുണ്ടായിരുന്നില്ല. തീവണ്ടിയിൽ ഒന്നാംക്ലാസ്സിൽ യാത്ര ചെയ്യാൻപോലും ഇന്ത്യക്കാക്കധികാരമുണ്ടായിരുന്നില്ല.

ബോംബെയിലെ ഒരു കമ്പനിക്കാരുടെ ഒരു കേസ്സിൽ അത്യാവശ്യമായ ഉപദേശം കൊടുക്കുകയായിരുന്നു ഗാന്ധിക്കു് തെക്കെ ആഫ്രിക്കയിലുണ്ടായിരുന്ന പണി. ആ കേസ്സു മദ്ധ്യസ്ഥതയിൽ തീർന്നു. അതുകൊണ്ടു് അദ്ദേഹം തിരികെ ഇന്ത്യയിലേക്കു പുറപ്പെട്ടു. കപ്പൽ കയറാൻ തയാറായ സമയത്താണു് 'ഇന്ത്യൻ സമ്മതിദാനാവകാശം' എന്നൊരു കുറിപ്പു അദ്ദേഹം പത്രത്തിൽ കണ്ടതു്. അദ്ദേഹം യാത്ര നിത്തിവച്ചു. പിന്നെ അദ്ദേഹം 3 കൊല്ലം തെക്കെ ആഫ്രിക്കയിൽതാമസിച്ചു. അന്നാണു് അദ്ദേഹം നെറ്റാൽ ഇന്ത്യൻകോൺഗ്രസ്സു സ്ഥാപിച്ചതു്. അനന്തരം കഥാനായകൻ ജന്മഭൂമിയിലേക്കു തന്നെ മടങ്ങി. ഇവിടെ അദ്ദേഹം കുറച്ചു കാലമേ താമസിച്ചുള്ളൂ.

1896-ൽ അദ്ദേഹം വീണ്ടും തെക്കെആഫ്രിക്കയിലേക്കു പോയി. അപ്പോൾ അദ്ദേഹം അവിടെ 5 കൊല്ലം താമസിച്ചു. തെക്കെ ആഫ്രിക്കയിൽ അന്നുണ്ടായിരുന്ന ഇന്ത്യക്കാരുടെ ഇടയിൽ സാമുദായികമായും രാഷ്ട്രീയമായും ഒരു ഉണർവുണ്ടാക്കാൻ അന്നു ഗാന്ധിക്കു സാധിച്ചു. അദ്ദേഹം അന്നവിടെ ഇന്ത്യൻ ഒപ്പീനിയൻ എന്നൊരു പത്രം പ്രസിദ്ധപ്പെടുത്തി. അന്നു് അദ്ദേഹം

മൂന്നു തവണ തടവിൽ കിടന്നു. അദ്ദേഹത്തിന്റെ സുപ്ര സിദ്ധമായ സത്യഗ്രഹാനുഷ്ഠാനം അവിടെയാണു് അദ്ദേ ഹം ഒന്നാമതായി നിർവ്വഹിച്ചതു്.

കഥാനായകൻ ഇന്ത്യയിൽ തിരിച്ചെത്തിയ ശേഷം ഗോഖലയെ തന്റെ ഗുരുനാഥനായി സ്വീകരിച്ചു.

1914-ൽ തുടങ്ങി 1918-ൽ അവസാനിച്ച മഹാ ഘോരമായ യൂറോപ്യൻയുദ്ധത്തിൽ ഇംഗ്ലണ്ടിനെ സഹാ യിപ്പാൻ അദ്ദേഹം ആവുന്ന യത്നം ചെയ്തു.

1919-ൽ ഇന്ത്യാഗവണ്മെണ്ടു പാസ്സാക്കിയ റൌല റ്റുബിൽ എന്ന നിയമമാണു് കഥാനായകനെ രാഷ്ട്രീ യ നേതാവാക്കിയതു്. അക്കൊല്ലം ഏപ്രിൽ 6-ാംനു- ഇന്ത്യക്കാരാസകലം ആ നിയമത്തിന്നെതിരായി സത്യ ഗ്രഹം അനുഷ്ഠിച്ചു. ഇന്ത്യയിൽ രാഷ്ട്രീയകാര്യങ്ങൾ ത്വരിതഗതിയിൽ നടന്നുവന്നു. 1920 സെപ്തംബറിൽ കൽക്കത്തയിൽ വച്ചു ഭാരതമഹാജനസഭയുടെ ഒരു പ്ര ത്യേക സമ്മേളനം നടന്നു. അന്നു ഇന്ത്യക്കാർ ഗവണ്മെ ണ്ടുമായി നിസ്സഹകരിക്കേണമെന്ന ഒരു പ്രമേയം സഭ ക്കാർ സ്വീകരിച്ചു. നിസ്സഹകരണം മുറയ്ക്കു നടന്നുവന്നു. 1922-ൽ നിയമലംഘനവും തുടങ്ങുവാൻ കഥാനായകൻ തീർച്ചയാക്കി. പക്ഷേ, അന്നു് അതു വേണ്ടിവന്നില്ല. 1922 മാർച്ചു് 10-ാംനു- കഥാനായകനെ ഗവണ്മെണ്ടു തടവിലാക്കി. അന്നു് അദ്ദേഹത്തിനു 6 കൊല്ലത്തെ വെറും തടവു ശിക്ഷയാണു് നിശ്ചയിക്കപ്പെട്ടതു്. പക്ഷേ, ഗവണ്മെണ്ടു അദ്ദേഹത്തെ ഉടനെ വിമുക്തനാക്കി.

ഭാരതീയ മഹാജനസഭയുടെ 1924-ലെ സമ്മേളനത്തിൽ കഥാനായകനാണ് അദ്ധ്യക്ഷനായിരുന്നതു്. പിന്നെ അദ്ദേഹം തെക്കെ ഇന്ത്യയാസകലം ചുറ്റിസ്സഞ്ചരിച്ചു. 1930-ൽ അദ്ദേഹം നിയമലംഘനപ്രസ്ഥാനം ആരംഭിച്ചു. ഗവണ്മെണ്ടു അദ്ദേഹത്തെ തടവിലാക്കി. പക്ഷേ, 1931-ൽ ഗവണ്മെണ്ടു അദ്ദേഹത്തെ വിമുക്തനാക്കി.

ഇതിന്നിടയിൽ ലോകം കഥാനായകനെ മഹാത്മാവു എന്നു വിളിക്കുവാൻ തുടങ്ങിയിരുന്നു.

1931-ൽ ഇംഗ്ലണ്ടിൽവച്ചു നടന്ന രണ്ടാം വട്ടമേശസമ്മേളനത്തിനു മഹാത്മജി പോയിരുന്നു. അതു കഴിഞ്ഞു അദ്ദേഹം ഇവിടെ തിരിച്ചെത്തിയ ഉടനെ ഗവണ്മെണ്ടു അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. അന്നു അദ്ദേഹം യറവാദാ ജെയിലിലാണ് താമസിച്ചിരുന്നതു്. അവിടെവച്ചു 1932 സെപ്തംബർ20-നു- അദ്ദേഹം നിരാഹാരവ്രതംതുടങ്ങി. ഹരിജനങ്ങൾക്കുവേണ്ടി ഒരു കാര്യം സാധിപ്പാനാണ് മഹാത്മാവു നിരാഹാരവ്രതം അനുഷ്ഠിച്ചതു്. അക്കാര്യം അദ്ദേഹത്തിന്റെ ഇഷ്ടംപോലെ തീർന്നതിനാൽ ആ മാസം 26-നു- അദ്ദേഹം നിരാഹാരവ്രതം നിറുത്തിവച്ചു. ഭാരതമാതാവിന്റെ എന്നു മാത്രമല്ല ലോകമാതാവിന്റെ തന്നെയും ഏറ്റവും ഉൽകൃഷ്ടനായ പുത്രനാണ് മഹാത്മജി. അദ്ദേഹം ഒരാദർശപുരുഷനാണ്.

---

---

## I

# സർ ജഗദീശചന്ദ്രബോസ്.

സ്വന്തമായ നേട്ടങ്ങൾകൊണ്ടു ശാസ്ത്രലോകത്തെ ആസകലം ഇളക്കിമറിച്ച ഒന്നാമത്തെ ഭാരതീയൻ നമ്മുടെ കഥാനായകനാണു്.

അദ്ദേഹം 1858 നവംബർ 30-ാനു ജനിച്ചതു. അദ്ദേഹത്തിന്റെ പിതാവിന്റെ പേർ ഭഗവാൻ ചന്ദ്ര ബോസു എന്നായിരുന്നു. യഥാകാലം വിദ്യാഭ്യാസം തുടങ്ങിയ കഥാനായകൻ 1880-ൽ കൽക്കത്ത സവ്വകലാശാലയിലെ ബി. എ. പരീക്ഷ പാസ്സായി. പിന്നെ ഉപരിപഠനാർത്ഥം അദ്ദേഹം ഇംഗ്ലണ്ടിലേക്കു പോയി. അവിടത്തെ വിദ്യാഭ്യാസം പൂർത്തിയാക്കി കഥാനായകൻ ഇവിടെ തിരിച്ചുവന്നു. കൽക്കത്തയിലെ പ്രസിഡൻസി കോളേജിലെ ഒരു പ്രൊഫസരായാണു് അദ്ദേഹം ഒന്നാമതായി ഉദ്യോഗത്തിൽ പ്രവേശിച്ചതു്. അന്നുമുതൽ അദ്ദേഹം ശാസ്ത്രഗവേഷണവുംതുടങ്ങി. ഗവേഷണഫലങ്ങൾ അന്നന്നുതന്നെ മാസികകളിൽ പ്രസിദ്ധീകൃതങ്ങളായി. 1902-ലാണു് ജഗദീശചന്ദ്രന്റെ ഒന്നാമത്തെ പുസ്തകം അച്ചടിക്കപ്പെട്ടതു്. ചേതനവും അചേതനവുമായ വസ്തുക്കൾ എന്നതായിരുന്നു ആ പുസ്തകം. ബോസ് റിസച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നറിയപ്പെടുന്ന

ഗവേഷണ മന്ദിരമാണ് അദ്ദേഹം ലോകത്തിനു തന്നിട്ടുള്ള ഏറ്റവും വിലപിടിച്ച സ്വത്തു്. 1917 ലാണ് ഇതു് സ്ഥാപിതമായതു്. വിവിധ ശാസ്ത്രങ്ങളും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ അദ്ദേഹം വെളിപ്പെടുത്തിയിരിക്കുന്നു. ഗവേഷണഫലങ്ങളും 9 സഞ്ചികളിൽ പ്രസിദ്ധീകൃതമായിട്ടുണ്ടു്. അചേതനങ്ങളായ പദാർത്ഥങ്ങൾക്കും ജീവനുണ്ടു് എന്നതാണ് അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങളിൽ മുഖ്യമായതു്.

സർ ജഗദീശനു ഏതാണ്ടു 15 ലക്ഷം ഉറുപ്പിക യോളം സമ്പാദ്യമുണ്ടു്. ശാസ്ത്രീയ ഗവേഷണത്തിനു അദ്ദേഹം നല്ലൊരു തുക നീക്കിവെച്ചിരിക്കുന്നു. രാഷ്ട്രീയകാര്യങ്ങളിലും ചരിത്രനായകനെറ്റ ശ്രദ്ധ പതിഞ്ഞിരുന്നു. ബങ്കാളികളും ബീഹാരികളും തമ്മിലുള്ള വഴക്കു തീർക്കുവാൻ അദ്ദേഹം ഒരു ലക്ഷം ഉറുപ്പിക ബാബുരാജേന്ദ്രപ്രസാദിനെ ഏല്പിച്ചിരിക്കുന്നു. വിദ്യാഭ്യാസാഭിവൃദ്ധിക്കും അദ്ദേഹം നല്ലൊരു തുക നീക്കിവച്ചിട്ടുണ്ടു്.

അദ്ദേഹം 1937 നവംബർ23-ാംനു-ദിവംഗതനായി. ലോകത്തിലെ പ്രഥമഗണനീയനായ ഒരു ശാസ്ത്രജ്ഞനാണ് അദ്ദേഹത്തിന്റെ മരണത്താൽ നഷ്ടപ്പെട്ടതു്.

II

# സർ പി. സി. റോയി.

ബങ്കാളത്തിലെ ജെസോർജില്ലയിൽ 1861 ആഗസ്റ്റ് 2-ാംനു-യാണു് നമ്മുടെ ചരിത്ര നായകൻ ജാതനായതു്. അദ്ദേഹത്തിന്റെ കുടുംബം വളരെ ഉൽകൃഷ്ടമായ ഒന്നാണു്. അദ്ദേഹത്തിന്റെ അച്ഛൻ ഒരു സെമിണ്ടാരായിരുന്നതിനാൽ പഠിപ്പിന്നും മറ്റും അദ്ദേഹത്തിന്നു ആവശ്യമുള്ള പണം എളുപ്പത്തിൽ ലഭ്യമായി.

പ്രഫുല്ലചന്ദ്രൻ എന്നാണു് അച്ഛനമ്മമാർ കുട്ടിക്കു കൊടുത്ത പേർ. റോയി എന്നതു് അദ്ദേഹത്തിന്റെ കുടുംബപ്പേരാണു്.

1870-ൽ റോയികുടുംബം കല്ക്കത്തയിൽ താമസമാക്കി. പ്രഫുല്ലചന്ദ്രനു വിദ്യാഭ്യാസസൌകര്യം ഉണ്ടാവാനാണു് ഇങ്ങിനെ ചെയ്തതു്.

അന്നു സംസ്കൃതകലാശാലയിൽ നിന്നു ബിരുദ നേടുന്നതിനു കോളേജുകളിൽ ചേർന്നു പഠിക്കേണമെന്നു നിർബ്ബന്ധമുണ്ടായിരുന്നില്ല. പ്രസിഡൻസി കോളേജിലെ പ്രൊഫസർമാരുടെ രസതന്ത്രശാസ്ത്രപ്രസംഗങ്ങളും ഭൌതികശാസ്ത്രപ്രസംഗങ്ങളും കേട്ടു ഗ്രഹിപ്പാൻ പ്രഫുല്ലചന്ദ്രനു സൌകര്യം കിട്ടി. അദ്ദേഹം ബി. എ-ക്കു പഠിച്ചിരുന്ന അവസരത്തിൽ തന്നെ ഇംഗ്ലണ്ടിലെ ഒരു സ്കോളർഷിപ്പു പരീക്ഷക്കു ചേരുകയും അതു ലഭിക്കുകയും ചെയ്തു. സ്കോളർഷിപ്പു കിട്ടിയ ഉടനെ അദ്ദേഹം

ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടു. അവിടെ ചെന്ന് അദ്ദേഹം എഡിൻബറോ സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിയായി ചേർന്ന് രസതന്ത്രശാസ്ത്രം പഠിച്ചു തുടങ്ങി. അങ്ങിനെയിരിക്കുമ്പോൾ 1885-ൽ രസകരമായ ഒരു സംഭവം നടന്നു. "1857-ലെ പട്ടാളലഹളയ്ക്കു മുമ്പും പിമ്പുമുള്ള ഇന്ത്യ" എന്ന വിഷയത്തെ അടിസ്ഥാനമാക്കി എഴുതുന്ന ഏറ്റവും വിശിഷ്ടമായ പ്രബന്ധത്തിന്ന് ഒരു സമ്മാനം കൊടുക്കുന്നതാണെന്നു സർവ്വകലാശാലാധികൃതന്മാർ തീർച്ചയാക്കി. നമ്മുടെ ചരിത്രനായകൻ വളരെ വിശിഷ്ടമായ ഒരു പ്രബന്ധമെഴുതി. അതെത്രയും ശ്ലാഘനീയമായ ഒരു പ്രബന്ധമായിരുന്നു. പക്ഷേ, അതിൽ ബ്രിട്ടീഷുഭരണത്തെപ്പറ്റി ആക്ഷേപിച്ചിരുന്നതു കൊണ്ട് അദ്ദേഹത്തിന്നു സമ്മാനം ലഭ്യമായില്ല.

ഇതിനിടയിൽ അദ്ദേഹം ബി. എസ്സ്. സി. പരീക്ഷ പാസ്സായി. പിന്നെ അദ്ദേഹം രസതന്ത്രത്തിൽ ഏറ്റവും ഉയർന്ന പരീക്ഷ ജയിച്ചു ഒരു ഡോക്ടരായി. ഇന്ത്യയിലേക്കു മടങ്ങിയെത്തിയ ഡോക്ടർ അഖിലേന്ത്യാ വിദ്യാഭ്യാസസർവ്വീസിൽ ഒരു ഉദ്യോഗം കിട്ടുവാൻ ശ്രമിച്ചു. ആ ശ്രമം സഫലമായില്ല.

അദ്ദേഹം കല്ക്കത്തയിലെ പ്രസിഡൻസികോളേജിൽ ഒരു അസിസ്റ്റൻറ പ്രഫസരായി. അദ്ദേഹം ഒരു ഗവേഷകനുമായിരുന്നു. ഗവേഷകൻ എന്ന നിലയിൽ അദ്ദേഹം ലോകപ്രസിദ്ധനായി. ഹിന്ദുരസതന്ത്രചരിത്രം എന്നൊരു പുസ്തകം അദ്ദേഹം എഴുതീട്ടുണ്ട്.

1904-ലും 1912-ലും അദ്ദേഹം യൂറോപ്പ്യാസകലം സഞ്ചരിച്ചു.

ഡോക്ടർ റായി കല്ക്കത്താ പ്രസിഡൻസി കോളേജിലെ രസതന്ത്രപ്രഫസരായിരുന്ന കാലത്തു കല്ക്കത്താ സർവ്വകലാശാലയുടെ വൈസ് ചാൻസലർ സർ. ആശുതോഷ മുക്കർജിയായിരുന്നു. പുതുതായി ഒരു സയൻസുകോളേജു തന്നെ സ്ഥാപിപ്പാൻ സർ. ആശുതോഷന്നു സാധിച്ചു. ആ കോളേജിൽ രസതന്ത്രപ്രൊഫസരായി സർ. പി. സി. റായി നിയമിതനായി. അദ്ദേഹം പിന്നെ ഇന്ത്യൻ കെമിക്കൽ സൊസൈറ്റി സ്ഥാപിച്ചു.

അദ്ദേഹം രാഷ്ട്രീയകായ്ക്കങ്ങളിലും പങ്കുകൊണ്ടിരുന്നു. ഗാന്ധിജിയുടെ സഹപ്രവർത്തകന്മാരായി രണ്ടു സർ. പി. സി. റായിക്രൂടി ഉണ്ടായിരുന്നുവെങ്കിൽ ഇന്ത്യയ്ക്കു സ്വരാജ്യം ഒരു കൊല്ലത്തിന്നകം തന്നെ കൈവരുമായിരുന്നു എന്നാണ് ഒരു യൂറോപ്യൻ പറഞ്ഞിട്ടുള്ളതു്.

സ്വദേശിപ്രസ്ഥാനത്തിൽ അദ്ദേഹത്തിന്നു് അതിരറ്റ ഉത്സാഹമുണ്ടായിരുന്നു. അദ്ദേഹം ധരിച്ചിരുന്നതു് ഏറ്റവും പരുപരുത്ത ഖദറാണു്.

ഒരു ശാസ്ത്രജ്ഞനെന്ന നിലയിൽ അദ്ദേഹത്തിന്റെ വിഖ്യാതി സർവ്വത്ര പരന്നിട്ടുണ്ടു്.

III

# സർ. സി. വി. രാമൻ

പി. സി. റായി രസതന്ത്രവിദഗ്ധനായിരുന്നുവല്ലോ. ജഗദീശചന്ദ്രബോസ് സസ്യശാസ്ത്രത്തിലാണ് ഗവേഷണം നടത്തിയിരുന്നത്. ഭൌതികശാസ്ത്രത്തിലുള്ള ഗവേഷണംകൊണ്ടു ലോകബഹുമാനത്തിന്നർഹനായ ഒരു ഭാരതീയശാസ്ത്രജ്ഞനാണ് സർ സി. വി. രാമൻ.

ചന്ദ്രശേഖരവെങ്കിട്ടരാമൻ എന്നാണ് അദ്ദേഹത്തിന്റെ പേർ. അദ്ദേഹം 1888 നവംബർ 7-ാംനു-യാണ് ജനിച്ചത്. അദ്ദേഹം വിശാഖപട്ടണത്തിലെ എ. വി. എൻ. കോളേജിലും മദ്രാസ്സിലെ പ്രസിഡൻസി കോളേജിലും ചേർന്നു പഠിച്ചു. പിന്നെ അദ്ദേഹം ഇന്ത്യൻ ഫിനാൻസുവകുപ്പിലെ ഒരു ഉദ്യോഗസ്ഥനായി. അവിടെ നിന്ന് അദ്ദേഹം കല്ക്കത്താ സർവ്വകലാശാലയിലെ ഭൌതികശാസ്ത്രപ്രൊഫസരായി. ആ ഉദ്യോഗത്തിലിരിക്കുമ്പോഴും തന്നെയാണ് അദ്ദേഹം ഇന്ത്യൻശാസ്ത്രഗവേഷണസംഘത്തിന്റെ സെക്രട്ടറിയായത്. അദ്ദേഹം കാശിയിലെ ഹിന്തുസർവ്വകലാശാലയിലെ ഹോണറി പ്രൊഫസരായും ബ്രിട്ടീഷ് അസോസിയേഷന്റെ ഹോണറി പ്രാസംഗികനായും ഉദ്യോഗം വഹിച്ചിട്ടുണ്ട്. ഇന്ത്യൻ സയൻസ് കോൺഗ്രസ്സിന്റെ 1928-ലെ വാർഷികസമ്മേളനത്തിൽ അദ്ദേഹമായിരുന്നു അദ്ധ്യക്ഷൻ. ഇന്ത്യൻ ജേണൽ ഓഫ് ഫിസിക്സ് എന്നൊരു മാസിക



സർ. സി. വി. രാമൻ

കയുടെ അധിപനാണ് അദ്ദേഹം. വെളിച്ചം എന്ന വിഷയത്തെപ്പറ്റി അദ്ദേഹം വളരെ പുസ്തകങ്ങളും എഴുതീട്ടുണ്ട്. ഈ വിഷയത്തിൽ അദ്ദേഹം കണ്ടുപിടിച്ച പുതിയ ഒരു തത്വത്തിനു രാമൻ ഇഫക്ട് (Raman

Effect) എന്നാണ് പേർ തന്നെ. ഭൌതികശാസ്ത്രം, സാഹിത്യം, ലോകസമാധാനം എന്നീ വിഷയങ്ങളിൽ ഓരോ കൊല്ലവും പ്രഥമസ്ഥാനം അർഹിക്കുന്ന മാന്യനായ ഒരു സമ്മാനം കൊടുപ്പാൻ ഏർപ്പാടു ചെയ്തിട്ടുള്ള ഒരു സംഘം യൂറോപ്പിലുണ്ട്. നോബൽ എന്നൊരു മഹാനാണ് ആ സംഘം ഏർപ്പാടു ചെയ്തത്. അതുകൊണ്ട് ആ സംഘക്കാർ കൊടുക്കുന്ന സമ്മാനത്തിനു നോബൽ സമ്മാനമെന്നു പേർ. ഭൌതികശാസ്ത്രഗവേഷണത്തിനു് ആ സമ്മാനം കിട്ടീട്ടുള്ള ഏക ഭാരതീയൻ സർ. സി. വി. രാമൻ മാത്രമാണ്. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ യോഗ്യത തെളിയുന്നുണ്ടല്ലൊ.

ശാസ്ത്രഗവേഷണത്തിനു ബംഗ്ളൂരിൽ സ്ഥാപിതമായിരിക്കുന്ന ഇൻസ്റ്റിട്ട്യൂട്ടിലെ ഡയറക്ടരായിരുന്ന സർ. സി. വി. രാമൻ. ഇപ്പോൾ അദ്ദേഹം അവിടത്തെ ഭൌതിക തത്വശാസ്ത്ര പ്രൊഫസരാണ്.

---

## ഡി. സാഹിത്യകോവിദന്മാർ.

### I

## ബങ്കിമചന്ദ്രചാറ്റർജി

ബങ്കാളത്തിലെ 24-പർഗാനകൾ എന്നു പറയുന്ന ജില്ലയിലെ കണ്ടൽപ്പാറ എന്ന സ്ഥലത്തു് 1838 ജൂൺ 27-നു-യാണ് ചരിത്രപുരുഷൻ ജനിച്ചതു്. അദ്ദേഹത്തിന്റെ അച്ഛൻ റായി യാദവചന്ദ്രചാറ്റർജിയാണ്.

അദ്ദേഹം മിഥുനാപുരിയിലെ ഡപ്യൂട്ടികലക്ടരായിരുന്നു. അതുകൊണ്ടു ബങ്കിമചന്ദ്രന്റെ ബാല്യകാലം അദ്ദേഹം നയിച്ചതു് അവിടെയാണു്. മിഥുനപുരിയിലെ സ്കൂളിൽനിന്നു ജയിച്ച കഥാനായകൻ ഹുഗ്ലിയിലെ കോളേജിൽചേർന്നു. അവിടെനിന്നു് അദ്ദേഹം സീനിയർ സ്കോളർഷിപ്പു പരീക്ഷ ജയിച്ചു. 1862-ൽ അദ്ദേഹം പ്രസിഡൻസി കോളേജിൽ ചേർന്നു നിയമം പഠിച്ചുതുടങ്ങി. കല്ക്കത്താ സവ്വകലാശാലയിൽ ബി. ഏ. പരീക്ഷ ജയിച്ചു. ബങ്കിമചന്ദ്രൻ 20-ാമത്തെ വയസ്സിൽ ഡെപ്യൂട്ടിമജിസ്ട്രേറായി. പിന്നെ നാനാ ഉദ്യോഗങ്ങളിലിരുന്നു് അദ്ദേഹം ഗവണ്മെണ്ടിനെ സേവിച്ചു. ഗവണ്മെണ്ടു് അദ്ദേഹത്തിനു റായിബഹദൂരെന്നും സി. ഐ. ഇ എന്നുമുള്ള സ്ഥാനങ്ങളം കൊടുത്തു.

ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിലല്ല ബങ്കിമചന്ദ്രൻ പ്രശംസ നേടീട്ടുള്ളതു്. ഒരു സാഹിത്യകോവിദൻ എന്ന നിലയിലാണു് അദ്ദേഹത്തിനുണ്ടായ കീർത്തിയെല്ലാം. ഒരു വിദ്യാർത്ഥിയായിരുന്ന കാലത്തു തന്നെ അദ്ദേഹം ബങ്കാളി മാസികകളിലേയ്ക്കു ലേഖനങ്ങളം അയച്ചിരുന്നു. ബഹുകാലത്തോളം അദ്ദേഹമായിരുന്നു ബങ്കാളി സാഹിത്യനഭോമണ്ഡലത്തിലെ ഏററവും പ്രകാശമാനമായ തേജഃപുഞ്ജം. അദ്ദേഹത്തിനു് അളവററ സ്വദേശസ്നേഹമുണ്ടായിരുന്നു. ബങ്കിമചന്ദ്രന്റെ ഒന്നാമത്തെ നോവൽ ദുർഗ്ഗേശനന്ദിനി എന്നതാണു്. കപാലകുണ്ഡല, മൃണാളിനി, രജനി, ചന്ദ്രശേഖരൻ, വിഷവൃക്ഷം, കൃഷ്ണകാന്തന്റെ മരണപത്രം, ആനന്ദമഠം,

ദേവി ചൌധുറാണി, സീതാറാം മുതലായവ മറ്റു നോവലുകളാണു്.

മനുഷ്യർ തമ്മിൽ സ്നേഹമായി വർത്തിക്കണമെന്നാണു് അദ്ദേഹം ഉപദേശിച്ചതു്. സ്വാർത്ഥപരിത്യാഗമാകുന്ന പാറയിന്മേലാണു് ദേശീയതയെന്ന സൌധം പണിചെയ്തിരിക്കുന്നതെന്നു് അദ്ദേഹം പ്രഖ്യാപനം ചെയ്തു. ആത്മാഭിമാനത്തേയും ആത്മവിശ്വാസത്തേയും അദ്ദേഹം പുനരുജ്ജീവിപ്പിച്ചു. കൃഷീവലന്മാരുടെ പേരിൽ ജനനേതാക്കളുടെ ശ്രദ്ധ പതിപ്പിച്ചതു് അദ്ദേഹമാണു്.

അദ്ദേഹത്തിന്റെ വന്ദേമാതരം എന്ന ഗാനം ഭാരതീയരാഷ്ട്രീയ പ്രവർത്തനത്തിൽ സുപ്രസിദ്ധമാണു്. അതു് ആനന്ദമഠം എന്ന നോവലിൽനിന്നാണു് എടുത്തിട്ടുള്ളതു്.

വംഗദർശനം, പ്രചാർ, എന്നീ പത്രങ്ങളുടെ അധിപരുമായിരുന്നു അദ്ദേഹം.

സുയ്യപുരുഷൻ 1894-ൽ ഐഹികവാസം വെടിഞ്ഞു. അതോടുകൂടി ഭാരതമാതാവിന്റെ മറ്റൊരു ഉത്തമ സന്താനം നഷ്ടമായി.

---

II

# മിസിസ്സ് സരോജിനിനായിഡു.

നൈസാമിന്റെ തലസ്ഥാനമായ ഹൈദരാബാദ് എന്ന നഗരത്തിൽ 1879-ഫെബ്രുവരി 13-ാംനു-യാണ് സരോജിനി ജാതയായതു്. ചെറുപ്പകാലത്തെ വിദ്യാഭ്യാസം സ്വദേശത്തുതന്നെയാണ് നടന്നതു്. പിന്നെ ഇവർ ഉപരിപഠനാർത്ഥം ഇംഗ്ലണ്ടിലേയ്ക്കു പോയി. അവിടെ ഇവർ ലണ്ടനിലെ കിംഗ്സ് കോളേജിലും, കെംബ്രിഡ്ജിലെ ഒരു കോളേജിലും പഠിച്ചു. ഇംഗ്ലണ്ടിൽ സാഹിത്യപോഷണത്തിനു് ഒരു സംഘമുണ്ടു്. ആ സംഘക്കാർ ഇവരെ 1914-ൽ അതിലെ ഒരംഗമാക്കി. ഇംഗ്ലീഷുഭാഷയിൽ ഈ മഹതി മൂന്നു പദ്യകൃതികളും രചിച്ചിട്ടുണ്ടു്. അവ ഗോൾഡൻ ത്രെഷോൾഡ്, ദി ബെർഡ് ഓഫ് ടൈം, ദി ബ്രോക്കൻവിംഗ് എന്നിവയാണു്. അവ സാഹിത്യകാരന്മാരുടെ അതിരറ്റ പ്രശംസയ്ക്കു പാത്രമായിരിക്കുന്നു. അവയുടെ ഗുണം കണ്ടു് അവയെ ഇന്ത്യയിലെ സാഹിത്യകാരന്മാർ അവരവരുടെ മാതൃഭാഷകളിലേയ്ക്കു ഭാഷാന്തരംചെയ്തിട്ടുണ്ടു്. അവയെ യൂറപ്യൻ സാഹിത്യകാരന്മാർ അവരുടെ മാതൃഭാഷകളിലേയ്ക്കും വിവർത്തനംചെയ്യുകയുണ്ടായി.

ഇങ്ങിനെ സാഹിത്യത്തിൽ മാത്രമല്ല ഈ മഹതിക്കു സ്ഥാനമുള്ളതു്. ഭാരതീയ ജനാവലിക്കു് അഭൂതപൂർവകരമായ ഏതു പ്രസ്ഥാനത്തിലും ഇവർ മുന്നിൽനിന്നു പ്രവർത്തിക്കുന്നു.

മഹാത്മാ ഗാന്ധിയാണു് ഇവരുടെ രാഷ്ട്രീയഗുരു. ഇവരുടെ ആത്മീയ ഗുരുവും അദ്ദേഹമാണു്.

ഭാരതീയർക്കു് സാമാന്യജനങ്ങളിൽ ഒരാൾക്കു കൊടുക്കാവുന്ന ഏറ്റവും മാന്യമായ പദവി ഭാരതീയ മഹാജനസഭയുടെ അദ്ധ്യക്ഷസ്ഥാനമാണു്. നമ്മുടെ കഥാനായികയ്ക്കു് ആ സ്ഥാനവും 1925-ൽ ലബ്ധമാവുകയുണ്ടായി. വിനീതയായ ഒരു സ്ത്രീയ്ക്കു് അനുയോജ്യമായ തരത്തിലുള്ള ഒരു പ്രസംഗം തന്നെയാണു് അവർ അന്നു ചെയ്തതു്.

ഭാരതമാതാവിന്റെ ഏറ്റവും ഉത്തമപുത്രിയായ ഈ മഹതി ഇനിയും ബഹുകാലം ജീവിച്ചിരിക്കുമാറാകട്ടെ.

---

## III

# രവീന്ദ്രനാഥടാഗോർ

സാഹിത്യം മുതലായ വിഷയങ്ങളിൽ പ്രഥമഗണനീയരായവർക്കു കൊടുപ്പാൻ നിശ്ചയിച്ചിട്ടുള്ള ഒരു സമ്മാനമാണു് നോബൽ സമ്മാനമെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. നോബൽസമ്മാനത്തിനു് അർഹനായ ഏക ഭാരതീയ സാഹിത്യകാരൻ ചരിത്രപുരുഷനാണു്. സാഹിത്യലോകത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനം അതുകൊണ്ടുതന്നെ സുവിദിതമാണല്ലോ.

അദ്ദേഹം 1861-ലാണു ജനിച്ചതു്. ചെറുപ്പകാലത്തെ വിദ്യാഭ്യാസം സ്വഭവനത്തിൽ വെച്ചു തന്നെ



യാണ് നടന്നത്. അദ്ദേഹം അധിക കാലം സ്കൂളിലോ കോളേജിലോ പഠിക്കുകയുണ്ടായിട്ടില്ല. അദ്ദേഹത്തിനു സർവ്വകലാശാലക്കാരുടെ ബിരുദമില്ല. ചെറുപ്പകാലത്തു കുറച്ചധികമായിരുന്ന താമസം. പിന്നെ അച്ഛന്റെ സമ്പത്തുക്കളെ ഭരിപ്പാൻ വേണ്ടി അവിടെനിന്നു മാറിത്താമസിച്ചു. അവിടെവെച്ചാണ് അദ്ദേഹം കൃതികളിലധികഭാഗവും രചിച്ചത്. അദ്ദേഹത്തിന്റെ നാല്പതാമത്തെ വയസ്സിൽ അദ്ദേഹം ശാന്തിനികേതനത്തുചെന്നു ലോകപ്രസിദ്ധമായ വിശ്വഭാരതി എന്ന പാഠശാല സ്ഥാപിച്ചു. പിന്നീടുള്ള അദ്ദേഹത്തിന്റെ പ്രധാന പ്രവൃത്തി ഈ സ്കൂളിന്റെ മേൽനോട്ടമാണ്. അദ്ദേഹം ഇംഗ്ലണ്ടിൽ ചെന്ന് അവിടെ വെച്ചു തന്റെ ബങ്കാളി കവിതകളെ ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തി. രവീന്ദ്രനാഥ ടാഗോർ ബങ്കാളിഭാഷയിൽത്തന്നെ 150-കൃതികളം രചിച്ചിട്ടുണ്ട്. ബങ്കാളിഭാഷയിൽ അദ്ദേഹം ഏകദേശം 3000 പാട്ടുകളും നിർമ്മിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികളിൽ പ്രധാനമായതു ഗീതാഞ്ജലിയാകുന്നു. ഈ ഗീതാഞ്ജലിക്കാണ് 1913-ൽ അദ്ദേഹത്തിനു നോബൽസമ്മാനം സിദ്ധമായതു്.

ബ്രിട്ടീഷുഗവണ്മെണ്ടു് അദ്ദേഹത്തിനു 'സർ' എന്ന സ്ഥാനം കൊടുത്തിരുന്നു. ഇന്ത്യയിലെ നിസ്സഹകരണപ്രസ്ഥാനകാലത്തു് അദ്ദേഹം ആ സ്ഥാനം ഉപേക്ഷിച്ചു.

ഏഷ്യയിലെ മഹാകവി എന്നാണ് അദ്ദേഹത്തെ ലോകം കൊണ്ടാടുന്നതു്.

I

# സർ. സുരേന്ദ്രനാഥബാനർജ്ജി.

ബങ്കാളത്തിലെ ഒരു കുലീന ബ്രാഹ്മണനായ ദുർഗ്ഗാചരണ ബാനർജിയായിരുന്ന ചരിത്രപുരുഷന്റെ അച്ഛൻ. 1848-ലാണ് സർ സുരേന്ദ്രനാഥൻ ജാതനായത്. അദ്ദേഹം യഥാകാലം വിദ്യാഭ്യാസം തുടങ്ങുകയും 1867-ൽ കല്ക്കത്താ സർവ്വകലാശാലയിലെ ബി. ഏ. പരീക്ഷ ജയിക്കുകയും ചെയ്തു. 1868-ൽ ചരിത്രപുരുഷൻ ഐ. സി. എസ്സ്. പരീക്ഷയിൽ ചേരുവാൻ വേണ്ടി ഇംഗ്ലണ്ടിലേയ്ക്കു പോയി. ആ പരീക്ഷയിൽ അദ്ദേഹം സൂത്യർഹമാം വണ്ണം ജയിച്ചു. ഇന്ത്യയിൽ തിരിച്ചെത്തിയ അദ്ദേഹം സിൽഹറിൽ ഒരു മജിസ്ട്രേറായി. എങ്കിലും അധികം താമസിക്കാതെ അദ്ദേഹം സക്കാരുദ്യോഗത്തിൽ നിന്നു പിരിഞ്ഞു. പിന്നെ അദ്ദേഹം ഒരു കോളേജിലെ ഇംഗ്ലീഷുപ്രഫസരായി പണി നോക്കി. അദ്ദേഹമാണ് പിന്നീടു റിപ്പൺകോളേജു സ്ഥാപിച്ചതു്. ഒരദ്ധ്യാപകൻ എന്ന നിലയിൽ അദ്ദേഹത്തെ ബങ്കാളത്തിലെ ആർനോൾഡ് എന്നാണു ജനങ്ങൾ വിളിക്കുന്നതു്.

1876-ൽ അദ്ദേഹം കല്ക്കത്തയിലെ ഇന്ത്യൻ അസോസിയേഷൻ സ്ഥാപിച്ചു. ഇന്ത്യയുടെ ഭരണസംബന്ധമായി സ്വാതന്ത്ര്യം കിട്ടേണമെന്നു വാദിക്കുകയായിരുന്ന അസോസിയേഷന്റെ ഉദ്ദേശം.

"ബങ്കാളി" എന്ന പത്രത്തിന്റെ അധിപസ്ഥാനം 1879-ൽ നമ്മുടെ ചരിത്രപുരുഷൻ ഏറ്റെടുത്തു. അന്നു മുതൽക്കാണ് അതൊരു പ്രതിദിനപത്രമായത്. 1883-ൽ അദ്ദേഹം പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒരു കുറിപ്പിൽ കല്ക്കത്താ ഹൈക്കോടതിയെ ആക്ഷേപിച്ചു എന്നൊരു കേസ്സു അദ്ദേഹത്തിന്റെ പേരിൽ ഉണ്ടാവിച്ചു. അതിന്റെ ഫലമായി അദ്ദേഹത്തിനു രണ്ടു മാസം സിവിൽജെയിലിൽ കിടക്കേണ്ടിവന്നു.

1885-ലാണല്ലൊ ഭാരതമഹാജനസഭ സ്ഥാപിതമായത്. ഇംഗ്ലണ്ടിൽ കോൺഗ്രസ്സിനു വേണ്ടി പ്രചരണവേല നടത്തുവാൻ ഇവിടെ നിന്നു കുറെ മാന്യന്മാർ പോകയുണ്ടായി. അവരിലൊരാൾ ചരിത്രനായകനായിരുന്നു. അവർ ഒന്നാമതായി പ്രസംഗിച്ചതു് ലണ്ടനിലായിരുന്നു. അന്നു ചരിത്രനായകൻ ചെയ്ത പ്രസംഗം എത്രയും ശ്രദ്ധേയമായ ഒന്നായിരുന്നു. അന്നു് അദ്ദേഹം 30 സ്ഥലങ്ങളിൽ പ്രസംഗിക്കുകയുണ്ടായി. 1890-ൽ അദ്ദേഹം ഇന്ത്യയിലേക്കു മടങ്ങി.

1897-ൽ ഇന്ത്യയിൽ വളരെ ശക്തിമത്തായ ഒരു പ്രക്ഷോഭമുണ്ടായി. ബാലഗംഗാധരതിലകന്റെ പേരിലുണ്ടായ ഒന്നാമത്തെ കേസ്സായിരുന്നു അതു്. ഭാരതമഹാജനസഭയുടെ അക്കൊല്ലത്തെ സമ്മേളനത്തിൽ അക്കാര്യത്തെപ്പററി ഒരു പ്രമേയം അവതരിപ്പിച്ചതു് ചരിത്രനായകനായിരുന്നു.

1905-ലാണല്ലൊ ബങ്കാളം വിഭജനംനടന്നതു്. അതിനെപ്പററിയുണ്ടായ പ്രക്ഷോഭണത്തിൽ ചരിത്രനായകൻ



സർ സുരേന്ദ്രനാഥബാനർജി

മുൻ നിന്നു പ്രവർത്തിച്ചിരുന്നു. അന്നു ചരിത്രനായകനെ ഗവണ്മെണ്ടു തടവിലാക്കുകയുണ്ടായി.

ലണ്ടനിൽ വച്ചു ഒരു സാമ്രാജ്യപത്രപ്രവർത്തക മഹാ
യോഗം കൂടുകയുണ്ടായി. അന്നു ചരിത്രനായകൻ അവിടെ
സന്നിഹിതനായിരുന്നു. അന്നു് അദ്ദേഹം ചെയ്ത പ്രസം
ഗത്തെ ലണ്ടൻടൈംസു് മുതലായ പത്രങ്ങൾ കൂടി അഭി
നന്ദിച്ചു.

ബങ്കാളം വിഭജനം റദ്ദാക്കിയ വിവരം സുപ്രസിദ്ധ
മായ ദൽഹി ദർബാറിൽ വച്ചു ചക്രവർത്തി അരുളിച്ചെയ്ത
പ്പോൾ ചരിത്രപുരുഷൻ ചെയ്ത പ്രയത്നം സഫലമായി.

1914-ൽ തുടങ്ങിയ യൂറോപ്യൻ യുദ്ധകാലത്തു് ഇംഗ്ല
ണ്ടിനെ സഹായിക്കുന്നതു് ഇന്ത്യയുടെ കടമയാണെന്നു
ബാനർജി തന്റെ പത്രമുഖേന ജനങ്ങളോടു് ഉപ
ദേശിച്ചു.

അദ്ദേഹം 8 കൊല്ലത്തോളം ബങ്കാളിലെ നിയമ
നിർമ്മാണസഭയിൽ അംഗമായിരുന്നിട്ടുണ്ടു്. സാമ്രാജ്യ
നിയമസഭയിലും അദ്ദേഹം അംഗമായിരുന്നു.

മഹായുദ്ധത്തിനുശേഷമുണ്ടായ ഭരണപരിഷ്കാരപ
ദ്ധതിയെ സ്വീകരിക്കേണമെന്നായിരുന്നു ചരിത്രപുരു
ഷന്റെ അഭിപ്രായം. അങ്ങിനെയുള്ള അഭിപ്രായമുണ്ടാ
യിരുന്നവരെ മിതവാദികൾ എന്നു പറഞ്ഞുവരുന്നു.
1919 നവംബറിൽ ബാംബെയിൽവച്ചു മിതവാദികളുടെ
ഒരു സഭ നടന്നു. അതിൽ ചരിത്രപുരുഷനായിരുന്നു
അദ്ധ്യക്ഷൻ. അന്നു അദ്ദേഹം ഗംഭീരമായ ഒരു പ്രസംഗം
ചെയ്തു. മിതവാദികൾ പിന്നെ ഭാരതമഹാജനസഭയിൽ

നിന്നു പിരിഞ്ഞു. ചരിത്ര പുരുഷൻ വീണ്ടും ബങ്കാഠം നിയമനിർമ്മാണ സഭയിലെ അംഗമായി. 1921-ൽ അദ്ദേഹം ബങ്കാളത്തിലെ പ്രധാനമന്ത്രിയുമായി. ആ നിലയിൽ അദ്ദേഹം ചെയ്ത പ്രവൃത്തികൾ എത്രയും സ്തുത്യർഹങ്ങളാണു്. മന്ത്രിപദത്തിൽനിന്നു പിരിഞ്ഞു അദ്ദേഹം വളരെ കാലം ജീവിച്ചിരുന്നില്ല. 1925 ആഗസ്റ്റ് 6-ാംനു- അദ്ദേഹം ചരമഗതിപ്രാപിച്ചു.

---

## II

# ബാലഗംഗാധരതിലകൻ.

ബോംബെ സംസ്ഥാനത്തിലെ രത്നഗിരി എന്ന ചെറിയ പട്ടണത്തിൽ 1856 ജൂലായി 23-ാംനു-യാണു് കഥാപുരുഷൻ ജാതനായതു്. അദ്ദേഹത്തിന്റെ അച്ഛൻ ഗംഗാധരരാമചന്ദ്രതിലകനായിരുന്നു. യഥാകാലം വിദ്യാഭ്യാസം തുടങ്ങിയ തിലകൻ 1879-ൽ ബോബെ സർവ്വകലാശാലയിലെ നിയമപരീക്ഷ ജയിച്ചു.

പിന്നെ അദ്ദേഹം മറ്റു ചില സ്നേഹിതന്മാരുടെ സഹായത്തോടുകൂടി പൂനയിൽ പുതിയ ഒരു ഇംഗ്ലീഷു സ്കൂൾ സ്ഥാപിച്ചു അതിലെ അദ്ധ്യാപകനായി. അന്നു തന്നെ അവർ കേസരിയെന്നും, മറാട്ടിയെന്നും രണ്ടു പത്രങ്ങളും തുടങ്ങി. ആ പത്രങ്ങളിൽ അവർ കൊൽഹാപൂരം രാജാവിന്റെ നേരെ ബ്രിട്ടീഷുഗവണ്മെണ്ടു എടുത്ത നയത്തെപ്പറ്റി ആക്ഷേപിച്ചു. അതിനു തിലകൻ

4 മാസത്തെ വെറും തടവുശിക്ഷ കിട്ടി. 1885 വരെ അദ്ദേഹം ഫെർഗ്യൂസ്സൻ കോളേജിലെ ഒരു പ്രൊഫസറായിരുന്നു. 1890-ൽ അദ്ദേഹം ആ സ്ഥാനം രാജിവച്ചു.

പിന്നെ അദ്ദേഹത്തിനു രാഷ്ട്രീയ കാര്യങ്ങളിൽ പങ്കെടുക്കുവാൻ പൂർവ്വാധികം സൌകര്യം കിട്ടി. വിവാഹകാര്യത്തിൽ വധൂവരന്മാരുടെ വയസ്സു ക്ലിപ്തം ചെയ്യേണമെന്നു ഒരു നിയമം പാസ്സാക്കാൻ ഗവണ്മെണ്ടു ഉദ്ദേശിച്ചതിനെ അദ്ദേഹം ആക്ഷേപിച്ചു. അന്നു അദ്ദേഹം കേസരിയുടെ പത്രാധിപരാണു്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളാൽ ആ പത്രത്തിനു പൂർവ്വാധികമായ പ്രാബല്യം സിദ്ധമായി.

1892-ൽ അദ്ദേഹം ചരിത്രപ്രസിദ്ധമായ 'ഓറിയൻ' എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി.

അന്നു ഹിന്തുക്കളും മുസ്ലീമുകളും തമ്മിൽ ഇടയ്ക്കിടെ മത്സരമുണ്ടായിരുന്നു. അതിൽ ഇറങ്ങി പ്രവർത്തിച്ചിരുന്നതുകൊണ്ടു തിലകർ ബോംബെ ഗവണ്മെണ്ടിന്റെ അതൃപ്തിക്കു പാത്രമായി. ശിവാജിയുടെ സ്മാരകമായി ചില ആഘോഷങ്ങൾ നടത്തേണമെന്നു അദ്ദേഹം "കേസരി"യിലെഴുതി. അതും ഗവണ്മെണ്ടിനിഷ്ടമായില്ല.

1896 ലും, 1897 ലും മഹാരാഷ്ട്രത്തിൽ അതികഠിനമായ ക്ഷാമവും പ്ലേഗും ബാധിച്ചു. അവയെ നിവാരണം ചെയ്യാൻ തിലകർ അഹോരാത്രം പ്രവർത്തിച്ചു. ഗവണ്മെണ്ടിന്റെ പ്രവൃത്തികളെ അദ്ദേഹം ധാരാളമായി സഹായിക്കുകയും ചെയ്തു.

ശിവാജി സ്മാരകമായി നടത്തിയ ആഘോഷത്തെപ്പറ്റി "കേസരി"യിൽ രാജ്യാഭിമാനത്തെ ഉദ്ദീപിപ്പിക്കുന്ന ഒരു ലേഖനം പ്രസിദ്ധം ചെയ്യപ്പെട്ടു. അതു കഴിഞ്ഞു 10 ദിവസത്തിനുള്ളിൽ രണ്ടു ഇംഗ്ലീഷുകാർ ഹതരായി. "കേസരി"യിലെ ലേഖനവും ഈ വധവും തമ്മിൽ എന്തോ ബന്ധമുണ്ടെന്നു ഗവണ്മെണ്ടു സംശയിച്ചു തിലകരെ അറസ്റ്റുചെയ്തു. അന്നു അദ്ദേഹത്തിനെ 18 മാസത്തെ കഠിനതടവിനു ശിക്ഷിച്ചു. പക്ഷേ, അക്കാലം മുഴുവൻ കഴിയുന്നതിനു മുമ്പു അദ്ദേഹം ബന്ധനവിമുക്തനായി.

അങ്ങിനെയിരിക്കുമ്പോഴാണു് തായ്മഹാരാജന്റെ കേസ്സുണ്ടായതു്. തായിമഹാരാജന്റെ ഭർത്താവു തിലകരുടെ ഒരു ഉത്തമ സ്നേഹിതനായിരുന്നു. അദ്ദേഹത്തിന്റെ സ്വത്തുക്കളെ സംബന്ധിച്ചു അദ്ദേഹം ഒരു ഒസ്യത്തെഴുതി. ആ ഒസ്യത്തു തനിക്കു വിരോധമായ വിധത്തിലാണെന്നായിരുന്നു തായിമഹാരാജന്റെ ആക്ഷേപം. അങ്ങിനെ ഒസ്യത്തെഴുതാൻ ഭർത്താവിനെ പ്രേരിപ്പിച്ചതു തിലകരായിരുന്നുവെന്നു ആ വിധവ വാദിച്ചു. അതിൽ മജിസ്ട്രേട്ടു തിലകർക്കു 18 മാസത്തെ തടവുശിക്ഷ വിധിച്ചു. ഹൈക്കോടതി ആ വിധി റദ്ദാക്കി.

ഭാരതമഹാജനസഭയിൽ അദ്ദേഹം ഒരംഗമായി വളരെ കാലേതന്നെ ചേർന്നു. 5 കൊല്ലത്തോളം അദ്ദേഹം ഭാരതമഹാജനസഭയുടെ സെക്രട്ടറിയായിരുന്നു. 1895-ലെ സമ്മേളനത്തിൽ അദ്ദേഹമായിരുന്നു സ്വീകരണസംഘാദ്ധ്യക്ഷൻ. 1907 മുതൽ ഭാരതമഹാജനസഭക്കാർ രണ്ടു കക്ഷികളായി പിരിഞ്ഞു. അതിലൊരു കക്ഷി

ക്കാരെ ഉൽപ്പതിഷ്ണുക്കൾ എന്നു പറഞ്ഞുവന്നു. അവരുടെ നേതാവായിരുന്ന തിലകർ. അന്നു ബങ്കാളത്തിൽ അരാജകതത്ത്വത്തിന്റെ ചില ലക്ഷണങ്ങൾ കണ്ടുതുടങ്ങി. അതിനെക്കുറിച്ച് തിലകർ കേസരിയിൽ കുറെ ലേഖനങ്ങളെഴുതി. അവയെ ആസ്പദമാക്കി ഗവണ്മെണ്ടു അദ്ദേഹത്തെ അറസ്റ്റുചെയ്തു തടവിൽ പാർപ്പിച്ചു. അന്നു ബോംബെ ഹൈക്കോടതി അദ്ദേഹത്തിന്നു 6 കൊല്ലത്തെ നാടുകടത്തൽ ശിക്ഷയും 1,000 ഉറുപ്പിക പിഴയും വിധിച്ചു. അദ്ദേഹത്തെ അന്നു ബർമ്മായിലെ മാണ്ടലെയിലാണ് താമസിപ്പിച്ചതു്. 1914-ൽ അദ്ദേഹം ബന്ധനവിമുക്തനായി. മഹാജനസഭയിലെ കക്ഷിക്കാർ തമ്മിൽ പിന്നെ അദ്ദേഹം ഒരു യോജിപ്പുമുണ്ടാക്കി.

അനന്തരം അദ്ദേഹം നാടെങ്ങും നടന്നു പ്രസംഗിപ്പാൻ തുടങ്ങി. അപ്പോൾ ഗവണ്മെണ്ടു അദ്ദേഹത്തോടു 40,000 ഉറുപ്പിക ജാമ്യം കെട്ടേണമെന്നാവശ്യപ്പെട്ടു. ബോംബെ ഹൈക്കോടതി ആ സംഖ്യ മടക്കിക്കൊടുത്തു.

1916-ൽ അദ്ദേഹം പൂനയിൽ മഹാരാഷ്ട്ര ഹോം റൂൾലീഗു സ്ഥാപിച്ചു.

1918-ൽ തിലകർ ഇംഗ്ലണ്ടിലേക്കു പോയി. അവിടെ ചെന്നു അദ്ദേഹം സർ വാലൻടൈൻ ഷിറോൾ എന്ന ഇംഗ്ലീഷുകാരന്റെ പേരിൽ തന്നെക്കുറിച്ചു അപകീർത്തിപരമായി എഴുതിയെന്നുവെച്ചു് ഒരു മാനനഷ്ടക്കേസ്സു കൊടുത്തു. നിർഭാഗ്യവശാൽ അതിൽ അദ്ദേഹം തോല്ക്കുകയാണുണ്ടായതു്. 1919-ൽ അദ്ദേഹം ഇന്ത്യയിലേക്കു മടങ്ങി. 1920-ലെ ഭാരതമഹാജനസഭയുടെ പ്ര

ത്യേകസമ്മേളനത്തിൽ തിലകർ അദ്ധ്യക്ഷനാകേണ്ടതായിരുന്നു. പക്ഷേ, അതിൽ സന്നിഹിതനാകാൻ ഇടയാകാതെ തന്നെ അദ്ദേഹം 1920 ജൂലായി 31-ാംനു- കാലധർമ്മം പ്രാപിച്ചു. ജനങ്ങളുടെ ഒരു യഥാർത്ഥ നേതാവായി അവതരിച്ച ഒരാളായിരുന്നു തിലകർ.

---

## എഫ്. വ്യവസായപ്രമുഖന്മാർ

ഇന്ത്യയിലെ വ്യവസായനേതാവു ജാംസറ്റ്ജി നസറവഞ്ജിടാറ്റാ എന്ന മഹാനായിരുന്നു. അദ്ദേഹം സ്വരാജ്യമായ ബറോഡയിൽ 1839-ൽ ജാതനായി. അദ്ദേഹം ഒരു പാഴ്സിയാണ്. 13-ാമത്തെ വയസ്സു വരെ വിദ്യാഭ്യാസം സ്വദേശത്തു തന്നെ നടത്തി അദ്ദേഹം ബോംബയിലേക്കു പോയി. 1858-ൽ അദ്ദേഹത്തിന്റെ ഇംഗ്ലീഷുവിദ്യാഭ്യാസം കഴിഞ്ഞു. അന്നു് ഇന്ത്യയിൽ ഒരൊറ്റ സർവ്വകലാശാലയെങ്കിലും സ്ഥാപിതമായിരുന്നില്ല.

വിദ്യാഭ്യാസത്തിനു ശേഷം അദ്ദേഹം കച്ചവടത്തിനായി ഹോംഗ്കോംഗിലേക്കു പോയി. അന്നു് കറപ്പായിരുന്നു പ്രധാന വിക്രയസാധനം. അങ്ങിനെയിരിക്കുമ്പോഴാണു് ഇന്ത്യയിൽ പഞ്ഞിക്കു വില ക്രൂടിയതു്. അപ്പോഴാണു് ചരിത്രനായകൻ ബോംബെയിലെത്തി ഒരു പഞ്ഞിവ്യാപാരക്കമ്പനി ഏർപ്പെടുത്തി. ഈ വ്യാപാരത്തിലുള്ള ലാഭം 2 കൊല്ലത്തേക്കു മാത്രമേ നിലനിന്നുള്ളു.

പിന്നെ അദ്ദേഹം ചില സ്നേഹിതന്മാരുടെ സഹായത്തോടുകൂടി ബോംബെയിൽ ചെറിയ ഒരു പരുത്തിവ്യവസായശാല സ്ഥാപിച്ചു. അതു കഴിഞ്ഞു അദ്ദേഹം ഇംഗ്ലണ്ടിൽ ചെന്നു മാൻചസ്റ്ററിലെ പരുത്തിവ്യവസായശാലകളം സന്ദർശിച്ചു.

ഇന്ത്യയിലേക്കു മടങ്ങിയ ശേഷം അദ്ദേഹം നാഗപുരത്തു മറെറാരു പരുത്തിവ്യവസായശാല സ്ഥാപിച്ചു. 1857-ലാണു് ഈ ശാലസ്ഥാപിച്ചതു്. അതിനു ശേഷം അദ്ദേഹം ബോംബെ നഗരത്തിൽനിന്നു കുറെ അകലെ ഒരു സ്ഥലത്തു മറെറാരു മില്ലും സ്ഥാപിച്ചു. മില്ലുകളിൽ നെയ്യുണ്ടാകുന്ന സാമാനങ്ങളം എളുപ്പത്തിൽ വിറഴിയുവാനുള്ള മാർഗ്ഗങ്ങളും അദ്ദേഹം അനേഷിച്ചിരുന്നു.

അദ്ദേഹത്തിനുണ്ടായ ആദായത്തിൽ ഒരു ഭാഗം പൊതുജനങ്ങളുടെ ആവശ്യത്തിനു ഉപയോഗിക്കേണമെന്നു അദ്ദേഹം തീർച്ചയാക്കി. ബി. ഏ. പാസ്സായ ഇന്ത്യാക്കാരെ ഇംഗ്ലണ്ടിലേക്കയച്ചു പഠിപ്പിക്കുന്നതിനു അദ്ദേഹം വളരെ വലിയൊരു തുക നിക്ഷേപിച്ചു. ആ സംഖ്യയുടെ സഹായം കൊണ്ടു ഇന്നേവരെ അമ്പതോളം ആളുകളം ഇംഗ്ലണ്ടിൽ ചെന്നു പഠിച്ചു വന്നിട്ടുണ്ടു്.

അദ്ദേഹം ചെയ്ത മറെറാരു മഹനീയകൃത്യം ഇന്ത്യയിൽ ഒരു ശാസ്ത്രതത്വാനേഷണസംഘത്തെ ഒന്നാമതായി സ്ഥാപിച്ചതാണു്. ബങ്കളൂരിലുള്ള ശാസ്ത്രതത്വാനേഷണശാലയെപ്പററിയാണു് ഇവിടെ പറഞ്ഞതു്. അതിനു ചരിത്രപുരുഷൻ 30 കോടി ഉറുപ്പിക ദാനം ചെയ്തിട്ടുണ്ടു്.

ജംഷഡ്പൂരത്തിലെ ഇരിമ്പു വ്യവസായശാല ചരിത്രനായകനാണു തുടങ്ങിയതു്. അതു തുടങ്ങിയതു് 1908-ലായിരുന്നു. വ്യവസായശാലയ്ക്കു 2 ചതുരശ്ര നാഴിക വിസ്താരമുണ്ടു്.

ബോംബെയിലെ മില്ലുകളിൽ വിദ്യുച്ഛക്തി ഉപയോഗിക്കേണമെന്നു ആഗ്രഹിച്ചു് അതിലേക്കു വേണ്ടുന്ന ഏർപ്പാടുകളും അദ്ദേഹം ചെയ്തുവന്നു.

ഇന്ത്യയുടെ സന്താനങ്ങളിൽ ഏറ്റവും യോഗ്യനാണു് അദ്ദേഹമെന്നുതന്നെ പറയണം.

അദ്ദേഹം ഒരു വാതരോഗിയായിരുന്നു. ഡോക്ടർമാരുടെ അഭിപ്രായപ്രകാരം അദ്ദേഹം ജർമ്മനിയിലെ "നാഹിം" എന്ന പട്ടണത്തിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ 1904-ൽ ദിവംഗതനായി.

ബോംബെയിലുള്ള ഇന്ത്യൻ പെനിൻസുലാർ റെയിൽവെ മന്ദിരത്തിന്റെ മുമ്പിൽ ചരിത്രനായകന്റെ ഒരു പ്രതിമ സ്ഥാപിച്ചിരുന്നു.

ശുഭം.

Vidya Vilasam Press, Trivandrum.

587